കേരള സർക്കാർ

# നവകേരളം കർമപദ്ധതി
# പ്രവർത്തന റിപ്പോർട്ട്
## 2024 ജൂൺ

&

# ത്രൈമാസ അവലോകനം
### ഏപ്രിൽ, മേയ്, ജൂൺ

# ഉള്ളടക്കം


| | |
|---|---|
| ഹരിത കേരളം മിഷൻ | 7 |
| ലൈഫ് മിഷൻ | 43 |
| വിദ്യാകിരണം | 46 |
| ആർദ്രം മിഷൻ | 51 |
| മോണിറ്ററിങ് & ഇവാല്യുവേഷൻ | 62 |

## പ്രവർത്തന പുരോഗതി ഒറ്റ നോട്ടത്തിൽ

| പ്രവർത്തനങ്ങൾ | മാർച്ച് വരെ | ഏപ്രിൽ | മേയ് | ജൂൺ | ആകെ |
|---|---|---|---|---|---|
| **ജലസംരക്ഷണം പ്രവർത്തനങ്ങൾ** | | | | | |
| സ്ഥാപിച്ച ജലഗുണനിലവാര നിർണ്ണയ ലാബുകൾ (എണ്ണം) | | | | | 234 |
| ലാബുകൾ നടത്തിയ പരിശോധനകൾ എണ്ണത്തിൽ | 26,721 | 102 | 326 | 379 | 27,528 |
| പുനരുജ്ജീവിപ്പിച്ച നീർച്ചാലുകൾ (കി.മി) | 30177.1 | 776.8 | 1803.5 | 1096.4 | 33853.8 |
| പുനരുജ്ജീവിപ്പിച്ച കുളങ്ങൾ എണ്ണത്തിൽ | 3174 | 70 | 106 | 92 | 3442 |
| നിർമ്മിച്ച കുളങ്ങൾ എണ്ണത്തിൽ | 4762 | 82 | 138 | 79 | 5061 |
| റീചാർജ് ചെയ്ത കിണറുകൾ എണ്ണത്തിൽ | 8388 | 88 | 100 | 104 | 8680 |
| നിർമ്മിച്ച കിണറുകൾ എണ്ണത്തിൽ | 16491 | 324 | 364 | 213 | 17392 |
| നിർമ്മിച്ച സ്ഥിര തടയണകൾ എണ്ണത്തിൽ | 514 | 4 | 20 | 38 | 576 |
| നിർമ്മിച്ച താൽക്കാലിക തടയണകൾ എണ്ണത്തിൽ | 56398 | 889 | 2456 | 624 | 60367 |
| ജല ബജറ്റിനായി തിരഞ്ഞെടുത്ത ഗ്രാമ പഞ്ചായത്തുകൾ | | | | | 443 |
| ജല ബജറ്റ് റിപ്പോർട്ട് പ്രസിദ്ധീകരിച്ച ഗ്രാമ പഞ്ചായത്തുകൾ (എണ്ണം) (*ആദ്യ ഘട്ടത്തിൽ പ്രസിദ്ധീകരിച്ച 94 റിപ്പോർട്ടുകൾ ഉൾപ്പെടെ) | 206* | 10 | 11 | 26 | 253 |
| മാപത്തോൺ പ്രവർത്തനങ്ങൾക്കായി തിരഞ്ഞെടുത്ത പഞ്ചായത്തുകൾ | | | | | 230 |
| മാപത്തോൺ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച പഞ്ചായത്തുകൾ | 212 | - | 2 | | 214 |
| മാപത്തോൺ നീർച്ചാൽ പുനരുജ്ജീവനം (കിമീ) | 674.36 | 92.3 | 278.2 | 194.8 | 1239.7 |
| ജലം പ്രയോജനപ്പെടുത്താൻ ലക്ഷ്യം ഇട്ടിട്ടുള്ള പാറ ക്വാറികളുടെ എണ്ണം. | | | | | |
| **കാർഷിക പരിസ്ഥിതി പുനസ്ഥാപന പ്രവർത്തനങ്ങൾ** | | | | | |
| സ്ഥാപിച്ച പച്ചത്തുരുത്തുകളുടെ എണ്ണം | 2950 | - | 2 | 414 | 3366 |
| പച്ചത്തുരുത്തുകളുടെ ആകെ വിസ്തൃതി (ഏക്കറിൽ) | 856.23 | - | 6.5 | 92.47 | 955.2 |
| തരിശുരഹിത ഗ്രാമം പദ്ധതി - നടത്തുന്ന പഞ്ചായത്തുകൾ | | | | | 164 |
| തരിശുരഹിത ഗ്രാമമായി പ്രഖ്യാപിച്ച ഗ്രാമപഞ്ചായത്തുകൾ | | | | | 7 |
| ഹരിതസമൃദ്ധി വാർഡായി തിരഞ്ഞെടുത്ത വാർഡുകൾ | | | | | 2349 |
| ഹരിതസമൃദ്ധി വാർഡായി പ്രഖ്യാപിച്ച വാർഡുകൾ | | | | | 605 |
| ദേവഹരിതം കൃഷി നടത്തുന്ന ആരാധനാലയങ്ങൾ | | | | | 64 |
| സ്ഥാപനതല കൃഷി നടന്നു വരുന്ന സ്ഥാപനങ്ങൾ | | | | | 66 |
| **ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ** | | | | | |
| ഹരിത ടൂറിസം കേന്ദ്രമായി മാറ്റുന്നതിന് തിരഞ്ഞെടുത്ത ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകൾ | | | | | 107 |
| ഹരിത സ്ഥാപനമായി മാറ്റുന്നതിന് തിരഞ്ഞെടുത്ത സ്ഥാപനങ്ങൾ | | | | | 15000 |
| പരിശോധന നടത്തിയ സ്ഥാപനങ്ങൾ | 13229 | 854 | 256 | 112 | 14451 |
| ഹരിതസ്ഥാപനം പദവിയിലേക്ക് എത്തിക്കാൻ കഴിഞ്ഞ സ്ഥാപനങ്ങൾ | 8518 | 688 | 249 | 519 | 9974 |
| നെറ്റ് സീറോ കാർബൺ - പ്രവർത്തനങ്ങൾ നടക്കുന്ന ത.സ്വ.ഭ സ്ഥാപനങ്ങൾ | | | | | 131 |

# പ്രവർത്തന റിപ്പോർട്ട്

നവകേരളം കർമപദ്ധതി-II ന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വകുപ്പുകളുടേയും ഏജൻസികളുടേയും ഏകോപനത്തോടെ ഹരിതകേരളം മിഷൻ, ലൈഫ് മിഷൻ, വിദ്യാകിരണം, ആർദ്രം മിഷൻ എന്നിവയുടെ 2024 ജൂൺ മാസത്തിൽ നടത്തിയ പ്രവർത്തനങ്ങളും, 2024 ഏപ്രിൽ മുതൽ ജൂൺ വരെയുള്ള ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളുടെ അവലോകനവും ഉൾപ്പെടുത്തിയ റിപ്പോർട്ടാണ് ഇതിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

## ഹരിത കേരളം മിഷൻ

ഹരിത കേരളം മിഷന്റെ പ്രവർത്തന മേഖലകളിൽ സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ മിഷൻ ഏകോപിപ്പിക്കുന്നുണ്ട്. വിവിധ വകുപ്പുകളും ഏജൻസികളും പ്രവർത്തന മേഖലയിലെ വിദഗ്ധരും ചേർന്നാണ് ഇത്തരം പദ്ധതികൾ യാഥാർഥ്യമാക്കുന്നത്. ജനജീവിതത്തിൽ പ്രകടമായ മാറ്റം സൃഷ്ടിക്കുന്നതിനും പ്രാദേശിക തലത്തിൽ വരുമാന വർധനവിനും സഹായകരമായ പ്രവർത്തനങ്ങൾക്കാണ് ഊന്നൽ നൽകുന്നത്.

## ഹരിത കേരളം മിഷൻ- പ്രവർത്തനങ്ങൾ

### 1. നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ - കാമ്പയിൻ

ഹരിതഗൃഹ വാതകങ്ങളുടെ അളവ് കുറച്ച് 2050-ൽ കേരളത്തെ നെറ്റ് സീറോ കാർബൺ അവസ്ഥയിൽ എത്തിക്കുവാനുള്ള പ്രവർത്തനങ്ങൾക്കായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ കാമ്പയിൻ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് 2023 മേയ് മാസം മുതൽ നടന്നു വരികയാണ്.

| നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ - കാമ്പയിൻ | |
|---|---|
| നെറ്റ് സീറോ കാമ്പയിനു വേണ്ടി തിരഞ്ഞെടുത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ | 131 |
| നെറ്റ്സീറോ-അംഗൻജ്യോതിയിൽ ഉൾപെടുത്താൻ വേണ്ടി തിരഞ്ഞെടുത്ത അങ്കണവാടികൾ | 2420 |
| ഊർജ്ജ ഓഡിറ്റിനായി തിരഞ്ഞെടുത്ത സർക്കാർ സ്ഥാപനങ്ങൾ | 1534 |
| കുഞ്ഞൻ (പിക്കോ) ജലവൈദ്യുത പദ്ധതികൾക്കായി കണ്ടെത്തിയ ജലസ്രോതസ്സുകൾ | 23 |
| മാതൃകാ ഊർജ കാര്യക്ഷമതാ സ്ഥാപനങ്ങൾ | 85 |
| മാതൃകാ നെറ്റ് സീറോ കാർബൺ സ്കൂളുകൾ | 14 |
| മാതൃകാ ഊർജ കാര്യക്ഷമതാ സ്കൂളുകൾ | 84 |
| ഗ്രീൻ ടെക്നീഷ്യൻമാർക്ക് റിപ്പയറിങ്ങിലും മെയിന്റിനൻസിലുമുള്ള പരിശീലനം. | 109 |
| ഊർജ്ജ സംരക്ഷണത്തിൽ പരിശീലനം ലഭിച്ച അധ്യാപകർ. | 424 |

കാർബൺ ബഹിർഗമനത്തിന്റെയും കാർബൺ ശേഖരണത്തിന്റെയും അളവുകൾ കണ്ടുപിടിച്ച് കാർബൺ തുലിതാവസ്ഥ കൈവരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്. ഒരു ജില്ലയിൽ നിന്ന് കുറഞ്ഞത് 5 ഗ്രാമപഞ്ചായത്തുകളെ ഉൾപ്പെടുത്തി ഒന്നാം ഘട്ടത്തിൽ 91 ഗ്രാമപഞ്ചായത്തുകളും വടകര നഗരസഭയെയും ചേർത്ത് ആകെ 92 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ തിരഞ്ഞെടുത്തിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ 39 ഗ്രാമപഞ്ചായത്തുകളെ തിരഞ്ഞെടുത്തിട്ടുണ്ട്. നിലവിൽ 131 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ നെറ്റ് സീറോ കാമ്പയിനു വേണ്ടി തിരഞ്ഞെടുത്തിട്ടുണ്ട്. ഇതിനുപുറമെ എറണാകുളം ജില്ലയിൽ വൈപ്പിൻ പ്രദേശത്ത് ഗോശ്രീ ദ്വീപ് വികസന അതോറിട്ടി (GIDA)യുടെ സഹകരണത്തോടെ 8 ഗ്രാമപഞ്ചായത്തുകളേയും നെറ്റ്

സീറോ കാമ്പയിനിൽ ഉൾപ്പെടുത്തി. ഇപ്പോൾ ആകെ 131 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഈ കാമ്പയിനിൽ ഉൾപ്പെട്ടിട്ടുണ്ട്. കേരളത്തിലെ 12 ശതമാനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ കാമ്പയിനു വേണ്ടി തിരഞ്ഞെടുത്തിട്ടുണ്ട്. പ്രാരംഭ ശിൽപശാല, സാങ്കേതിക വിദഗ്ധരുടെ (കോർ ഗ്രൂപ്പ്) ശിൽപശാല, കാർബൺ എമിഷൻ കണ്ടുപിടിക്കുന്നതിനുള്ള സർവ്വേ, പരിശീലകരുടെ പരിശീലനം, തദ്ദേശ സ്വയംഭരണ സ്ഥാപനതല ശിൽപശാലകൾ എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്. എനർജി മാനേജ്മെന്റ് സെന്ററുമായി യോജിച്ച ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളും, മില്ലറ്റ് മിഷനുമായി ചേർന്ന മില്ലറ്റ് കൃഷി വ്യാപനവും നടന്നു വരുന്നു.

| നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ എന്ന കാമ്പയിനിൽ ഉൾപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ | | | |
|---|---|---|---|
| **ജില്ല** | **ആദ്യ ഘട്ടം** | **രണ്ടാം ഘട്ടം** | **ആകെ** |
| തിരുവനന്തപുരം | 6 | 11 | 17 |
| കൊല്ലം | 10 | 4 | 14 |
| പത്തനംതിട്ട | 5 | 0 | 5 |
| ആലപ്പുഴ | 4 | 2 | 6 |
| കോട്ടയം | 5 | 0 | 5 |
| ഇടുക്കി | 5 | 0 | 5 |
| എറണാകുളം | 4 | 8 | 12 |
| തൃശ്ശൂർ | 5 | 0 | 5 |
| പാലക്കാട് | 7 | 0 | 7 |
| മലപ്പുറം | 5 | 0 | 5 |
| കോഴിക്കോട് | 7 | 4 | 11 |
| വയനാട് | 4 | 1 | 5 |
| കണ്ണൂർ | 14 | 9 | 23 |
| കാസർഗോഡ് | 11 | 0 | 11 |
| ആകെ | 92 | 39 | 131 |

- തിരുവനന്തപുരം ജില്ലയിൽ ഒന്നാം ഘട്ടത്തിൽ തിരഞ്ഞെടുത്ത 6 ഗ്രാമപഞ്ചായത്തുകളിലും തരിശ് രഹിത സർവ്വേ പ്രവർത്തനം നടക്കുന്നു. ഊർജ്ജസംരക്ഷണ ക്ലാസുകൾ കാട്ടാകട ഗ്രാമ പഞ്ചായത്തിൽ ആരംഭിച്ചു. റൂഫ് ടോപ്പ് സാധ്യത പഠനം എല്ലാ ഗ്രാമപഞ്ചയത്തുകളിലും പൂർത്തിയാക്കി. വൃക്ഷവത്കരണ പ്രവർത്തനം നടക്കുന്നു.
- കൊല്ലം ജില്ലയിൽ ഹരിത കേരളം മിഷനും World Resource Institute (WRI) യുമായി ചേർന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും സർക്കാർ ഓഫീസുകളിലും ഊർജ്ജ ഓഡിറ്റും സോളാർ പാനൽ സ്ഥാപിക്കുന്നതിനുള്ള അവസ്ഥാ പഠനവും പൂർത്തീകരിച്ചു. ഒന്നാം ഘട്ടത്തിൽ തിരെഞ്ഞെടുത്ത പട്ടാഴി വടക്ക്, തെക്കുംഭാഗം, പൂതക്കുളം എന്നീ ഗ്രാമപഞ്ചായത്തുകളിൽ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ ക്യാമ്പയിന്റെ ഭാഗമായി കോർഗ്രൂപ്പ് യോഗങ്ങളും ആക്ഷൻ പ്ലാൻ തയ്യാറാക്കിയതിന്റെ അടിസ്ഥാനത്തിൽ ശിൽപശാലയും സംഘടിപ്പിച്ചു. ബാക്കിയുള്ള 7 ഗ്രാമപഞ്ചായത്തുകളിലും ശിൽപശാലകൾ ജൂലൈ മാസം പൂർത്തീകരിക്കുന്നതാണ്.
- പത്തനംതിട്ട ജില്ലയിൽ ജൂലൈ ആദ്യവാരം നെറ്റ് സീറോ കാർബൺ പഞ്ചായത്ത് തല ശില്പശാലകൾ സംഘടപ്പിക്കും. മിഷന്റെ എല്ലാ ക്യമ്പയിനുകളും നെറ്റ് സീറോ കാർബൺ പഞ്ചായത്തുകളിൽ വ്യാപിപ്പിക്കാൻ ആക്ഷൻ പ്ലാൻ തയ്യാറാക്കി. കടമ്പനാട്, ചെന്നീർക്കര എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അംഗൻ ജ്യോതി പദ്ധതി പ്രകാരം പാത്രങ്ങൾ വിതരണം ചെയ്തു.

- ആലപ്പുഴ ജില്ലയിൽ ഊർജ്ജ സംരക്ഷണ ഉപകരണങ്ങളായ പ്രഷർ കുക്കർ, മിൽക് ബോയ്ലർ, ഇഡലി കുക്കർ, ഉരുളി, റൈസ് പോട്ട്, സോസ് പാൻ എന്നിവയുടെ വിതരണോത്ഘാടനം ദേവികുളങ്ങര, നീലപേരൂർ, വയലാർ എന്നീ ഗ്രാമപഞ്ചായത്തുകളിൽ നടത്തി. ഊർജ്ജ സംരക്ഷണം സർവ്വേ വയലാർ, പെരുമ്പളം പഞ്ചായത്തുകളിൽ നടന്നുകൊണ്ടിരിക്കുന്നു.
- ഇടുക്കി ജില്ലയിൽ സേനാപതി, കാമാക്ഷി, ഇരട്ടയാർ എന്നീ ഗ്രാമപഞ്ചായത്തുകളിൽ അംഗൻജ്യോതി ഉപകരണങ്ങളുടെ വിതരണം നടന്നു. ഇതിനോടൊപ്പം സേനാപതി, കാമാക്ഷി എന്നീ ഗ്രാമപഞ്ചായത്തുകളിൽ ഊർജ്ജ സംരക്ഷണ ക്ലാസ്സുകൾ നടത്തുകയും, ഇരട്ടയാർ ഗ്രാമപഞ്ചായത്തിൽ ശില്പശാലയും നടത്തുകയും ചെയ്തു.
- ഇടുക്കി ജില്ലയിൽ 4 ഗ്രാമപഞ്ചായത്തുകളുടെ ആക്ഷൻ പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ ക്യാമ്പിന്റെ ഭാഗമായി 16 ഇടപെടലുകൾ തനതു മാസം നടത്തിയിട്ടുണ്ട്.
- എറണാകുളം ജില്ലയിൽ ആമ്പല്ലൂർ, അശമന്നൂർ, രായമംഗലം, ചിറ്റാറ്റുകര ഗ്രാമ പഞ്ചായത്തിൽ WRIയുടെ സഹകരണത്തോടെ പഞ്ചായത്തിന്റെ ഘടക സ്ഥാപനങ്ങളിൽ സോളാർ സ്ഥാപിക്കുന്നതിനും, ഊർജ്ജ സംരക്ഷണ ഉപകരണങ്ങൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട സർവ്വേ അതുൽ എനർജി വഴി തുടങ്ങി. ചിറ്റാറ്റുകര ഗ്രാമ പഞ്ചായത്തിൽ വാർഡ് 17 അങ്കണവാടിയിൽ സംഘടിപ്പിച്ച പ്രവേശനോത്സവത്തിൽ അംഗൻ ജ്യോതി പദ്ധതിയുടെ ഉപകരണങ്ങൾ കൈമാറുന്ന ചടങ്ങ് നിർവഹിച്ചു. നെറ്റ് സീറോ കാർബൺ അവസ്ഥാ പഠനത്തിന്റെ ഭാഗമായി രായമംഗലം ഗ്രാമപഞ്ചായത്തിൽ നിന്നും പൊതുവിവരങ്ങൾ ശേഖരിച്ചു.
- എർണാകുളം ജില്ലയിൽ കുഴുപ്പിള്ളി ഗ്രാമപഞ്ചായത്തിൽ GIDA ആഭിമുഖ്യത്തിൽ ഗോശ്രീ ദ്വീപ് സമൂഹത്തിൽ ഹരിത കേരളം മിഷനും ഗ്രാമപഞ്ചായത്തുകളും ചേർന്ന് നെറ്റ് സീറോ കാർബൺ പദ്ധതി പ്രഖ്യാപനവും ശില്പശാലയും നടന്നു.
- തൃശ്ശൂർ ജില്ലയിൽ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ എന്ന പരിപാടിയുടെ ഭാഗമായി ഹരിത കേരളം മിഷനും, അതുൽ ഏജൻസിയും ചേർന്നു ഗ്രാമപഞ്ചായത്തുകളിലെ ഘടക സ്ഥാപനങ്ങളിൽ നടത്തുന്ന സൗരോർജ പാനൽ സ്ഥാപിക്കുന്നത് സംബന്ധിച്ച സാദ്ധ്യത പഠന സർവ്വേ മാടക്കത്തറ, കുഴൂർ, വല്ലച്ചിറ, കൊണ്ടാഴി, വരന്തരപ്പിള്ളി എന്നീ 5 ഗ്രാമപഞ്ചായത്തുകളിലും പൂർത്തിയാക്കി.
- തൃശ്ശൂർ ജില്ലയിൽ അങ്കണവാടികൾക്ക് അനുവദിച്ച ഊർജ്ജ സംരക്ഷണ ഉപകരണങ്ങളുടെ വിതരണം കൊണ്ടാഴി, മാടക്കത്തറ, വല്ലച്ചിറ, കുഴൂർ എന്നീ ഗ്രാമപഞ്ചായത്തുകളിൽ നടന്നു. വല്ലിച്ചിറ, കുഴൂർ എന്നീ ഗ്രാമപഞ്ചായത്തുകളിൽ ഊർജ്ജ സംരക്ഷണ ക്ലാസ് നടത്തി. കുഴൂർ ഗ്രാമപഞ്ചായത്തിൽ നെറ്റ് സീറോ പ്രവർത്തനങ്ങളായ വൃക്ഷവത്കരണം, ജലസംരക്ഷണം, പച്ചതുരുത്ത് സ്ഥാപിക്കൽ, ഹരിത സമൃദ്ധി വാർഡ്, തരിശ്ശു രഹിത ഗ്രാമം എന്നീ വിഷയങ്ങളെ കുറിച്ച് ഒരു പരിശീലന പരിപാടി നടത്തി.
- തൃശ്ശൂർ ജില്ലയുടെ നെറ്റ് സീറോ പ്രവർത്തന കലണ്ടറിൽ "സുഗന്ധകേരളം" എന്ന പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്. ഹോർട്ടികൾച്ചർ മിഷന്റെയും, കൃഷി വികസന വകുപ്പിന്റേയും സഹകരണത്തോടെ അത്യുൽപാദന ശേഷിയുള്ള കുരുമുളക് തൈകളുടെ വിതരണോൽഘാടനം വല്ലച്ചിറ പഞ്ചായത്തിലെ ഞാറ്റുവേല ചന്തയോടനുബന്ധിച്ച് സംഘടിപ്പിക്കുന്നതാണ്.
- പാലക്കാട് ജില്ലയിൽ അംഗൺജ്യോതി പദ്ധതിയുടെ ഭാഗമായി തിരഞ്ഞെടുത്ത 151 അംഗൺവാടികൾക്ക് ഇൻഡക്ഷൻ കുക്കർ അനുബന്ധ പാത്രങ്ങൾ വിതരണം ചെയുന്ന പരിപാടി 6 ഗ്രാമപഞ്ചായത്തുകളിൽ പൂർത്തീകരിച്ചു.
- പാലക്കാട് ജില്ലയിൽ തിരഞ്ഞെടുത്തിട്ടുള്ള 7 ഗ്രാമപഞ്ചായത്തുകളിലും ഹരിതോർജ സാധ്യതാ സർവ്വേ ജൂൺ മാസത്തിൽ പൂർത്തീകരിച്ചു. കിഴക്കഞ്ചേരി, പല്ലശ്ശന, ശ്രീകൃഷ്ണപുരം എന്നീ 3 ഗ്രാമപഞ്ചായത്തുകളിൽ നെറ്റ് സീറോ ക്യാമ്പയിന്റെ ഭാഗമായി അർദ്ധദിന ശിൽപശാല ജൂൺ മാസത്തിൽ സംഘടിപ്പിച്ചു,

- ❖ മലപ്പുറം ജില്ലയിൽ ഹരിതോർജ സാധ്യതാ സർവേ വാഴയൂർ ഗ്രാമ പഞ്ചായത്തിൽ പൂർത്തീകരിച്ചു. അംഗൺജ്യോതി പദ്ധതിയുടെ ഭാഗമായി വാഴയൂർ ഒഴികെയുള്ള പഞ്ചായത്തുകളിൽ പാത്രങ്ങൾ നൽകി. ജില്ലാ കോർ കമ്മിറ്റി യോഗം ജൂൺ മാസത്തിൽ ഓൺലൈൻ ആയി ചേർന്നിട്ടുണ്ട്.
- ❖ കോഴിക്കോട് ജില്ലയിൽ കൂടുതൽ ഗ്രാമപഞ്ചായത്തുകൾ നെറ്റ് സീറോയിലേക്ക് കൊണ്ടുവരുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരികയാണ്. വടകര നഗരസഭയിലും, മാണിയൂർ ഗ്രാമപഞ്ചായത്തുകളിലും ജൂൺ മാസത്തിൽ ശില്പശാല നടത്തുകയും കുന്നുമ്മൽ ബ്ലോക്കിലെ 4 നെറ്റ് സീറോ ഗ്രാമപഞ്ചായത്തുകൾക്കായി ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ ശില്പശാല നടത്തുകയും ചെയ്തു.
- ❖ കോഴിക്കോട് ജില്ലയിൽ കാവിലുംപാറ, ചക്കിട്ടപ്പാറ ഗ്രാമപഞ്ചായത്തുകളിൽ അംഗൻജ്യോതി ഉപകരണ വിതരണം നടന്നു. ജില്ലയിൽ സോളാർ റൂഫ് ടോപ് അസെസ്മെന്റ് നാല് ഗ്രാമപഞ്ചായത്തുകളിൽ പൂർത്തിയായി. മേപ്പയ്യൂരിലും വടകരയിലും നെറ്റ് സീറോ ക്യാമ്പയിന്റെ ഭാഗമായി ചെണ്ടുമല്ലി കൃഷി ആരംഭിച്ചിട്ടുണ്ട്. പുതുതായി ഏറ്റെടുത്ത മൂടാടി പഞ്ചായത്തിൽ നെറ്റ് സീറോ പ്രാഥമിക അവതരണം ജൂൺ മാസത്തിൽ നടന്നു.
- ❖ കോഴിക്കോട് ജില്ലയിൽ നെറ്റ് സീറോ ആരോഗ്യസ്ഥാപനമാക്കാൻ പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പാക്കുന്ന പദ്ധതി കക്കോടി എഫ്.എച്ച്.സിയിൽ നടന്നു വരുന്നു .ജൂൺ മാസത്തിൽ ആശുപത്രിയിൽ മുളത്തൈകൾ നട്ടു. മണിയൂരിൽ നെറ്റ് സീറോ ക്യാമ്പയിന്റെ ഭാഗമായി ഗവ എച്ച്എസ്എസിൽ ശലഭോദ്യാനം ആരംഭിച്ചു.
- ❖ വയനാട് ജില്ലയിൽ തദ്ദേശ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ സൗരോർജ പദ്ധതികളുടെ സാധ്യത പഠനവും, ഊർജ കാര്യക്ഷമതയും സംബന്ധിച്ച WRI സർവ്വേയും, പരിശീലനത്തിന്റെയും ജില്ലാതല ഉദ്ഘാടനം അമ്പലവയൽ ഗ്രാമ പഞ്ചായത്തിൽ നടന്നു. ഊർജ ഓഡിറ്റ് ജൂൺ മാസം കോട്ടത്തറ, മീനങ്ങാടി എന്നീ ഗ്രാമപഞ്ചായത്തുകളിൽ കൂടി പൂർത്തീകരിക്കുകയും എടവ ഗ്രാമപഞ്ചായത്തിൽ ആരംഭിക്കുകയും ചെയ്തു.
- ❖ വയനാട് ജില്ലയിൽ മീനങ്ങാടി, കോട്ടത്തറ, എടവക, അമ്പലവയൽ എന്നീ ഗ്രാമപഞ്ചായത്തുകളിൽ അംഗൻ ജ്യോതി പദ്ധതിയിൽ ഉൾപ്പെട്ട ഇൻഡക്ഷൻ കുക്കറിലേക്കുള്ള പാത്രങ്ങളും അനുബന്ധ ഉപകരണങ്ങളും അങ്കണവാടി ടീച്ചർമാർക്ക് നൽകി.
- ❖ നെറ്റ് സീറോ കാർബൺ പ്രവർത്തങ്ങളുടെ ഭാഗമായുള്ള ഊർജ്ജ സംരക്ഷണ ക്ലാസ്സുകൾ ഏറ്റവും അധികം നടന്നിട്ടുള്ളത് കണ്ണൂർ ജില്ലയിലാണ്. ജില്ലയിൽ ആകെ നടന്ന ഊർജ്ജ സംരക്ഷണ ക്ലാസ്സുകളുടെ എണ്ണം 1268 ആകെ പങ്കാളിത്തം 27,683.
- ❖ കാസർഗോഡ് ജില്ലയിലെ 11 ഗ്രാമപഞ്ചായത്തുകളിലായി 180 ഊർജ്ജസംരക്ഷണക്ലാസുകൾ നടന്നു. പ്രവർത്തനകലണ്ടർ പ്രകാരമുള്ള ഇടപെടലുകൾ തുടർന്നു വരുന്നു. ഊർജ്ജഓഡിറ്റ് 11 ഗ്രാമപഞ്ചായത്തുകളിലും പൂർത്തിയായി. പിലിക്കോട് ഗ്രാമപഞ്ചായത്തിൽ WRIയുടെ സഹകരണത്തോടെ ഊർജ്ജഓഡിറ്റ് സർവ്വെ പരിശീലനം നടന്നു.
- ❖ കാസർഗോഡ് ജില്ലയിൽ നെറ്റ് സീറോ പഞ്ചായത്തുകളിൽ 2024 ജൂൺ 5 പരിസ്ഥിതിദിനത്തോടനുബന്ധിച്ച് 3.77 ഏക്കറിൽ 25 പുതിയ പച്ചത്തുരുത്തുകൾ ആരംഭിച്ചിട്ടുണ്ട്.

| പ്രവർത്തനം നടന്ന മാസം | നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തികളിലുള്ള ജനപങ്കാളിത്തം |
| | | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| ഏപ്രിൽ | 41 | 68 | 165 | 311 | 544 | 0 | 0 | 0 | 0 | 172 | 92 |
| മേയ് | 58 | 151 | 178 | 180 | 509 | 1 | 30 | 1 | 31 | 169 | 368 |
| ജൂൺ | 86 | 433 | 571 | 1202 | 2206 | 25 | 1523 | 2 | 114 | 522 | 1068 |
| ആകെ | 185 | 652 | 914 | 1693 | 3259 | 26 | 1553 | 3 | 145 | 863 | 1528 |

## 1.1) മില്ലറ്റ് കൃഷി

- എറണാകുളം കടമകുടി പാടശേഖര സമിതിയ്ക്കു മില്ലറ്റിന്റെ കൃഷി സാധ്യതകളെ കുറിച്ച് അവതരണം നടത്തി . മില്ലറ്റിന്റെ കൃഷി ഡിസംബറിൽ ആരംഭിക്കുന്നതിനുള്ള അനുബന്ധിച്ച് പ്രവർത്തനങ്ങളെപറ്റിയും ചർച്ച ചെയ്തു.

## 2. ജലസംരക്ഷണ പ്രവർത്തനങ്ങൾ

കേരളത്തിലെ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും ജല സംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടക്കുന്നുണ്ട്.

**ജല സംരക്ഷണ പ്രവർത്തനങ്ങൾ - പ്രവർത്തന പുരോഗതി**

**(2021ഏപ്രിൽ മുതൽ 2024 ജൂൺ മാസം വരെ)**

| ജില്ലകൾ | പുനരുജ്ജീവിപ്പിച്ച നീർച്ചാലുകളുടെ നീളം | പുനരുജ്ജീവിപ്പിച്ച കുളങ്ങൾ | നിർമിച്ച കുളങ്ങൾ | റീചാർജ് ചെയ്ത കിണറുകൾ | നിർമിച്ച കിണറുകൾ | നിർമ്മിച്ച സ്ഥിരം തടയണകൾ | നിർമ്മിച്ച താൽക്കാലിക തടയണകൾ |
|---|---|---|---|---|---|---|---|
| തിരുവനന്തപുരം | 4826.22 | 550 | 433 | 737 | 3021 | 87 | 13387 |
| കൊല്ലം | 4031.29 | 189 | 431 | 656 | 3315 | 8 | 14434 |
| പത്തനംതിട്ട | 1388.69 | 163 | 196 | 542 | 889 | 23 | 4072 |
| ആലപ്പുഴ | 1426.33 | 66 | 47 | 197 | 236 | 18 | 48 |
| കോട്ടയം | 1317.20 | 56 | 250 | 412 | 545 | 18 | 1879 |
| ഇടുക്കി | 1417.03 | 193 | 208 | 275 | 306 | 45 | 1415 |
| എറണാകുളം | 2514.15 | 170 | 287 | 810 | 510 | 22 | 0 |
| തൃശ്ശൂർ | 1655.16 | 128 | 127 | 354 | 997 | 11 | 40 |
| പാലക്കാട് | 5932.93 | 719 | 827 | 567 | 1457 | 7 | 9066 |
| മലപ്പുറം | 1300.97 | 274 | 435 | 141 | 1898 | 70 | 730 |
| കോഴിക്കോട് | 1870.52 | 203 | 170 | 388 | 1012 | 5 | 197 |
| വയനാട് | 1967.09 | 86 | 749 | 102 | 360 | 94 | 1819 |
| കണ്ണൂർ | 2472.98 | 488 | 486 | 2735 | 1494 | 101 | 10629 |
| കാസർഗോഡ് | 1733.37 | 157 | 415 | 764 | 1352 | 67 | 2651 |
| ആകെ | 33853.91 | 3442 | 5061 | 8680 | 17392 | 576 | 60367 |

സർക്കാരിന്റെ പ്രകടന പത്രികയിൽ 50,000 കിലോമീറ്റർ തോടുകളും 2000 കിലോമീറ്റർ പുഴകളും പുതുതായി വൃത്തിയാക്കി കയർ ഭൂവസ്ത്രം ഉപയോഗിച്ച് സംരക്ഷിക്കുമെന്നും, ഇതിനായി തൊഴിലുറപ്പ് പദ്ധതിയെ ഉപയോഗപ്പെടുത്തുമെന്നും വാഗ്ദാനം നൽകിയിരുന്നു.

ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി ഹരിത കേരളം മിഷന്റെ ഇടപെടലുകളിലൂടെയും തൊഴിലുറപ്പ് പദ്ധതിയെ വിനിയോഗിച്ചും 2021 ഏപ്രിൽ മുതൽ 2024 മേയ് വരെ ജലസംരക്ഷണം പ്രവർത്തനങ്ങളുടെ ഭാഗമായി 33853.91 കിലോമീറ്റർ നീർച്ചാലുകളും 3442 കുളങ്ങളും പുനരുജ്ജീവിപ്പിച്ചു. *(കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിൽ (5വർഷം) പുനരുജ്ജീവിപ്പിച്ച 45,736 കി.മീ. കൂടി ഉൾപ്പെടുത്തിയാൽ ആകെ 79589.91 കി.മീ. നീർച്ചാലുകൾ പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്).* 5061 പുതിയ കുളങ്ങൾ നിർമ്മിച്ചു. നീർച്ചാലുകളിൽ ജലസംഭരണം സാധ്യമാക്കുന്നതിനായി 576 സ്ഥിരം തടയണകളും 60367 താൽക്കാലിക തടയണകളും നിർമ്മിച്ചു.

പ്രധാനമായും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യത പ്രയോജനപ്പെടുത്തിയാണ് ഈ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുള്ളത്.

ജലസംരക്ഷണം പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തി ജൂൺ മാസത്തിൽ 1096.441 കിലോമീറ്റർ നീർച്ചാലുകളും 92 കുളങ്ങളും പുനരുജ്ജീവിപ്പിക്കുകയും 79 പുതിയ കുളങ്ങൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ജൂൺ മാസത്തിൽ 104 കിണറുകൾ റീചാർജ്ജ് ചെയ്തിട്ടുണ്ട്. 213 പുതിയ കിണറുകൾ നിർമ്മിച്ചിട്ടുണ്ട്. ജലസംഭരണം സാധ്യമാക്കുന്നതിനായി ജൂൺ മാസത്തിൽ 38 സ്ഥിരം തടയണകളും 624 താൽക്കാലിക തടയണകളും നിർമ്മിച്ചു.

- ❖ പാലക്കാട്, തിരുവനന്തപുരം, കൊല്ലം, ജില്ലകളിൽ ഏറ്റവും കൂടുതൽ നീളം നീർച്ചാൽ പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്.
- ❖ പാലക്കാട്, വയനാട് ജില്ലകളിലാണ് ഏറ്റവും കൂടുതൽ കുളങ്ങൾ നിർമ്മിച്ചിട്ടുള്ളത്.
- ❖ സർക്കാരിന്റെ പ്രകടന പത്രികയിൽ കിണറുകളുടെ സംരക്ഷണത്തിന് പ്രത്യേക പ്രാധാന്യം നൽകും എന്നും കിണറുകൾ ശുദ്ധീകരിക്കുമെന്നും മഴക്കാലത്ത് റീചാർജ്ജ് ചെയ്യുന്നതിനു നടപടിയെടുക്കും എന്നും വാഗ്ദാനം നൽകിയിരുന്നു. ഹരിത കേരളം മിഷന്റെ ഇടപെടലുകളിലൂടെ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 8680 കിണറുകൾ റീർച്ചാർജ്ജ് ചെയ്യുകയും, 17392 കിണറുകൾ നിർമ്മിക്കുകയും ചെയ്തു. ഏറ്റവും കൂടുതൽ കിണറുകൾ നിർമ്മിച്ചിട്ടുള്ളത് കൊല്ലം (3315 എണ്ണം), തിരുവനന്തപുരം (3021 എണ്ണം) ജില്ലകളിലാണ്. കൂടുതൽ കിണറുകൾ റീചാർജ്ജിങ് ചെയ്തിട്ടുള്ളത് കണ്ണൂർ ജില്ലയിലാണ് (2735).

| ജല സംരക്ഷണ പ്രവർത്തനങ്ങൾ ത്രൈമാസ വിലയിരുത്തൽ | | | | | |
|---|---|---|---|---|---|
| പ്രവർത്തനങ്ങൾ | മാർച്ച് വരെ | ഏപ്രിൽ | മേയ് | ജൂൺ | ആകെ |
| നിർമിച്ച കിണറുകൾ | **16491** | **324** | **364** | **213** | **17392** |
| നിർമിച്ച കുളങ്ങൾ | **4762** | **82** | **138** | **79** | **5061** |
| പുനരുജ്ജീവിപ്പിച്ച നീർച്ചാലുകളുടെ നീളം | **30177.1** | **776.8** | **1803.5** | **1096.4** | **33853.8** |
| പുനരുജ്ജീവിപ്പിച്ച കുളങ്ങൾ | **3174** | **70** | **106** | **92** | **3442** |
| റീചാർജ് ചെയ്ത കിണറുകൾ | **8388** | **88** | **100** | **104** | **8680** |

### 2.1 വിലയിരുത്തൽ

2024 ലെ വേനൽ കാലത്തിൽ ജല ദൗർലഭ്യം ഒരു പ്രധാന വിഷയമായി കേരളത്തിൽ പ്രത്യേകിച്ച് മാധ്യമങ്ങളിൽ ചർച്ച ചെയ്യപ്പെട്ടിട്ടില്ല, എന്നാൽ ഇതിനുമുൻപ് കടുത്ത ജലദൗർലഭ്യം നേരിട്ട 2016 വർഷത്തെ വേനൽ കാലത്തേക്കാൾ കടുത്ത വേനലായിരുന്നു 2024 ലെ വേനൽ കാലഘട്ടമെന്നു ശാസ്ത്രലോകം വിലയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് ഹരിത കേരളം മിഷൻ വിവിധ വകുപ്പുകളുടെ സഹകരണത്തോടെ നടപ്പിലാക്കി വരുന്ന ജലസംരക്ഷണ പ്രവർത്തനങ്ങൾ 2024 വേനൽ കാലത്തു ജലദൗർലഭ്യം കുറക്കാൻ വളരെയേറെ സഹായിച്ചിട്ടുണ്ട് എന്ന് വിലയിരുത്താവുന്നതാണ്.

## 3. ജല ബജറ്റ് - ജലസുരക്ഷ പ്ലാൻ

എല്ലാ ജില്ലകളിലെയും ഓരോ ബ്ലോക്കിലും ഉൾപെട്ട 94 ഗ്രാമപഞ്ചായത്തുകളിൽ ആദ്യമായി ജലബജറ്റ് തയ്യാറാക്കി പ്രസിദ്ധീകരിച്ചു. രണ്ടാമതായി തിരഞ്ഞെടുത്ത 443 ഗ്രാമപഞ്ചായത്തുകളിലെ 159 ഗ്രാമപഞ്ചായത്തുകളിൽ ജല ബജറ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ജൂൺ മാസത്തിൽ 8 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വിവരശേഖരണം പൂർത്തിയായിട്ടുണ്ട്. കൂടാതെ 26 ഗ്രാമപഞ്ചായത്തുകളിൽ റിപ്പോർട്ട് പ്രസിദ്ധീകരിച്ചു. രണ്ടാം ഘട്ടത്തിൽ തിരഞ്ഞെടുത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഉൾപ്പെട്ട 159 ഇടങ്ങളിൽ

റിപ്പോർട്ട് അവതരണവും പ്രസിദ്ധീകരണവും നടത്തിയിട്ടുണ്ട്.

| ജല ബജറ്റ് | | | |
|---|---|---|---|
| ജില്ല | തിരഞ്ഞെടുത്ത തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ എണ്ണം | വിവര ശേഖരണം പൂർത്തിയായത് | റിപ്പോർട്ട് അവതരണം പൂർത്തിയായത് |
| തിരുവനന്തപുരം | 65 | 14 | 0 |
| കൊല്ലം | 40 | 30 | 27 |
| പത്തനംതിട്ട | 10 | 10 | 0 |
| ആലപ്പുഴ | 11 | 11 | 0 |
| കോട്ടയം | 63 | 23 | 1 |
| ഇടുക്കി | 12 | 12 | 0 |
| എറണാകുളം | 12 | 11 | 5 |
| തൃശ്ശൂർ | 12 | 12 | 0 |
| പാലക്കാട് | 30 | 23 | 16 |
| മലപ്പുറം | 32 | 9 | 0 |
| കോഴിക്കോട് | 67 | 67 | 48 |
| വയനാട് | 21 | 21 | 18 |
| കണ്ണൂർ | 32 | 32 | 12 |
| കാസർഗോഡ് | 36 | 36 | 32 |
| ആകെ | 443 | 311 | 159 |

### 3.1 ജലബജറ്റ് പ്രവർത്തനപുരോഗതി

- തിരുവനന്തപുരം ജില്ലയിലെ 10 ബ്ലോക്കുകളിലായി 65 ഗ്രാമപഞ്ചായത്തിൽ ജല ബജറ്റ് രണ്ടാം ഘട്ടം ഏറ്റെടുത്തു. നേമം, പാറശ്ശാല, പെരുങ്കടവിള എന്നീ ബ്ലോക്കുകൾ സാങ്കേതിക സമിതി കൂടിയിട്ടുണ്ട്, മറ്റ് ബ്ലോക്കുകളിൽ ജൂലൈ 15നുള്ളിൽ സാങ്കേതിക സമിതി കൂടുവാൻ തീരുമാനിച്ചിട്ടുണ്ട്.
- കൊല്ലം ജില്ലയിൽ കൊട്ടാരക്കര ബ്ലോക്ക്പഞ്ചായത്തിലെ 5 ഗ്രാമപഞ്ചായത്തുകളുടെ ജലബജറ്റ് പ്രകാശനം ജൂലൈ മാസത്തിൽ നിർവ്വഹിക്കും. ജലബജറ്റിൽ നിന്നും ജലസുരക്ഷയിലേക്ക് ക്യാമ്പയിന്റെ ഭാഗമായി തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനായി കൊട്ടാരക്കര നഗരസഭയുടെ യോഗം ജൂൺ മാസത്തിൽ ചേർന്നു.
- പത്തനംതിട്ട ജില്ലയിൽ 10 ഗ്രാമ പഞ്ചായത്തുകളിൽ സാങ്കതിക സമിതി കൂടി കരട് റിപ്പോർട്ട് അവതരിപ്പിച്ചു. ജൂലൈ ആദ്യവാരം അവതരണം നടത്തി ജലബജറ്റ് പൂർത്തിയാക്കും.
- ആലപ്പുഴ ജില്ലയിൽ 11 ഗ്രാമപഞ്ചായത്തുകളിലെയും കരട് റിപ്പോർട്ട് തയ്യാറാക്കികൊണ്ടിരിക്കുന്നു.
- കോട്ടയം ജില്ലയിൽ ഡാറ്റ കളക്ഷൻ 6 ഗ്രാമപഞ്ചായത്തുകളിൽ പൂർത്തിയായി. ബാക്കി എല്ലായിടത്തും ഡാറ്റാ കളക്ഷൻ പുരോഗമിക്കുന്നു. 6 ഗ്രാമപഞ്ചായത്തുകളിൽ അവതരണം നടത്തി.
- ഇടുക്കി ജില്ലയിൽ കട്ടപ്പന ബ്ലോക്കിലെ 6 പഞ്ചായത്തുകളുടെയും കട്ടപ്പന മുൻസിപ്പാലിറ്റിയുടെയും കരട് റിപ്പോർട്ട് തയ്യാറാക്കി പഞ്ചായത്തുകൾക്ക് നൽകി. അവതരണങ്ങൾ നടത്താനുള്ള ഇടപെടലുകൾ പഞ്ചായത്തിൽ നടത്തി വരുന്നു. അടിമാലി ബ്ലോക്കിലെ 5 പഞ്ചായത്തുകളിലെ റിപ്പോർട്ട് അന്തിമ ഘട്ടത്തിലാണ്.
- ഇടുക്കി ജില്ലയിൽ ജല ദൗർലഭ്യം ഉള്ള ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടുന്ന നെടുങ്കണ്ടം ബ്ലോക്കിലെ എല്ലാ ഗ്രാമപഞ്ചായത്തുകളുടെയും ജല ബജറ്റ് തയ്യാറാകാൻ തീരുമാനിച്ചു. കൂടാതെ ബാക്കി ഉള്ള നാല് ബ്ലോക്കുകളിൽ നിന്നും ഓരോ ഗ്രാമപഞ്ചായത്തിൽ കൂടി ജല ബജറ്റ് തയ്യാറാകാൻ തീരുമാനിച്ചു. നെടുങ്കണ്ടം ബ്ലോക്ക് തല സാങ്കേതിക സമിതിയും 3 ഗ്രാമപഞ്ചായത്തുകളിൽ ഗ്രാമ പഞ്ചായത്ത് തല സാങ്കേതിക സമിതിയും കൂടി.

- ❖ എറണാകുളം ജില്ലയിൽ ജല ബജറ്റ് പഞ്ചായത്ത് തല സാങ്കേതിക സമിതി യോഗം ജൂൺ മാസത്തിൽ 6 ഗ്രാമ പഞ്ചായത്തുകളിൽ നടന്നു.
- ❖ എറണാകുളം ജില്ലയിൽ ചോറ്റാനിക്കര ഗ്രാമപഞ്ചായത്ത് ജല ബജറ്റിന്റെ അടിസ്ഥാനത്തിൽ ജല ക്ഷാമം രൂക്ഷമായി അനുഭവിക്കുന്ന തലക്കോട് പ്രദേശത്തെ ഏഴാം വാർഡിൽ സമ്പൂർണ്ണ കിണർ റീചാർജിംഗ് നടത്തി തുടർപ്രവർത്തനങ്ങൾ നടപ്പിലാക്കും.
- ❖ തൃശ്ശൂർ ജില്ലയിൽ മതിലകം, തളിക്കുളം ബ്ലോക്കുകളിലെ ജലബജറ്റ് കരട് റിപോർട്ട് അവതരണം ജൂൺ മാസത്തിൽ നടന്നു.
- ❖ പാലക്കാട് ജില്ലയിൽ 7 ഗ്രാമപഞ്ചായത്തുകളുടെയും ബ്ലോക്കിന്റയും കരട് റിപ്പോർട്ട് തയ്യാറാക്കി കഴിഞ്ഞു. കുഴൽമന്ദം ബ്ലോക്കിന്റെയും ബ്ലോക്ക് പരിധിയിലെ 7 പഞ്ചായത്തുകളിലും ജൂലൈ മാസം ആദ്യ വാരം ജലസഭ വിളിച്ച് ചേർത്ത് പഞ്ചായത്ത് തല സംഘാടക സമിതിയിൽ ജലബജറ്റ് റിപ്പോർട്ട് അവതരിപ്പിക്കുന്നതാണ്.
- ❖ പാലക്കാട് ജില്ലയിൽ മൂന്നാം ഘട്ടത്തിൽ ജലബജറ്റ് തയ്യാറാക്കുന്ന നെന്മാറ ബ്ലോക്കിൽ 7 ഗ്രാമപഞ്ചായത്തുകളിൽ 2024 ജൂൺ മാസത്തിൽ ഗ്രാമപഞ്ചായത്ത് തല കൺവെൻഷനുകൾ സംഘടിപ്പിച്ചു. 7 ഗ്രാമപഞ്ചായത്തുകളിലും വിവരശേഖരണം നടത്തി വരുന്നു.
- ❖ പാലക്കാട് ജില്ലയിൽ ജല ദൗർലഭ്യത്തിന്റെ ക്രിട്ടിക്കൽ സോണിലുള്ള മലമ്പുഴ ബ്ലോക്കിലും, സെമി ക്രിട്ടിക്കൽ സോണിലുള്ള പട്ടാമ്പി ബ്ലോക്കിലും ജലബജറ്റ് തയ്യാറാക്കുന്നതിനു വേണ്ടിയുള്ള പ്രാഥമിക പ്രവർത്തനം ജൂലൈ മാസത്തിൽ ആരംഭിക്കും.
- ❖ മലപ്പുറം ജില്ലയിൽ കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന 7 ഗ്രാമപഞ്ചായത്തുകളിൽ ജലബജറ്റ് തുടർപ്രവർത്തനത്തിന്റെ ഭാഗമായി സാങ്കേതിക സമിതി ചേർന്ന് ജലദൗർലഭ്യം അനുഭവപ്പെടുന്നതായി കണ്ടെത്തിയ 99 പ്രദേശങ്ങളെ സംബന്ധിച്ച വിവരശേഖരണം നടത്തി. പെരുമ്പടപ്പ്, പൊന്നാനി ബ്ലോക്കിലെ ജലബജറ്റ് പ്രസിദ്ധീകരണം ജൂലൈ 15 നുള്ളിൽ തന്നെ നടത്തുന്നതാണ്.
- ❖ കോഴിക്കോട് ജില്ലയിൽ എല്ലാ ഗ്രമാപഞ്ചായത്തുകളിലും ജലബജറ്റ് റിപ്പോർട്ട് പ്രവർത്തനം അവസാന ഘട്ടത്തിലാണ്. റിപ്പോർട്ട് മാസം തോടന്നൂർ, മേലടി ബ്ലോക്ക് റിപ്പോർട്ടുകളും മണിയൂർ പഞ്ചായത്ത് റിപ്പോർട്ടും പ്രകാശനം ചെയ്തു. ജില്ലയിൽ ജലബജറ്റ് റിപ്പോർട്ട് പ്രിന്റിംഗിനായി ജില്ലാ പഞ്ചായത്തിന്റെ പ്രോജക്ട് നിലവിലുണ്ട്. കോടഞ്ചേരി, മുക്കം നഗരസഭ എന്നിവിടങ്ങളിലൊഴിച്ച് എല്ലായിടത്തും കരട് റിപ്പോർട്ട് പൂർത്തിയായിട്ടുണ്ട്. ജലബജറ്റ് അവതരണത്തിനായുള്ള ജലസഭ വിവിധ പഞ്ചായത്തുകളിൽ പൂർത്തീകരിച്ച് വരുന്നു.
- ❖ വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി ബ്ലോക്കിന്റെയും (9 ഗ്രാമപഞ്ചായത്തുകൾ), കൽപ്പറ്റ (4 ഗ്രാമപഞ്ചായത്തുകൾ) ബ്ലോക്കിന്റെയും ജലബജറ്റ് ജൂൺ മാസത്തിൽ പ്രസിദ്ധീകരിച്ചു. ജില്ലയിലെ 3 മുനിസിപ്പാലിറ്റികളായ കൽപ്പറ്റ, മാനന്തവാടി, സുൽത്താൻ ബത്തേരി എന്നിവിടങ്ങളിലെ വിവരശേഖരണവും ഡാറ്റാ എൻട്രിയും പൂർത്തീകരിച്ചു. ജൂലൈ ആദ്യവാരം പ്രസിദ്ധീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.
- ❖ കണ്ണൂർ ജില്ലയിൽ പെരളശ്ശേരി, പിണറായി, ചെറുതാഴം ഗ്രാമ പഞ്ചായത്തുകളിൽ ജലബജറ്റ് അവതരണം ജൂൺ മാസം നടന്നു. സജീവമായി ജലസംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്ന 5 തദ്ദേശ സ്ഥാപനങ്ങളെ പുതുതായി ജലബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.
- ❖ കാസർഗോഡ് ജില്ലയിൽ ജല ബജറ്റ് റിപ്പോർട്ട് അവതരിപ്പിക്കാൻ ബാക്കിയുള്ള 4 ഗ്രാമപഞ്ചായത്തുകളിൽ ജലസഭ ചേർന്ന് അവതരണത്തിനുള്ള മുന്നൊരുക്കങ്ങൾ നടന്നു വരുന്നു. ജൂലൈ മാസത്തിൽ ജലസഭ ചേർന്ന് റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കും. ജലശക്തി അഭിയാന്റെ യോഗം 2 തവണയായി ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ നടന്നിരുന്നു. ജില്ലാമിഷൻ യോഗത്തിലും ജലശക്തി അഭിയാൻ കേന്ദ്രസംഘത്തിന്റെ ജില്ലാ സന്ദർശനത്തിലും വിലയിരുത്തലിലും ജലബജറ്റും ജലസുരക്ഷ പ്ലാനും വിശദമായി ചർച്ച ചെയ്യുകയുണ്ടായി.

## 3.2 ജലബജറ്റ് - തുടർ പ്രവർത്തനങ്ങൾ

കേരളത്തിൽ ആദ്യഘട്ടത്തിൽ ജലബജറ്റ് പൂർത്തീകരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഭരണസമിതിയുടെ മുൻപിൽ റിപ്പോർട്ട് അവതരിപ്പിച്ച് രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്ക് സജ്ജമാക്കിയിട്ടുണ്ട്. ജലബജറ്റിൽ നിന്നും ജലസുരക്ഷ പ്ലാനിലേക്ക് സംസ്ഥാനത്തെ മാറ്റുന്നതിനുള്ള പ്രവർത്തനമാണ് നടന്നു വരുന്നത്.

| പ്രവർത്തനം നടന്ന മാസം | ജല ബജറ്റ് - ജല സുരക്ഷ പ്ലാൻ ത്രൈമാസ അവലോകനം | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തനങ്ങളിലുള്ള ജനപങ്കാളിത്തം |
| | | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| ഏപ്രിൽ | 109 | 402 | 597 | 204 | 1203 | 0 | 0 | 2 | 80 | 1955 | 413 |
| മേയ് | 127 | 636 | 944 | 275 | 1855 | 9 | 279 | 4 | 102 | 2282 | 599 |
| ജൂൺ | 126 | 787 | 999 | 401 | 2187 | 6 | 184 | 8 | 360 | 593 | 798 |
| ആകെ | 362 | 1825 | 2540 | 880 | 5245 | 15 | 463 | 14 | 542 | 4830 | 1810 |

## 3.3 വിലയിരുത്തൽ

എല്ലാ ജില്ലകളിലെയും ഓരോ ബ്ലോക്കിലും ഉൾപ്പെട്ട 94 ഗ്രാമപഞ്ചായത്തുകളിൽ ആദ്യമായി ജലബജറ്റ് തയ്യാറാക്കി പ്രസിദ്ധീകരിച്ചു. രണ്ടാമതായി തിരഞ്ഞെടുത്ത 443 ഗ്രാമപഞ്ചായത്തുകളിലെ 159 ഗ്രാമപഞ്ചായത്തുകളിൽ ജല ബജറ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട് സംസ്ഥാനത്ത് വിവിധ ഘട്ടങ്ങളിലായി 537 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജല ബജറ്റിനായി തിരഞ്ഞെടുത്തിൽ 253 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ജലബജറ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. 284 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജലബജറ്റ് പൂർത്തീകരിക്കുവാൻ വേണ്ട പ്രവർത്തനങ്ങൾ ഊർജിതമായി നടന്നു വരുന്നു. ഇവകൂടി പൂർത്തീകരിക്കുന്നതോടെ കേരളത്തിലെ 43.62% ഗ്രാമപഞ്ചായത്തുകളിലും ജല ബജറ്റ് (ആകെ 537 എണ്ണം) തയ്യാറാക്കുവാൻ സാധിക്കും എന്നത് ശ്രദ്ധേയമാണ്.

ഇതിൽ ഏറ്റവും കൂടുതൽ ജലബജറ്റ് പ്രവർത്തനങ്ങൾ കോഴിക്കോട്(67), തിരുവനന്തപുരം(65), കോട്ടയം(63), കൊല്ലം(40), എന്നീ ജില്ലകളിലാണ്. ജല ബജറ്റിന്റെ പ്രധാന ജോലിയായ വിവരശേഖരണം ഏറെക്കുറെ എല്ലാ ജില്ലകളിലും പൂർത്തിയായി. 2024 ഡിസംബർ മാസത്തിൽ തന്നെ 443 തദ്ദേശ ഭരണ സ്ഥാപനങ്ങളിലും റിപ്പോർട്ട് അവതരിപ്പിക്കാൻ സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു.

കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും മുൻഗണനാ ക്രമത്തിൽ ജല ബജറ്റ് രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. പുതിയതായി പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ജല ബജറ്റ് നിർവ്വഹിക്കുവാൻ താൽപര്യപൂർവ്വം മുന്നോട്ടു വന്നിട്ടുണ്ട്. അത്തരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ ഉൾകൊള്ളിച്ചു സമയക്രമത്തിനകം എല്ലാ ഗ്രാമപഞ്ചായത്തുകളിലും ജല ബജറ്റ് പൂർത്തീകരിക്കുവാനുള്ള നടപടി ക്രമങ്ങൾ ഹരിതകേരളം മിഷൻ ആസൂത്രണം ചെയ്തിട്ടുണ്ട്. ലോകസഭ ഇലക്ഷൻ പെരുമാറ്റ ചട്ടം നിലനിന്നതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജന പ്രതിനിധികളുടെ മുൻപിൽ റിപ്പോർട്ട് അവതരിപ്പിക്കുവാൻ കാലതാമസം നേരിട്ടിട്ടുണ്ട്.

ജല ബജറ്റ് തയ്യാറാക്കി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ ജലസുരക്ഷയിലേക്ക് നയിക്കുക എന്നതാണ് ഹരിതകേരളം മിഷൻ ലക്ഷ്യം വച്ചിരിക്കുന്നത്. ജല ബജറ്റ് റിപ്പോർട്ട് ജന പ്രനിധിനികളുടെ മുൻപിലും ജില്ലാ, ബ്ലോക്ക്, തദ്ദേശസ്വയംഭരസ്ഥാപന തലങ്ങളിലുള്ള ടെക്നിക്കൽ കമ്മിറ്റിയുടെ മുൻപിലും അവതരിപ്പിക്കുന്നത് വഴി വിവിധ വകുപ്പുകളുടെ പദ്ധതികളുടെ സംയോജനം സാധ്യമാകുന്നുണ്ട്. ജല ബജറ്റ് ശുപാർശകളിന്മേൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രോജക്ടുകളും വിവിധ വകുപ്പുകളുടെ സംയോജിത പദ്ധതികളും ഹരിത കേരളം മിഷന്റെ

ഏകോപനവും വഴി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ ജലസുരക്ഷയിലേക്ക് നയിക്കുവാൻ സാധിക്കും.

| ജല ബജറ്റ് ത്രൈമാസ വിലയിരുത്തൽ | | | | | |
|---|---|---|---|---|---|
| തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ | മാർച്ച് വരെ | ഏപ്രിൽ | മേയ് | ജൂൺ | ആകെ |
| എണ്ണം | 342 | 12 | 3 | 86 | 443 |
| വിവര ശേഖരണം പൂർത്തിയായി | 283 | 15 | 5 | 8 | 311 |
| റിപ്പോർട്ട് അവതരണം പൂർത്തിയായി | 112 | 10 | 11 | 26 | 159 |

## 4. സുരക്ഷിതമാക്കാം പശ്ചിമഘട്ടം

ജല സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് സംഘടിപ്പിക്കുന്ന 'ഇനി ഞാനൊഴുകട്ടെ' - നീർചാലുകളുടെ ജനകീയ വീണ്ടെടുപ്പ് - കാമ്പയിൻ 2019 ൽ ആരംഭിച്ചിരുന്നു. പശ്ചിമഘട്ട മേഖലയിൽ മണ്ണൊലിപ്പിനും ഉരുൾപൊട്ടലുമുള്ള സാദ്ധ്യതകൾ ലഘൂകരിക്കുന്നതിനായി നീർച്ചാലുകൾ പുനരുജ്ജിവിപ്പിച്ച് നീരൊഴുക്ക് സുഗമമാക്കേണ്ടതിനായി "സുരക്ഷിതമാക്കാം പശ്ചിമ ഘട്ടം "എന്ന കാമ്പയിൻ ഇനി ഞാനൊഴുകട്ടെയുടെ രണ്ടാം ഘട്ടമായി സംസ്ഥാനത്തു ഹരിത കേരളം മിഷൻ നടപ്പിലാക്കി വരുന്നു.

പശ്ചിമ ഘട്ട പ്രദേശങ്ങളിലെ നീർച്ചാലുകളുടെ ശാസ്ത്രീയ മാപിംഗ് അവസാന ഘട്ടത്തിലാണ്. റീബിൽഡ് കേരള ഇനീഷ്യേറ്റീവ് (RKI)യുടെ സഹായത്തോടെയുള്ള ഈ പദ്ധതി 9 ജില്ലകളിൽ പുരോഗതിയിലാണ്. ഉപഗ്രഹ ചിത്രങ്ങൾ ഉപയോഗിച്ച് കേരളത്തിലെ എല്ലാ ശ്രേണിയിലുംപെട്ട നീർചാലുകളുടെ വ്യത്യസ്തവും കൃത്യതയുമുള്ള മാപുകൾ നിർമ്മിക്കുന്ന പ്രവർത്തനമാണ് നടന്നുവരുന്നത്. ലക്ഷ്യം വച്ചിട്ടുള്ള 230 ഗ്രാമപഞ്ചായത്തുകളിൽ 214 ഗ്രാമപഞ്ചായത്തുകളിൽ മാപത്തോൺ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിൽ മാത്രമാണ് മാപിംഗ് ജോലികൾ തീർക്കുവാനുള്ളത്. അവശേഷിക്കുന്ന 16 ഗ്രാമപഞ്ചായത്തുകളിലെ മാപത്തോൺ ഇപ്പോൾ നടക്കുകയാണ്. ഇടുക്കി ജില്ലയിൽ താരതമ്യേന റോഡുകൾ തീരെ ഇല്ലാത്ത പ്രദേശവും, ചെങ്കുത്തായ മലനിരകളും, എസ്റ്റേറ്റ് മേഖലയും ആയതിനാൽ ഫീൽഡ് പ്രവർത്തനങ്ങളിൽ ഏറെ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നു എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നിരുന്നാലും 2024 ജൂൺ മാസത്തിൽ തന്നെ പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്.

### 4.1 മാപത്തോൺ പ്രവർത്തനപുരോഗതി - ജൂൺ 2024

**സുരക്ഷിതമാക്കാം പശ്ചിമഘട്ടം - പ്രവർത്തന പുരോഗതി**

| | ഒന്നാം ഘട്ട പ്രവർത്തനങ്ങൾ | | | രണ്ടാം ഘട്ട പ്രവർത്തനങ്ങൾ | | | |
|---|---|---|---|---|---|---|---|
| ജില്ലകൾ | തിരഞ്ഞെടുത്ത ത.സ്വ.ഭ സ്ഥാപനങ്ങൾ | ഫീൽഡ് പ്രവർത്തനം കഴിഞ്ഞ ത.സ്വ.ഭ സ്ഥാപനങ്ങൾ | അപ്രൂവൽ ലഭിച്ച ത.സ്വ.ഭ സ്ഥാപനങ്ങൾ | അവതരണം നടത്തിയ ത.സ്വ.ഭ സ്ഥാപനങ്ങൾ | ഫീൽഡ് സന്ദർശനം പൂർത്തീകരിച്ച ത.സ്വ.ഭ സ്ഥാപനങ്ങൾ | നീർച്ചാൽ പുനരുജ്ജീവനം ജൂൺ മാസത്തിൽ (കി.മീറ്റർ) | നീർച്ചാൽ പുനരുജ്ജീവനം ആകെ (കി.മീറ്റർ) |
| കൊല്ലം | 7 | 7 | 7 | 7 | 7 | 66.26 | 323.39 |
| പത്തനംതിട്ട | 16 | 16 | 16 | 7 | 5 | 0 | 29.78 |
| കോട്ടയം | 32 | 32 | 32 | 27 | 0 | 0 | 58.30 |
| ഇടുക്കി | 49 | 33 | 23 | 0 | 0 | 0 | 0.00 |
| എറണാകുളം | 17 | 17 | 17 | 14 | 13 | 0 | 77.00 |
| പാലക്കാട് | 51 | 51 | 51 | 39 | 32 | 120.05 | 592.70 |
| കോഴിക്കോട് | 14 | 14 | 14 | 14 | 1 | 1.25 | 1.25 |
| വയനാട് | 26 | 26 | 26 | 12 | 26 | 0 | 59.40 |
| കണ്ണൂർ | 18 | 18 | 18 | 18 | 18 | 7.3 | 103.70 |
| ആകെ | 230 | 214 | 204 | 138 | 102 | 194.86 | 1239.72 |

മാപത്തോൺ പൂർത്തീകരിച്ച ഗ്രാമപഞ്ചായത്തുകളിൽ നീർച്ചാലുകൾ വീണ്ടെടുത്ത് നീരൊഴുക്ക് സുഗമമാക്കി, മണ്ണിടിച്ചിലും ഉരുൾ പൊട്ടലും കുറയ്ക്കുന്നതിനു വേണ്ടിയുള്ള അടുത്ത ഘട്ട പ്രവർത്തനങ്ങൾ 9 ജില്ലകളിൽ ഉൾപ്പെട്ട 138 ഗ്രാമപഞ്ചായത്തുകളിൽ ആരംഭിച്ചു.

മാപത്തോൺ രണ്ടാംഘട്ടം ഗ്രാമപഞ്ചായത്ത്തല അവതരണം 138 തദ്ദേശസ്ഥാപനങ്ങളിലും പൂർത്തീകരിച്ചു. മാപത്തോൺ അവതരണം പൂർത്തിയായ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ നീരുറവ് പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ട്. രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്കായി ഗ്രാമപഞ്ചായത്തുകളിൽ ആക്ഷൻ പ്ലാൻ തയാറാക്കിയിട്ടുണ്ട്. അവതരണം പൂർത്തിയാക്കിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വരൾച്ച പ്രവർത്തനങ്ങൾ വിവിധ വകുപ്പുകളുടെ ഏകോപനം ഉറപ്പാക്കി ജലസംരക്ഷണ പ്രവർത്തനം ഊർജ്ജിതമാക്കുന്നതിനു നടപടി സ്വീകരിച്ചു വരുന്നു.

- ❖ സംസ്ഥാനത്ത് മാപത്തോൺ പൂർത്തീകരിച്ച ഗ്രാമപഞ്ചായത്തുകളിൽ ഉൾപ്പെടുന്ന 138 ഗ്രാമപഞ്ചായത്തുകളിൽ അവതരണവും 102 ഗ്രാമപഞ്ചായത്തുകളിൽ ഫീൽഡ് തല പ്രവർത്തനങ്ങളും നടന്നു. ജൂൺ മാസത്തിൽ പാലക്കാട്(7), കണ്ണൂർ(3), വയനാട്(2), കോഴിക്കോട്(1), കോട്ടയം(1) എന്നി ജില്ലകളിലെ ഗ്രാമപഞ്ചാത്തുകളിൽ അവതരണവും പാലക്കാട്(5), കണ്ണൂർ(3) എന്നി ജില്ലകളിലെ ഗ്രാമപഞ്ചാത്തിൽ ഫീൽഡ് തല പ്രവർത്തനങ്ങളും നടന്നു.
- ❖ മാപത്തോൺ പൂർത്തീകരിച്ച ഗ്രാമപഞ്ചായത്തുകളിൽ ഫീൽഡ് തല പ്രവർത്തനങ്ങളുടെ ഭാഗമായി ജൂൺ മാസം 194.8 കി.മീ. നീർച്ചാൽ ശൃംഖല വീണ്ടെടുക്കൽ പ്രവർത്തനം പൂർത്തീകരിച്ചു. നാളിതുവരെ 102 ഗ്രാമപഞ്ചായത്തുകളിലായി 1297.717 കി.മീ. നീർച്ചാൽ പുനരുജ്ജീവനം നടത്തി.
- ❖ പാലക്കാട് (120.05 km), കൊല്ലം (66.25 km), കണ്ണൂർ (7.3 km), കോട്ടയം (5.8 km) കോഴിക്കോട് (1.25 km) എന്ന തോതിലാണ് നീർച്ചാൽ പുനരുജ്ജീകരണം ജൂൺ മാസത്തിൽ നടന്നത്.

| മാപ്പത്തോൺ ത്രൈമാസ വിലയിരുത്തൽ | | | | | |
|---|---|---|---|---|---|
| പ്രവർത്തനം നടന്ന മാസം | മാപ്പത്തോൺ- തിരഞ്ഞെടുത്ത ഗ്രാമപഞ്ചായത്തുകൾ (എണ്ണം) | പുരോഗതി | | | |
| | | ഫീൽഡ് വിസിറ്റ് പൂർത്തീകരിച്ച ഗ്രാമപഞ്ചായത്തുകൾ (എണ്ണം) | അപ്രൂവൽ ലഭിച്ച ഗ്രാമപഞ്ചായത്തുകൾ (എണ്ണം) | മാപ്പത്തോൺ മൂന്നാം ഘട്ടം ആരംഭിച്ച ഗ്രാമ പഞ്ചായത്തുകൾ (എണ്ണം) | പുനരുജ്ജീവിപ്പിച്ചതോട് / നീർച്ചാലിന്റെ നീളം (കിമീ) |
| ഏപ്രിൽ | 230 | 212 | 195 | 119 | 92.301 |
| മേയ് | | 214 | 202 | 124 | 278.2 |
| ജൂൺ | | 214 | 204 | 138 | 194.86 |

- ❖ കൊല്ലം ജില്ലയിൽ പശ്ചിമഘട്ട മേഖലയിൽ ഉൾപ്പെട്ട 7 ഗ്രാമപഞ്ചായത്തുകളിലും നീർച്ചാലുകൾ വീണ്ടെടുക്കൽ പ്രവർത്തനം പുരോഗമിക്കുന്നു.ജൂൺ മാസം 66.256 കി.മീ. നീർച്ചാൽ ശൃംഖല വീണ്ടെടുക്കൽ പ്രവർത്തനം പൂർത്തീകരിച്ചിട്ടുണ്ട്. നാളിതുവരെ 7 ഗ്രാമപഞ്ചായത്തുകളിലായി 323.386 കി.മീ. നീർച്ചാൽ പുനരുജ്ജീവനം നടത്തി.കൊല്ലം ജില്ലയിൽ മേയ് മാസം 64.55 കി.മീ. നീർച്ചാൽ ശൃംഖല വീണ്ടെടുക്കൽ പ്രവർത്തനം പൂർത്തീകരിച്ചിട്ടുണ്ട്. നാളിതുവരെ 7 ഗ്രാമപഞ്ചായത്തുകളിലായി 257.13 കി.മീ. നീർച്ചാൽ പുനരുജ്ജീവനം നടത്തി.
- ❖ ഇടുക്കി ജില്ലയിൽ ഇരട്ടയാർ ഗ്രാമപഞ്ചായത്തിൽ കയർ ഭൂവസ്ത്രം വിരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്തു, മാപ്പത്തോൺ ചെയ്തു ഡിജിറ്റലൈസ് ചെയ്ത തോടുകൾക്ക് പ്രാധാന്യം നൽകാൻ തീരുമാനിച്ചു,
- ❖ പാലക്കാട് ജില്ലയിൽ മാപ്പത്തോൺ പ്രവർത്തനത്തിനായി തിരഞ്ഞെടുത്ത 51 തദ്ദേശ സ്വയം

ഭരണ ഭരണ സ്ഥാപനങ്ങളിലും ഫീൽഡ് പ്രവർത്തനം പൂർത്തീകരിച്ച് പ്രവർത്തന റിപ്പോർട്ട് തയ്യാറാക്കി പ്രകാശനം ചെയ്തു. മാപ്പത്തോൺ രണ്ടാം ഘട്ടം - ഗ്രാമപഞ്ചായത്ത്തല അവതരണം 39 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പൂർത്തീകരിച്ചു. 7 ഗ്രാമപഞ്ചായത്തുകളിൽ ജൂൺ മാസത്തിൽ മാപ്പത്തോൺ അവതരണം നടന്നു.

- ❖ കോഴിക്കോട് ജില്ലയിലെ 14 പഞ്ചായത്തുകളിലും മാപ്പത്തോൺ പ്രവർത്തനം പൂർത്തീകരിച്ചു. ഇപ്പോൾ മാപ്പത്തോൺ അവതരണങ്ങൾ നടന്നുവരുന്നു. പുതുപ്പാടി ഗ്രാമപഞ്ചായത്തിൽ ജൂൺ മാസത്തിൽ അവതണം നടത്തി. 26 പേർ പങ്കെടുത്തു.
- ❖ വയനാട് ജില്ലയിൽ മുപ്പയിനാട്, തൊണ്ടർനാട് ഗ്രാമപഞ്ചായത്തുകളിൽ മാപ്പത്തോൺ അവതരണം നടന്നു.

| പ്രവർത്തനം നടന്ന മാസം | മാപ്പത്തോൺ ത്രൈമാസ അവലോകനം | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തനങ്ങളിലുള്ള ജനപങ്കാളിത്തം |
| | | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| ഏപ്രിൽ | 22 | 121 | 242 | 76 | 439 | 0 | 0 | 0 | 0 | 57 | 52 |
| മേയ് | 6 | 31 | 24 | 86 | 141 | 1 | 16 | 1 | 19 | 46 | 30 |
| ജൂൺ | 15 | 145 | 176 | 219 | 540 | 1 | 26 | 0 | 0 | 56 | 234 |
| ആകെ | 43 | 297 | 442 | 381 | 1120 | 2 | 42 | 1 | 19 | 159 | 316 |

## 5. നീരുറവ്

കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ പ്രദേശങ്ങളിലുമുള്ള ഓരോ നീർത്തട പ്രദേശത്തിലും ആവശ്യമായ മണ്ണ് സംരക്ഷണ/വികസന പ്രവർത്തനങ്ങൾക്കുള്ള മാസ്റ്റർപ്ലാനിന് രൂപംകൊടുത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും ഹരിതകേരളം മിഷനും സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണ് 'നീരുറവ്'.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ കേന്ദ്ര മാനദണ്ഡങ്ങൾക്കനുസരിച്ച് നീർത്തടാധിഷ്ഠിത വികസനത്തിന് അനുയോജ്യമായ നിലയിൽ പ്രാദേശികതലത്തിൽ ക്രമീകരിക്കുക എന്നതും ഈ പദ്ധതിയുടെ ലക്ഷ്യമാണ്.

ഹരിത കേരളം മിഷൻ നടപ്പിലാക്കിയ ജലബജറ്റ്, മാപത്തോൺ എന്നീ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ, ഫീൽഡ്തല കണ്ടെത്തലുകൾ ഉൾക്കൊള്ളിച്ചു കൊണ്ട് നീരുറവു മാസ്റ്റർപ്ലാൻ പരിഷ്കരിച്ചിരുന്നു. ജില്ലയിലെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും വിവിധ വകുപ്പുകളുടേയും ഏജൻസികളുടേയും നേതൃത്വത്തിൽ നീരുറവ് പ്ലാൻ തയ്യാറാക്കുകയും ഈ പ്ലാനുകൾ ഏകോപിപ്പിച്ച് തദ്ദേശഭരണ സ്ഥാപനതലത്തിൽ ഒരൊറ്റ പ്ലാനാക്കി മാറ്റാനും സാധിച്ചു. ഇതിന്റെ ഭാഗമായി ബ്ലോക്ക് ഗ്രാമപഞ്ചായത്തുതല സംഘാടക സമിതി രൂപീകരിക്കുകയും യോഗങ്ങൾ ചേരുകയും ചെയ്തു. ഫീൽഡുതല കണ്ടെത്തലുകൾ ഉൾക്കൊള്ളിച്ചു കൊണ്ട് മാസ്റ്റർ പ്ലാൻ പരിഷ്കരിച്ചിരുന്നു.

- ❖ നീരുറവ് പദ്ധതിയിലേക്ക് മാപത്തോൺ, ജലബജറ്റ് കണ്ടെത്തലുകൾ എന്നിവ ഉൾകൊള്ളിക്കുന്നത് വഴി ഫലത്തിൽ മാപത്തോൺ, ജലബജറ്റ് പദ്ധതികളുടെ ഭൗതിക പുരോഗതി കൈവരിക്കാൻ സാദ്ധ്യമാകും. മാപത്തോൺ, ജലബജറ്റ് നടന്ന 312 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ നീരുറവ് പ്രവർത്തനങ്ങളിൽ ഹരിത കേരളം മിഷൻ പ്രത്യേക ശ്രദ്ധ നൽകുന്നുണ്ട്.
- ❖ സംസ്ഥാനത്തു ഏറ്റടുത്ത 20037 നീരുറവു പ്രവർത്തനങ്ങളിൽ 17399 പ്രവർത്തനങ്ങൾ (86.83%) പൂർത്തീകരിച്ചു.
- ❖ നീരുവുമായി ബന്ധപ്പെട്ട് ഏറ്റവും കൂടുതൽ പ്രവർത്തനങ്ങൾ ഏറ്റെടുത്തു പൂർത്തീകരിച്ചത് പാലക്കാട് ജില്ലയാണ്. പാലക്കാട് ജില്ലയിൽ ഏറ്റടുത്ത 6690 പ്രവർത്തനങ്ങളും പൂർത്തീകരിച്ചു.

| നീരുറവ് പ്രവർത്തന പുരോഗതി | | | | | |
|---|---|---|---|---|---|
| ജില്ല | ജല ബജറ്റ്, മാപത്തോൺ പ്രവർത്തനങ്ങൾ നടന്ന ത.സ്വ.ഭ സ്ഥാപനങ്ങൾ | നീരുറവ് പ്രവർത്തനങ്ങൾ നടന്ന ത.സ്വ.ഭ സ്ഥാപനങ്ങൾ | ഏറ്റടുത്ത പ്രവർത്തനങ്ങൾ | പൂർത്തീകരിച്ച പ്രവർത്തനങ്ങൾ | % |
| തിരുവനന്തപുരം | 8 | 8 | 158 | 158 | 100.00% |
| കൊല്ലം | 12 | 12 | 3184 | 3132 | 98.37% |
| പത്തനംതിട്ട | 23 | 23 | 1651 | 389 | 23.56% |
| ആലപ്പുഴ | 5 | 5 | 136 | 75 | 55.15% |
| കോട്ടയം | 36 | 36 | 1301 | 1301 | 100.00% |
| ഇടുക്കി | 35 | 35 | 1227 | 681 | 55.50% |
| എറണാകുളം | 34 | 34 | 1840 | 1381 | 75.05% |
| തൃശ്ശൂർ | 8 | 8 | 124 | 98 | 79.03% |
| പാലക്കാട് | 66 | 66 | 6690 | 6690 | 100.00% |
| മലപ്പുറം | 7 | 7 | 169 | 166 | 98.22% |
| കോഴിക്കോട് | 24 | 17 | 408 | 207 | 50.74% |
| വയനാട് | 26 | 26 | 593 | 584 | 98.48% |
| കണ്ണൂർ | 23 | 23 | 2106 | 2106 | 100.00% |
| കാസർഗോഡ് | 5 | 5 | 450 | 431 | 95.78% |
| ആകെ | 312 | 305 | 20037 | 17399 | 86.83% |

- കൊല്ലം ജില്ലയിൽ 3184 പ്രവർത്തനങ്ങളിൽ 3132 എണ്ണവും, കണ്ണൂർ ജില്ലയിൽ 2106 പ്രവർത്തനങ്ങളിൽ 2106 എണ്ണവും, കോട്ടയം ജില്ലയിൽ 1301 പ്രവർത്തനങ്ങളിൽ 1301 എണ്ണവും പൂർത്തീകരിച്ചു.
- എറണാകുളം ജില്ലയിലും (1840), പത്തനംതിട്ട ജില്ലയിലും (1651), ഇടുക്കി ജില്ലയിലും (1227) കൂടുതൽ പ്രവർത്തനങ്ങൾ ഏറ്റടുത്തിട്ടുണ്ട്.
- ആലപ്പുഴ ജില്ലയിൽ നീരുറവ് മാസ്റ്റർ പ്ലാനിൽ ഉൾപ്പെട്ട 136 പ്രവർത്തങ്ങളിൽ ജൂൺ മാസം 32 പ്രവർത്തനങ്ങൾ പൂർത്തീകരിച്ച ഇതുൾപ്പടെ 75 പ്രവർത്തനങ്ങൾ ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട് .
- തൃശ്ശൂർ ജില്ലയിൽ വേലൂർ ഗ്രാമപഞ്ചായത്തിൽ ജലസംരക്ഷണത്തിന്റെ ഭാഗമായി നിലവിൽ രണ്ട് കിണറുകളുടെ നിർമ്മാണ പ്രവർത്തികൾ പൂർത്തിയാക്കുകയും അഞ്ചു തോടുകളിലെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുകയും ചെയ്യുന്നു.
- മലപ്പുറം ജില്ലയിൽ 54 തദ്ദേശ സ്ഥാപനങ്ങളിൽ 141.07 കിലോമീറ്റർ തോടുകൾ നവീകരിച്ചിട്ടുണ്ട്. നീരുറവ് മാസ്റ്റർ പ്ലാനിൽ ഉൾപ്പെട്ട 141 പ്രവർത്തനങ്ങളിൽ 66 പ്രവത്തങ്ങൾ തൻ മാസം പൂർത്തീകരിച്ചു
- കണ്ണൂർ ജില്ലയിൽ വിവിധ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലായി 23 നീർച്ചാലുകൾ(65.2 കി.മീ) പുനരുജ്ജീവിച്ചു. ഇതോടൊപ്പം 7 കുളങ്ങളും 274 താൽക്കാലിക തടയണകൾ തന്മാസം നിർമിച്ചിട്ടുണ്ട്.
- വയനാട് ജില്ലയിൽ ജൂൺ മാസം വരെ ജില്ലയിൽ 734 ജലസംരക്ഷണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.
- കാസർഗോഡ് ജില്ലയിൽ ജൂൺ മാസത്തിൽ 50.5 കിലോ മീറ്റർ നീളത്തിൽ 63 നീർച്ചാലുകൾ പുനരുജ്ജീവിപ്പിച്ചു.6 കിണറുകൾ നിർമ്മിച്ചിട്ടുണ്ട്. 2 കിണർ റീചാർജ്ജിംഗ് നടന്നിട്ടുണ്ട്.

| നീരുറവ് ത്രൈമാസ വിലയിരുത്തൽ | | | | | |
|---|---|---|---|---|---|
| നീരുറവ് പ്രവർത്തനങ്ങൾ | മാർച്ച് വരെ | ഏപ്രിൽ | മേയ് | ജൂൺ | ആകെ |
| ഏറ്റടുത്ത പ്രവർത്തനങ്ങൾ | 13747 | 1648 | 1489 | 3153 | 20037 |
| പൂർത്തീകരിച്ച പ്രവർത്തനങ്ങൾ | 10033 | 1515 | 2649 | 3202 | 17399 |

| പ്രവർത്തനം നടന്ന മാസം | നീരുറവ് ത്രൈമാസ അവലോകനം | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തികളിലുള്ള ജനപങ്കാളിത്തം |
| | | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| ഏപ്രിൽ | 70 | 180 | 551 | 111 | 842 | 0 | 0 | 0 | 0 | 533 | 361 |
| മേയ് | 32 | 148 | 193 | 107 | 448 | 1 | 186 | 0 | 0 | 211 | 336 |
| ജൂൺ | 47 | 147 | 291 | 146 | 584 | 0 | 0 | 0 | 0 | 233 | 1132 |
| ആകെ | 149 | 475 | 1035 | 364 | 1874 | 1 | 186 | 0 | 0 | 977 | 1829 |

## 6. ജലഗുണനിലവാര നിർണ്ണയ ലാബ്

ജനങ്ങൾക്ക ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്നതിനോടൊപ്പം കുടിക്കുന്ന വെള്ളം ശുദ്ധവും സുരക്ഷിതവുമാണെന്ന് ഉറപ്പാക്കുന്നതിനുവേണ്ടി ജലസാമ്പിളുകൾ പരിശോധിക്കാൻ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഉള്ള ഒരു ഹയർ സെക്കൻഡറി സ്കൂളിലും ഒരു ജല ഗുണനിലവാര നിർണ്ണയ ലാബ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. വളരെ എളുപ്പത്തിലും വലിയ പണച്ചിലവ് ഇല്ലാതെയും പൊതുജനങ്ങൾക്ക് ഇത്തരം സംവിധാനങ്ങൾ ഉപയോഗിക്കുവാൻ ലക്ഷ്യമിട്ടാണ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ ജലഗുണനിലവാര പരിശോധന ലാബുകൾ സ്ഥാപിക്കുക എന്ന ലക്ഷ്യം ഹരിത കേരളം മിഷൻ മുന്നോട്ട് വെച്ചത്.

| ജില്ലാ | പ്രവർത്തന സജ്ജമായ ലാബുകൾ | വാട്ടർ ടെസ്റ്റിംഗ് | | | | |
|---|---|---|---|---|---|---|
| | | മാർച്ച് വരെ | ഏപ്രിൽ | മേയ് | ജൂൺ | ആകെ |
| തിരുവനന്തപുരം | 13 | 1,478 | 0 | 12 | 15 | 1,505 |
| കൊല്ലം | 11 | 1,090 | 0 | 9 | 39 | 1,138 |
| പത്തനംതിട്ട | 21 | | | | | |
| ആലപ്പുഴ | 28 | 741 | 1 | 28 | 19 | 789 |
| കോട്ടയം | | | | | | |
| ഇടുക്കി | 35 | 1,881 | 89 | 86 | 77 | 2,133 |
| എറണാകുളം | | | | | | |
| തൃശ്ശൂർ | 54 | 17,359 | 8 | 154 | 221 | 17,742 |
| പാലക്കാട് | 10 | 185 | 0 | 0 | 3 | 188 |
| മലപ്പുറം | | | | | | |
| കോഴിക്കോട് | 29 | 1,891 | 69 | 1 | 1 | 1,962 |
| വയനാട് | | | | | | |
| കണ്ണൂർ | 21 | 1,582 | 1 | 1 | 0 | 1,584 |
| കാസർഗോഡ് | 12 | 514 | 3 | 35 | 4 | 556 |
| ആകെ | 234 | 26,721 | 171 | 326 | 379 | 27,597 |

(പട്ടികയുടെ തലക്കെട്ട്: ജലഗുണനിലവാര നിർണ്ണയ ലാബ് ത്രൈമാസ അവലോകനം)

534 ഹയർ സെക്കൻഡറി സ്കൂളുകളിൽ ജല ഗുണനിലവാര നിർണ്ണയ ലാബുകൾ സ്ഥാപിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ പെരിയാർ, പമ്പാ നദികളുടെ നദീതടത്തിൽപെടുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ (എറണാകുളം, ഇടുക്കി, കോട്ടയം, ആലപ്പുഴ, പത്തനംതിട്ട ജില്ലകൾ) 313 ഹയർ സെക്കണ്ടറി സ്കൂളുകളിൽ കേരള പുനർനിർമ്മാണ പദ്ധതിയുടെ (RKI) സഹായത്തോടെയാണ് ലാബുകൾ സ്ഥാപിക്കുന്നത്.

ജൂൺ മാസം വരെ ആകെ 234 സ്കൂളുകളിൽ ലാബുകൾ സ്ഥാപിച്ചിട്ടുണ്ട്. ലാബുകൾ സ്ഥാപിച്ച 236 സ്കൂളുകളിലെ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ പരിശീലനങ്ങൾ നൽകിയിട്ടുണ്ട്. 308 ഹയർ സെക്കൻഡറി സ്കൂളുകളിൽ ജലഗുണനിലവാര

നിർണ്ണയ ലാബുകൾ സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ നടന്നു വരുന്നു. ജൂൺ മാസത്തെ 379 ജലസാമ്പിളുകൾ പരിശോധിച്ചത് ഉൾപ്പെടെ 27,597 ജലസാമ്പിളുകൾ ഈ ലാബുകളിൽ നാളിതുവരെ പരിശോധിച്ചിട്ടുണ്ട്.

534 ഹയർ സെക്കൻഡറി സ്കൂളുകളിൽ ജല ഗുണനിലവാര നിർണ്ണയ ലാബുകൾ സ്ഥാപിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ പെരിയാർ, പമ്പാ നദികളുടെ നദീതടത്തിൽപെടുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ (എറണാകുളം, ഇടുക്കി, കോട്ടയം, ആലപ്പുഴ, പത്തനംതിട്ട ജില്ലകൾ) 313 ഹയർ സെക്കണ്ടറി സ്കൂളുകളിൽ കേരള പുനർനിർമ്മാണ പദ്ധതിയുടെ (RKI) സഹായത്തോടെയാണ് ലാബുകൾ സ്ഥാപിക്കുന്നത്.

ജൂൺ മാസം വരെ ആകെ 234 സ്കൂളുകളിൽ ലാബുകൾ സ്ഥാപിച്ചിട്ടുണ്ട്. ലാബുകൾ സ്ഥാപിച്ച 236 സ്കൂളുകളിലെ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ പരിശീലനങ്ങൾ നൽകിയിട്ടുണ്ട്. 308 ഹയർ സെക്കൻഡറി സ്കൂളുകളിൽ ജലഗുണനിലവാര നിർണ്ണയ ലാബുകൾ സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ നടന്നു വരുന്നു. ജൂൺ മാസത്തെ 379 ജലസാമ്പിളുകൾ പരിശോധിച്ചത് ഉൾപ്പെടെ 27,597 ജലസാമ്പിളുകൾ ഈ ലാബുകളിൽ നാളിതുവരെ പരിശോധിച്ചിട്ടുണ്ട്.

- ❖ കൊല്ലം ജില്ലയിൽ ഒൻപത് ഹയർസെക്കൻഡറി സ്കൂളുകളിൽ വാട്ടർ ടെസ്റ്റിംഗ് ലാബ് സ്ഥാപിക്കുന്നതിന് എംഎൽഎ ഫണ്ട് വിനിയോഗിക്കുന്നതിനിയി കത്ത് ക്ഷീരവികസനം, മൃഗസംരക്ഷണം വകുപ്പ് മന്ത്രി ജെ.ചിഞ്ചുറാണി സമർപ്പിച്ചു.
- ❖ ആലപ്പുഴ ജില്ലയിൽ റീബിൽഡ് കേരള ഇനിഷെറ്റിവിന്റെ സാമ്പത്തിക സഹകരണത്തോടെ അരൂർ നിയോജക മണ്ഡലത്തിൽപെട്ട ടെൻഡർ ചെയ്ത 6 സ്കൂളുകളിൽ ലാബിന്റെ പ്രവർത്തനം പൂർത്തീകരിച്ചിട്ടുണ്ട്.
- ❖ ഇടുക്കി ജില്ലയിൽ 3 സ്കൂളിലെ രസതന്ത്രം അദ്ധ്യാപിക, ലാബ് അസിസ്റ്റന്റ്, എൻ എസ് എസ് കുട്ടികൾ എന്നിവർക്കു ജല പരിശോധന പരിശീലനം നൽകി.
- ❖ കോട്ടയം ജില്ലയിൽ 30 ലാബുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു.

## 7. പച്ചത്തുരുത്തുകൾ

- ❖ പച്ചത്തുരുത്ത് പദ്ധതിയുടെ ഭാഗമായി 2019 ജൂൺ മാസം മുതൽ 2024 ജൂൺ വരെ 955.1 ഏക്കർ ആകെ വിസ്തൃതിയിൽ 3366 പച്ചത്തുരുത്തുകൾ സ്ഥാപിച്ചിട്ടുണ്ട്.
- ❖ ജൂൺ 5 പരിസ്ഥിതി ദിനത്തോട് അനുബന്ധിച്ച് സംസ്ഥാനത്തു 92.474 ഏക്കർ ആകെ വിസ്തൃതിയിൽ 414 പുതിയ പച്ചത്തുരുത്തുകളുടെ ഉദ്ഘാടനം നടന്നിട്ടുണ്ട്. ഇത് കൂടാതെ വരും മാസങ്ങളിൽ സ്ഥാപിക്കുന്നതിനായി 193 ഏക്കർ ആകെ വിസ്തൃതിയിൽ സംസ്ഥാനത്ത് ഏകദേശം 400 പച്ചത്തുരുത്തുകൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തിയിട്ടുണ്ട്.
- ❖ ജൂൺ മാസത്തിൽ സംസ്ഥാനത്ത് സ്ഥാപിച്ച വിവിധ പച്ചത്തുരുത്തുകളിൽ ഏറ്റവും വിസ്തൃതി കൂടിയതു കണ്ണൂർ ജില്ലയിൽ പായം പെരുമ്പറമ്പ് എക്കോ പാർക്കിലെ 6 ഏക്കർ പച്ചത്തുരുത്താണ്. കൂടാതെ പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ 2 ഏക്കറിൽ കൂടുതൽ വിസ്തൃതിയിലുള്ള പച്ചത്തുരുത്തുകൾ ജൂൺ മാസത്തിൽ സ്ഥാപിച്ചിട്ടുണ്ട്.
- ❖ വിസ്തൃതിയിൽ ഏറ്റവും കൂടുതൽ പച്ചത്തുരുത്ത് സ്ഥാപിച്ചത് കണ്ണൂർ ജില്ലയിലാണ് (271.4 ഏക്കർ ആകെ വിസ്തൃതിയിൽ 173 പച്ചതുരുത്തുകൾ).
- ❖ എണ്ണത്തിൽ ഏറ്റവും കൂടുതൽ പച്ചത്തുരുത്ത് സ്ഥാപിച്ചത് കാസർഗോഡ് ജില്ലയിലാണ് (159.2 ഏക്കർ ആകെ വിസ്തൃതിയിൽ 734 പച്ചതുരുത്തുകൾ).
- ❖ പാലക്കാട് (125.5 ഏക്കർ ആകെ വിസ്തൃതിയിൽ 331 പച്ചതുരുത്തുകൾ), മലപ്പുറം (73.7 ഏക്കർ ആകെ വിസ്തൃതിയിൽ 145 പച്ചതുരുത്തുകൾ) എന്നീ ജില്ലകളിലും കൂടുതൽ വിസ്തൃതിൽ

പച്ചതുരുത്തുകൾ സ്ഥാപിച്ചിട്ടുണ്ട്.

| ജില്ല | 2024 ജൂൺ മാസത്തിൽ മാത്രം | | 2019 ജൂൺ മാസം മുതൽ 2024 ജൂൺ വരെ | |
|---|---|---|---|---|
| | എണ്ണം | വിസ്തൃതി (ഏക്കറിൽ) | ആകെ എണ്ണം | ആകെ (ഏക്കർ) |
| തിരുവനന്തപുരം | 39 | 7.67 | 492 | 58.8 |
| കൊല്ലം | 55 | 2.00 | 274 | 34.8 |
| പത്തനംതിട്ട | 26 | 6.29 | 183 | 30.4 |
| ആലപ്പുഴ | 11 | 3.36 | 90 | 21.0 |
| കോട്ടയം | 35 | 4.20 | 271 | 31.9 |
| ഇടുക്കി | 8 | 2.61 | 69 | 22.9 |
| എറണാകുളം | 13 | 1.80 | 137 | 18.8 |
| തൃശ്ശൂർ | 30 | 8.79 | 187 | 35.7 |
| പാലക്കാട് | 60 | 13.84 | 331 | 125.5 |
| മലപ്പുറം | 16 | 2.32 | 145 | 73.7 |
| കോഴിക്കോട് | 21 | 6.39 | 211 | 48.2 |
| വയനാട് | 6 | 1.57 | 69 | 22.8 |
| കണ്ണൂർ | 22 | 20.52 | 173 | 271.4 |
| കാസർഗോഡ് | 72 | 11.12 | 734 | 159.2 |
| ആകെ | 414 | 92.47 | 3366 | 955.1 |

- സ്ഥാപിച്ച പച്ചത്തുരുത്തുകളുടെ നിലവിലുള്ള അവസ്ഥ വിലയിരുത്തുന്നതിനും നശിച്ചുപോയ ചെടികൾക്കു പകരം പുതിയ ചെടികൾ വെച്ച് പിടിപ്പിക്കാനും ലക്ഷ്യം വച്ച് കൊണ്ട് എല്ലാ ജില്ലയിലും ഹരിത കേരളം മിഷൻ റിസോർസ് പേർസൺമാർ പച്ചത്തുരുത്തുകൾ പുനർസന്ദർശിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി ജൂൺ മാസത്തിൽ 196 പച്ചത്തുരുത്തുകൾ പുനർസന്ദർശിക്കുകയും 79 പച്ചത്തുരുത്തുകളിൽ റീപ്ലാന്റിംഗ് നടത്തുകയും ചെയ്തിട്ടുണ്ട്. റീപ്ലാന്റിംഗിനായി 3134 തൈകൾ ആവശ്യമായി വന്നു.
- തിരുവനന്തപുരം ജില്ലയിൽ ജൂൺ 5 - പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തനങ്ങളുടെ ജില്ലാതല ഉദ്ഘാടനം മാണിക്കൽ പഞ്ചായത്തിലെ 'കാവോരം വീഥി' യിൽ ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ജി. ആർ അനിൽ നിർവഹിച്ചു. ജൂൺ മാസത്തിൽ ജില്ലയിൽ 7.67 ഏക്കർ ആകെ വിസ്തൃതിയിൽ 39 പച്ചത്തുരുത്തുകൾ സ്ഥാപിച്ചിട്ടുണ്ട് . ജൂൺ മാസത്തിൽ 22 പച്ചത്തുരുത്തുകളിൽ പുനസന്ദർശം നടത്തുകയും 17 പച്ചത്തുരുത്തുകളിൽ റീപ്ലാന്റിംഗ് നടത്തുകയും ചെയ്തു. റീപ്ലാന്റിംഗിനായി 22 തൈകൾ ആവശ്യമായി വന്നു.
- ജൂൺ 5 ലോക പരിസ്ഥിതിദിനത്തിൽ ട്രാവൻകൂർ ടൈറ്റാനിയം ക്യാമ്പസിൽ 2 ഏക്കർ സ്ഥലത്ത് നിർമ്മിക്കുന്ന പഴവർഗപച്ചത്തുരുത്ത് നവകേരളം കർമ്മപദ്ധതി കോ-ഓർഡിനേറ്റർ ഡോ. ടി. എൻ സീമ മാവിൻതൈ നട്ട് ഉദ്ഘാടനം നിർവഹിച്ചു.
- കൊല്ലം ജില്ലയിൽ പച്ചത്തുരുത്ത് ജില്ലാതല ഉദ്ഘാടനം 22/06/24-ന് ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് കോമ്പൌണ്ടിൽ തൈകൾ നട്ടുകൊണ്ട് ക്ഷീരവികസനം, മൃഗസംരക്ഷണം വകുപ്പ് മന്ത്രി ജെ.ചിഞ്ചുറാണി ഉദ്ഘാടനം നിർവ്വഹിച്ചു. ജൂൺ മാസത്തിൽ ജില്ലയിൽ 2 ഏക്കറിലായി 55 പച്ചത്തുരുത്തുകൾ ആരംഭിച്ചിട്ടുണ്ട്.
- 2024-25 സാമ്പത്തിക വർഷത്തിൽ പുതിയതായി പച്ചത്തുരുത്തുകൾ ആരംഭിക്കുന്നതിനായി 134 സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ചവറ KMML-ൽ പുതിയ പച്ചത്തുരുത്തും ബയോഡൈവേഴ്സിറ്റി പാർക്കും ആരംഭിക്കുന്നതിനായി പ്രോജക്റ്റ് സമർപ്പിച്ചിട്ടുണ്ട്.
- പത്തനംതിട്ട ജില്ലയിൽ പച്ചത്തുരുത്ത് വ്യാപനത്തിന്റെ ജില്ലാതല ഉദ്ഘാടനം 05.06.2024 റാന്നി

ഗ്രാമപഞ്ചായത്തിലെ പരമ്പരാഗ തിരുവാഭരണ പാതയിൽ തൈ നട്ടുകൊണ്ട് റാന്നി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് നിർവ്വഹിച്ചു. ജില്ലയിലെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലായി ജൂൺ മാസത്തിൽ 10.085 ഏക്കർ ആകെ വിസ്തൃതിയിൽ 26 പച്ചത്തുരുത്തുകൾ സ്ഥാപിച്ചു.

- ആലപ്പുഴ ജില്ലയിൽ സമ്പൂർണ്ണ ജൈവവൈവിധ്യം എന്ന ലക്ഷ്യത്തോടെ പരിസ്ഥിതി സംരക്ഷണ വാരാചരണത്തിന്റെ ഭാഗമായി കെ എസ് ഡി പി അങ്കണത്തിൽ പച്ചത്തുരുത്തിന്റെ ജില്ലാതല ഉദ്ഘടനം ആലപ്പുഴ എം.എൽ എ, പി.പി ചിത്തരഞ്ജൻ അശോക വൃക്ഷത്തൈ നട്ടുകൊണ്ട് നിർവഹിച്ചു. 3 മുതൽ 5 വർഷം വരെ പരിപാലിച്ച് ചെറുവനങ്ങൾ സൃഷ്ടിക്കുന്ന പദ്ധതിയാണ് വിഭാവനം ചെയ്തിട്ടുള്ളത്.
- ആലപ്പുഴ ജില്ലയിലെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലായി ജൂൺ മാസത്തിൽ 3.36 ഏക്കർ ആകെ വിസ്തൃതിയിൽ 11 പച്ചത്തുരുത്തുകൾ സ്ഥാപിച്ചു.
- ആലപ്പുഴ ജില്ലയിൽ നിലവിൽ നാശം വന്നു കൊണ്ടിരിക്കുന്ന കാവുകളെ കണ്ടെത്തി അവയെ സംരക്ഷിക്കാനുള്ള ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി ജില്ലയിലെ ആദ്യമായി കാവ് പച്ചത്തുരുത്ത് സ്ഥാപിക്കപ്പെട്ടു. ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കേരള വനംവകുപ്പ് എന്നിവ സംയോജിച്ചാണ് 2018 -ലെ പ്രളയത്തിൽ നശിച്ച് പോയ 5 സെന്റ് വിസ്തൃതിയുള്ള സർപ്പക്കാവ് പുനഃസ്ഥാപിച്ചത്.
- ആലപ്പുഴ ജില്ലയിൽ ജൂൺ മാസത്തിൽ അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത് കോൺഫറൻസ് ഹാളിൽ കണ്ടൽ പച്ചത്തുരുത്തിന്റെ ഭാഗമായി നഴ്സറി രൂപീകരണവും കണ്ടൽ ബ്രിഗേഡുകളുടെ പരിശീലനവും നടന്നു.
- കോട്ടയം ജില്ലയിൽ പച്ചത്തുരുത്ത് ജില്ലാ തല ഉത്ഘാടനം സഹകരണ, തുറമുഖ, ദേവസം വകുപ്പ് മന്ത്രി വി.എൻ. വാസവൻ കുമരകം നോർത്ത് എൽ.പി സ്കൂളിൽ നിർവഹിച്ചു. കോട്ടയം ജില്ലയിലെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലായി ജൂൺ മാസത്തിൽ 4.2 ഏക്കർ ആകെ വിസ്തൃതിയിൽ 35 പച്ചത്തുരുത്തുകൾ സ്ഥാപിച്ചു.
- ഇടുക്കി ജില്ലയിൽ റിപ്പോർട്ട് മാസം 11 പച്ചത്തുരുത്തുകളിൽ പുനഃസന്ദർശനം നടത്തിയിട്ടുണ്ട്.. ഇടുക്കി ജില്ലയിലെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലായി ജൂൺ മാസത്തിൽ 2.61 ഏക്കർ ആകെ വിസ്തൃതിയിൽ 8 പച്ചത്തുരുത്തുകൾ സ്ഥാപിച്ചു.
- എറണാകുളം ജില്ലയിലെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലായി ജൂൺ മാസത്തിൽ 1.8 ഏക്കർ ആകെ വിസ്തൃതിയിൽ 13 പച്ചത്തുരുത്തുകൾ സ്ഥാപിച്ചു.
- എറണാകുളം ജില്ലയിൽ പച്ചത്തുരുത്ത് പ്രവർത്തനങ്ങൾക്ക വേണ്ടി ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് (1.045 ഏക്കർ), കൊച്ചി കോർപ്പറേഷൻ GCDA, അറ്റ്ലാന്റിസ് റെയിൽവേ ഗെയ്റ്റിനോട് ചേർന്ന് (40 സെന്റ്), അങ്കമാലി നഗരസഭയിലെ ആറാട്ടുകടവ് ഭാഗത്ത് നടപ്പാതയുടെ സൈഡിലായി എന്നിവിടങ്ങളിൽ പുതിയ സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ട്.
- കൊച്ചി കോർപ്പറേഷൻ "ഒരു വീട്ടിൽ ഒരു മരം" പദ്ധതിയുടെ ഭാഗമായി കൊച്ചി നഗരസഭയും ലൂർദ് മാതാ പള്ളിയിലെ കുടുംബയൂണിറ്റുകൾ മുഖേനയും പള്ളിയിലും ഇടവക ഭവനങ്ങളിലും 500 ഫലവൃക്ഷത്തൈകൾ നട്ടു
- എറണാകുളം ജില്ലയിൽ ജൂൺ 5 ന് പരിസ്ഥിതി ദിനത്തിൽ കൊച്ചി കോർപറേഷൻ ഹരിത മിഷന്റെ നേതൃത്വത്തിൽ ജീസസ്സ് റോഡിൽ ചാത്യാത്ത് ചർച്ചിന്റെ ഒരേക്കർ സ്ഥലത്ത് ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ 1000 ഫലവൃക്ഷ തൈകൾ നട്ടു.
- തൃശ്ശൂർ ജില്ലയിലെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലായി ജൂൺ മാസത്തിൽ 8.785 ഏക്കർ ആകെ വിസ്തൃതിയിൽ 30 പച്ചത്തുരുത്തുകൾ സ്ഥാപിച്ചു. പച്ചത്തുരുത്തുകൾ വച്ചുപിടിപ്പിക്കുന്നതിന് സംസ്ഥാന ഔഷധസസ്യ ബോർഡിൽ നിന്നും 3000 തൈകളും KFRI ൽ

നിന്ന് 2000 തൈകളും ലഭ്യമാക്കി.

- ❖ തൃശ്ശൂർ ജില്ലയിലെ ജനകീയ പച്ചതുരുത്ത് ജില്ലാതല ഉദ്ഘാടനം വടക്കാഞ്ചേരി എംഎൽഎ സേവിയർ ചിറ്റിലപ്പള്ളി അവണൂർ ശാന്ത ഹയർ സെക്കൻഡറി സ്കൂളിൽ വച്ച് നിർവഹിച്ചു. ജനകീയ പങ്കാളിത്തം ഉറപ്പാക്കുന്നതിന് ശാന്ത ഹയർ സെക്കൻഡറി സ്കൂളിലെ 180 കുട്ടികൾ കൊണ്ടുവന്ന വൃക്ഷ തൈകൾ പരസ്പരം കൈമാറ്റം ചെയ്ത് NSSന്റെ നേതൃത്വത്തിൽ നട്ടു. സംരക്ഷണത്തിനായി ഇവിടെ നട്ടിട്ടുള്ള ഓരോ ചെടിയുടെ പേരും പരിപാലിക്കുന്ന വിദ്യാർത്ഥിയുടെ പേരും എഴുതി നന്മ എന്ന പേരിൽ ഒരു രജിസ്റ്റർ എഴുതി തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്.
- ❖ തൃശ്ശൂർ ജില്ലയിൽ സംസ്ഥാന ഔഷധസസ്യ ബോർഡ്, KFRI, സോഷ്യൽ ഫോറസ്ട്രി, എന്നീ വകുപ്പുകളുടെ സഹകരണത്തോടെ ജൂലായ് മാസങ്ങളിലായി ജില്ലയിൽ 25 ഏക്കറിൽ പച്ചത്തുരുത്തുകൾ സ്ഥാപിക്കും.
- ❖ തൃശ്ശൂർ ജില്ലയിൽ ജൂൺ മാസത്തിൽ ജില്ലയിലെ 39 പച്ചത്തുരുത്തുകൾ പുനഃസന്ദർശിച്ച് നിലവിലെ സ്ഥിതി വിലയിരുത്തി. പുനഃസന്ദർശനം നടത്തിയ എല്ലാ പച്ചത്തുരുത്തുകളും തുടർപരിപാലനം ഉറപ്പുവരുത്തുന്നതിനുള്ള പ്രവർത്തങ്ങൾ നടന്നുവരുന്നു.
- ❖ തൃശ്ശൂർ ജില്ലയിൽ ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്തിലെ തിരുമംഗലം യുപി സ്കൂളിൽ, പെരിഞ്ഞനം ഗ്രാമപഞ്ചായത്തിലെ അയ്യപ്പൻ മെമ്മോറിയൽ എൽ പി സ്കൂളിൽ, എടതിരുത്തി ഗ്രാമപഞ്ചായത്തിലെ സെന്റ് ആൻസ് ഗേൾസ് ഹൈസ്കൂളിൽ, വെള്ളാങ്കല്ലൂർ ഗ്രാമപഞ്ചായത്ത് വടക്കുംകര സബ് രജിസ്ട്രാർ ഓഫീസ് എന്നിവിടങ്ങളിൽ പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി ഹരിത കേരളം മിഷന്റെ ആഭിമുഖ്യത്തിൽ ഔഷധതോട്ടമൊരുക്കി. ഔഷധിയിൽ നിന്ന് ലഭിച്ച ഔഷധ മൂല്യമുള്ള സസ്യങ്ങൾ ഉൾപ്പെടുത്തികൊണ്ടാണ് ഔഷധ തോട്ടമുരുക്കിയത്.
- ❖ പാലക്കാട് ജില്ലയിലെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലായി ജൂൺ മാസത്തിൽ 13.84 ഏക്കർ ആകെ വിസ്തൃതിയിൽ 60 പച്ചത്തുരുത്തുകൾ സ്ഥാപിച്ചു.
- ❖ പാലക്കാട് ജില്ലയിലെ പലതരത്തിലുള്ള പാരിസ്ഥിതിക ആഘാതങ്ങൾ ലഘൂകരിക്കുന്നതിനും പരിസ്ഥിതി സൗഹൃദ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകി കാർഷിക വികസനവും ജലസംരക്ഷണവും മാലിന്യസംസ്കരണവും ഉറപ്പാക്കുന്നതിനായി നവകേരളം കർമ്മപദ്ധതിയുടെ സഹായത്തോടെ പാലക്കാട് ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ 'പാരിസ്ഥിതികം 2024' എന്ന ബഹുതല ക്യാമ്പയിൻ ആരംഭിച്ചു. പാരിസ്ഥിതികം 2024 ന്റെ ഭാഗമായി ഹരിതഭൂമി, ഗ്രീൻ ദി ഗ്യാപ്പ് എന്നീ പ്രൊജക്ടുകളുമായി സംയോജിപ്പിച്ചിട്ടുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നത്.
- ❖ പാലക്കാട് ജില്ലയിൽ ജില്ലാ ഖാദി ഗ്രാമ വ്യവസായ കാര്യാലയത്തിന്റെ കീഴിലെ 13.46 ഏക്കറുകളിലായി 17 സ്ഥലങ്ങളിൽ പച്ചത്തുരുത്ത്, കൃഷിക്കായി നൽകാം എന്ന് ഖാദി ബ്ലോർഡിൽ നിന്ന് അറിയിച്ചിട്ടുണ്ട്. ഈ 17 സ്ഥലങ്ങളും ജൂൺ മാസത്തിൽ നവകേരളം ഇന്റേൺസ് ഫീൽഡ് സന്ദർശനം നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പച്ചത്തുരുത്ത് സ്ഥാപിക്കാൻ വേണ്ട പ്രവർത്തനങ്ങൾ ജില്ലയിൽ നടന്നുവരുന്നു.
- ❖ മലപ്പുറം ജില്ലയിലെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലായി ജൂൺ മാസത്തിൽ 2.32 ഏക്കർ ആകെ വിസ്തൃതിയിൽ 16 പച്ചത്തുരുത്തുകൾ സ്ഥാപിച്ചു.
- ❖ മലപ്പുറം ജില്ലയിൽ "മരക്കൂട്ടം" എന്ന പേരിൽ ബ്ലോക്കിലെ ഒരു വിദ്യാലയം കേന്ദ്രികരിച്ച് മാതൃക പച്ചത്തുരുത്ത് ഉണ്ടാകുന്ന പദ്ധതി ജില്ലയിൽ സ്കൂളുകളിൽ നടന്നുവരുന്നു. 15 ബ്ലോക്കുകളുള്ള ജില്ലയിൽ 15 ബ്ലോക്കുകളുടെ കീഴിൽ വിവിധ സ്കൂൾ തിരഞ്ഞെടുത്ത് പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.
- ❖ കോഴിക്കോട് ജില്ലയിൽ ജൂൺ 5ന് പച്ചത്തുരുത്ത് വ്യാപനം ക്യാമ്പയിന്റെ ജില്ലാതല ഉദ്ഘാടനം

മണിയൂർ ഗ്രാമപഞ്ചായത്തിലെ ജവഹർ നവോദയ വിദ്യാലയത്തിലെ 2 ഏക്കർ സ്ഥലത്ത് കുറ്റ്യാടി എം.എൽ.എ, കെപി കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ നിർവ്വഹിച്ചു. നെറ്റ് സീറോ ക്യാമ്പയിൻ ഏറ്റെടുക്കുന്ന ഒരു പഞ്ചായത്താണ് മണിയൂർ.

- ❖ ജില്ലയിലെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലായി ജൂൺ മാസത്തിൽ 6.39 ഏക്കർ ആകെ വിസ്തൃതിയിൽ 21 പച്ചത്തുരുത്തുകൾ സ്ഥാപിച്ചു.
- ❖ കോഴിക്കോട് ജില്ലയിൽ വൃക്ഷ വൽക്കരണ ക്യാമ്പയിന്റെ ഭാഗമായി വടകര നഗരസഭയിലെ നെറ്റ് സീറോ വിദ്യാലയമായി പ്രവർത്തനമേറ്റെടുക്കാൻ ഉദ്ദേശിക്കുന്ന എസ്.പി.എച്ച് വിലാസം ജെ ബി സ്കൂളിൽ ചങ്ങാതിക്കൊരു മരം ക്യാമ്പയിനും ജൂൺ 5ന് ഉദ്ഘാടനം ചെയ്തു.
- ❖ കോഴിക്കോട് ജില്ലയിൽ മഞ്ഞപ്പുഴ ക്യാമ്പയിന്റെ ഭാഗമായി ഒരു ദിനം പുഴയോരത്ത് ക്യാമ്പയിന്റെ ഭാഗമായും പച്ചത്തുരുത്ത് സ്ഥാപിച്ചു. മറ്റ് വിവിധ തദ്ദേശസ്ഥാപനങ്ങളിലായി 20 പച്ചത്തുരുത്തുകൾ സ്ഥാപിച്ചു.
- ❖ വയനാട് ജില്ലയിലെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലായി ജൂൺ മാസത്തിൽ 1.57 ഏക്കർ ആകെ വിസ്തൃതിയിൽ 6 പച്ചത്തുരുത്തുകൾ സ്ഥാപിച്ചു.
- ❖ വയനാട് ജില്ലയിൽ നൂൽപ്പുഴ ഗ്രാമപഞ്ചായത്തിൽ കല്ലൂർ പാലത്തിന് സമീപം പുഴയോരത്ത് ഒരു ഏക്കർ സ്ഥലത്തു മുളയുടെ പച്ചത്തുരുത്ത് സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട് .
- ❖ കണ്ണൂർ ജില്ലയിലെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലായി ജൂൺ മാസത്തിൽ 20.52 ഏക്കർ ആകെ വിസ്തൃതിയിൽ 22 പച്ചത്തുരുത്തുകൾ സ്ഥാപിച്ചു.
- ❖ കണ്ണൂർ ജില്ലയിലെ എല്ലാ തദ്ദേശസ്ഥാപനങ്ങളിലും എല്ലാ തരിശ് ഭൂമിയിലും പച്ചത്തുരുത്തുകൾ നട്ടു വളർത്തുന്നു. വ്യാപന പരിപാടിക്ക് ലോക പരിസ്ഥിതി ദിനമായ 2024 ജൂൺ 5ന് ഇരിട്ടി നഗരസഭയിലെ എടക്കാനം റിവർ വ്യൂ പാർക്ക് പോയിന്റിൽ തുടക്കമായി. ഇരിട്ടി നഗരസഭയിലെ എടക്കാനത്ത് ഒരു ഏക്കർ ഭൂമിയിലാണ് വിവിധ വൃക്ഷങ്ങൾ നട്ടുവളർത്തുന്നത്.
- ❖ കണ്ണൂർ ജില്ലയിൽ ജീവിതത്തിലെ സ്മരണീയ ദിനങ്ങൾക്കു പച്ചപ്പ് ചാർത്താൻ താല്പര്യമുള്ള വ്യക്തികൾക്കായ് നടപ്പിലാക്കി വരുന്ന ഓർമ്മമരം പരിപാടിയുടെ 2024 വർഷത്തെ ഉദ്ഘാടനം ചിത്രകാരിയും ഇരിട്ടി സഗരസഭ ശുചിത്വ അംബാസിഡറുമായ വിദ്യ സുന്ദർ ഓർമ്മമരം നട്ടു നിർവ്വഹിച്ചു. കണ്ണൂർ ജില്ലയിൽ വിദ്യാലയ മുറ്റ പച്ചത്തുരുത്തുകൾ എന്ന പരിപാടിക്കും ഈ വർഷം ജില്ലയിൽ തുടക്കം കുറിച്ചു.
- ❖ കാസർഗോഡ് ജില്ലയിലെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലായി ജൂൺ മാസത്തിൽ 11.12 ഏക്കർ ആകെ വിസ്തൃതിയിൽ 72 പച്ചത്തുരുത്തുകൾ സ്ഥാപിച്ചു.
- ❖ കാസർഗോഡ് ജില്ലയിൽ വനമേഖലയിൽ പുതുതായി മരംവെച്ച് പിടിപ്പിക്കുന്ന പദ്ധതി ജില്ലാ വനവൽക്കരണവിഭാഗം തയ്യാറാക്കിയിട്ടുണ്ട്. 105 ഹെക്ടർ പ്രദേശത്താണ് വനവൽക്കരണം നടക്കുന്നത്. പ്രധാനമായും കാറഡുക്ക, മുളിയാർ പ്രദേശത്താണ് പദ്ധതി നടപ്പിലാക്കുന്നത്. നിലവിലുള്ള അക്വേഷ്യ മരങ്ങൾ മുറിച്ചിട്ട് അവിടെ തൈകൾ നട്ട് വനമാക്കി മാറ്റുന്നതാണ് പദ്ധതി. 2023-24 വർഷ് 34.5 ഹെക്ടർ പ്രദേശത്ത് 36000 ചെടികൾ നട്ടിട്ടുണ്ട്. ഡിസ്ട്രിക്ട് സെന്റർ നേഴ്സറി ബേളയിലാണ് ചെടികൾ നട്ട് വളർത്തിയത്. 2024-25 ൽ 70 ഹെക്ടറിൽ വനവൽക്കരണം നടത്തും. തൈകൾ നേഴ്സറിയിൽ ലഭ്യമായിട്ടുണ്ട്.
- ❖ കാസർഗോഡ് ജില്ലയിൽ ജില്ലയിൽ 2 സ്ഥലങ്ങളിലാണ് നഗരവനം പദ്ധതി നടപ്പിലാക്കുന്നത് - കാസർഗോഡ് പള്ളം (50 ഹെക്ടർ കൂടി കണ്ടൽത്തുരുത്ത് വെച്ച് പിടിപ്പിച്ച് വ്യാപിപ്പിക്കും), വനശ്രീ കോംപ്ലക്സ് നഗരവനം (2 ഹെക്ടർ - ഉദയഗിരി വനശ്രീ ഓഫീസിന് പിറകുവശം).
- ❖ കാസർഗോഡ് ജില്ലയിൽ പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് സോഷ്യൽ ഫോറസ്ട്രി വഴി വിദ്യാലയങ്ങളിൽ വിദ്യാവനം (3 വിദ്യാലയങ്ങൾ), കുട്ടിവനം (5 വിദ്യാലയങ്ങൾ) പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്.

**ജൂൺ മാസത്തിൽ സ്ഥാപിച്ചതും വിസ്തൃതിയിൽ കൂടുതലുള്ളതുമായ പച്ചത്തുരുത്തുകൾ**

| നം. | ജില്ല | സ്ഥലം | വിസ്തൃതി (ഏക്കർ) |
|---|---|---|---|
| 1 | കണ്ണൂർ | പായം - പെരുമ്പറമ്പ് എക്കോ പാർക്ക് | 6 |
| 2 | തൃശ്ശൂർ | വാർഡ് 13 - ഭാരതപ്പുഴ തീരം | 3 |
| 3 | പത്തനംതിട്ട | റാന്നി - തിരുവാഭരണ പാത | 2 |
| 4 | പത്തനംതിട്ട | സീതത്തോട് - മൂഴിയാർ KSEB | 2 |
| 5 | ആലപ്പുഴ | മാരാരിക്കുളം - K.S,D.P മാരാരിക്കുളം തെക്ക് | 2 |
| 6 | കോട്ടയം | പള്ളിക്കാത്തോട് - ഗവ. ഐ. ടി. ഐ | 2 |
| 7 | തൃശ്ശൂർ | കൊണ്ടാഴി - വാർഡ് 3, മേലെമുറി | 2 |
| 8 | കോഴിക്കോട് | മാണിയൂർ - നവോദയ വിദ്യലയം | 2 |
| 9 | കണ്ണൂർ | ഇരിട്ടി - എടക്കാനം റിവർവ്യൂ പോയിന്റ് | 2 |
| 10 | ഇടുക്കി | അറക്കുളം - അറക്കുളം പി. എച്. സി യ്ക്ക് സമീപം | 1.5 |

## 7.1 വിലയിരുത്തൽ

സർക്കാരിന്റെ പ്രകടന പത്രികയിൽ പച്ചത്തുരുത്തുകളുടെ വിസ്തൃതി 529 ഏക്കറിൽ നിന്നും 5000 ഏക്കറിലേയ്ക്ക് വ്യാപിപ്പിക്കും എന്ന് വാഗ്ദാനം നൽകിയിരുന്നു. നാളിതു വരെ 955.1 ഏക്കർ സ്ഥലത്ത് 3366 പച്ചത്തുരുത്തുകൾ സ്ഥാപിച്ചിട്ടുണ്ട്. പച്ചത്തുരുത്തുകൾ വലിയ തോതിൽ വ്യാപിപ്പിക്കുവാനുള്ള നടപടികൾ ഹരിത കേരളം മിഷൻ ആരംഭിച്ചിട്ടുണ്ട്. ജില്ലാ മിഷനുകൾക്കു ടാർഗറ്റ് നല്കിയിട്ടുണ്ട്. സമയബന്ധിതമായും ഘട്ടം ഘട്ടവുമായി ലക്ഷ്യം കൈവരിക്കുവാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

| പച്ചത്തുരുത്ത് ത്രൈമാസ വിലയിരുത്തൽ | | | | | |
|---|---|---|---|---|---|
| സ്ഥാപിച്ച പച്ചത്തുരുത്തുകൾ | മാർച്ച് വരെ | ഏപ്രിൽ | മേയ് | ജൂൺ | ആകെ |
| എണ്ണം | 2950 | 0 | 2 | 414 | 3366 |
| വിസ്തൃതി (ഏക്കർ) | 856.23 | 0 | 6.5 | 92.47 | 955.2 |
| റീവിസിറ്റ് | | 0 | 64 | 196 | |

നിലവിൽ പരിസ്ഥിതി ദിനമായ ജൂൺ 5 നോട് അനുബന്ധിച്ച് സംസ്ഥാനത്തെ വിവിധ ജില്ലകളിൽ 500 ഏക്കറിൽ കൂടി പച്ചത്തുരുത്തുകൾ സ്ഥാപിക്കുന്നതിനായി ലക്ഷ്യം നല്കിയിട്ടുണ്ട്. ജൂൺ 5 പരിസ്ഥിതി ദിനത്തോട് അനുബന്ധിച്ചു സംസ്ഥാനത്തു 92.474 ഏക്കർ ആകെ വിസ്തൃതിയിൽ 414 പുതിയ പച്ചത്തുരുത്തുകളുടെ ഉദ്ഘാടനം നടന്നിട്ടുണ്ട്. കൂടാതെ വരും മാസങ്ങളിൽ സ്ഥാപിക്കുന്നതിനായി 193 ഏക്കർ ആകെ വിസ്തൃതിയിൽ സംസ്ഥാനത്ത് ഏകദേശം 400 പച്ചത്തുരുത്തുകൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തിയിട്ടുണ്ട്.

| പച്ചത്തുരുത്ത് ത്രൈമാസ അവലോകനം | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| പ്രവർത്തനം നടന്ന മാസം | നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തനങ്ങളിലുള്ള ജനപങ്കാളിത്തം |
| | | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| ഏപ്രിൽ | 83 | 225 | 452 | 220 | 897 | 1 | 33 | 0 | 0 | 1439 | 617 |
| മേയ് | 42 | 236 | 310 | 354 | 900 | 1 | 35 | 5 | 108 | 214 | 900 |
| ജൂൺ | 516 | 2256 | 2519 | 6328 | 11103 | 0 | 0 | 2 | 143 | 2017 | 11307 |
| ആകെ | 641 | 2717 | 3281 | 6902 | 12900 | 2 | 68 | 7 | 251 | 3670 | 12824 |

പച്ചത്തുരുത്തിന്റെ പരിപാലനത്തിനു സംഘാടക സമിതി രൂപീകരിക്കാത്തതും, രൂപീകരിച്ചവ കുറ്റമറ്റരീതിയിൽ പ്രവർത്തിക്കാത്തതും സ്ഥാപിച്ച പല പച്ചത്തുരുത്തുകളും നശിച്ചു പോകാൻ

കാരണമായിട്ടുണ്ട്. സ്ഥാപിച്ച പച്ചത്തുരുത്തുകളിൽ പുനർ സന്ദർശനം നടത്തി പച്ചത്തുരുത്തുകൾ വീണ്ടെടുക്കുവാനുള്ള പ്രവർത്തനങ്ങൾ ഹരിത കേരളം മിഷൻ ഏറ്റെടുത്തിട്ടുണ്ട്.

## 8. കാർഷിക മേഖലയിലെ ഇടപെടലുകൾ

ബഹു മുഖ്യമന്ത്രിയുടെ സംസ്ഥാനതല മിഷൻ അവലോകന യോഗതീരുമാന പ്രകാരം ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ നടന്നുവരുന്ന ഹരിത സമൃദ്ധി വാർഡ്, തരിശ്ശു രഹിത ഗ്രാമം, ദേവഹരിതം, വ്യവസായ സ്ഥാപനങ്ങളിലെ കൃഷി, പച്ചക്കറി വ്യാപന പരിപടികൾ തുടങ്ങിയ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

| തരിശ്ശുരഹിത ഗ്രാമം | | | ഹരിതസമൃദ്ധി വാർഡുകൾ | | |
|---|---|---|---|---|---|
| ടാർഗറ്റ് (ഒരു ബ്ളോക്കിൽ ഒരു ഗ്രാ.പ) | തെരഞ്ഞെടുത്ത ത.സ്വ.ഭ സ്ഥാപനങ്ങളുടെ എണ്ണം (നെറ്റ് സീറോ പഞ്ചായത്തുകൾ ഉൾപ്പെടെ) | പ്രഖ്യാപനം നടത്തിയ ഗ്രാമ പഞ്ചായത്തുകളുടെ എണ്ണം | ടാർഗറ്റ് (ഒരു ബ്ളോക്കിൽ 20 വാർഡുകൾ) | തെരഞ്ഞെടുത്ത ഹരിതസമൃദ്ധി വാർഡുകളുടെ എണ്ണം | പ്രഖ്യാപനം നടത്തിയ വാർഡുകളുടെ എണ്ണം |
| **152** | **164** | **7** | **3040** | **2349** | **605** |

കൃഷിയോഗ്യമായ തരിശ്ശു ഭൂമി കണ്ടെത്തി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ കൃഷി ചെയ്തു തരിശ്ശുരഹിത ഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിനായി ഓരോ ബ്ലോക്കിലുംപെട്ട ഒരു ഗ്രാമപഞ്ചായത്തിനെ തിരഞ്ഞെടുത്തിട്ടുണ്ട്. റിപ്പോർട്ട് മാസം വരെ 164 ഗ്രാമപഞ്ചായത്തുകളെ തരിശ്ശുരഹിതമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. നിലവിൽ 7 ഗ്രാമപഞ്ചായത്തുകളെ തരിശ്ശു രഹിത ഗ്രാമമായി പ്രഖ്യാപിച്ചിട്ടുണ്ട്.

ഒരു വാർഡിലെ എല്ലാ വീടുകളിലും പച്ചക്കറി കൃഷി നടപ്പാക്കുന്ന ഹരിത സമൃദ്ധി വാർഡ് പദ്ധതി പ്രവർത്തനം ജൂൺ മാസം വരെ 2349 വാർഡുകളിൽ നടന്നു . പന്ത്രണ്ട് ജില്ലകളിലായി 605 ഹരിത സമൃദ്ധി വാർഡുകളുടെ പ്രഖ്യാപനം നടത്തി. ഹരിതസമൃദ്ധി വാർഡുകൾ കൂടുതലുള്ളത് തിരുവനന്തപുരം(210), കാസഗോഡ്(150), കണ്ണൂർ (125), വയനാട്(52) പത്തനംതിട്ട (27) എന്നീ ജില്ലകളാണ്.

ആരാധനാലയങ്ങളിലെ തരിശ്ശുഭൂമി കൃഷി ചെയ്യുന്നതിനായുള്ള ദേവഹരിതം പദ്ധതി റിപ്പോർട്ട് മാസം വരെ 64 ദേവാലയങ്ങളിൽ നടന്നു വരുന്നു.

- ❖ കൊല്ലം ജില്ലയിൽ പട്ടാഴി നോർത്ത് ഗ്രാമ പഞ്ചായത്തിൽ 8 വാർഡുകൾ ഹരിത സമൃദ്ധി വാർഡ് ആയി പ്രഖ്യാപിച്ചു. അതിൽ 4 വാർഡുകൾ തരിശ്ശു രഹിത വാർഡ് ആയും പ്രഖ്യാപിച്ചു. കൊല്ലം സെന്റ് മേരീസ് സ്കൂളിൽ ഔഷധ സസ്യത്തോട്ടം, ജൈവകൃഷി (120 വാഴകൾ,മഞ്ഞൾ, ഇഞ്ചി) തുടങ്ങിയവ ആരംഭിച്ചു.
- ❖ കൊല്ലം ജില്ലയിൽ ജൂൺ മാസത്തിൽ ദേവഹരിതം പദ്ധതിയുമായി ബന്ധപ്പെട്ട് നാല് ഇടങ്ങളിൽ കൃഷി ആരംഭിച്ചിട്ടുണ്ട്. താമരക്കുടി മഹാദേവക്ഷേത്രം, മൈലം 0.05 ഏക്കർ ലഭ്യമായഭൂമിയിൽ പൂകൃഷി, കോട്ടപ്പുറം സെന്റ് തെരേസാസ് കോൺവെന്റ് 0.1 ഏക്കർ ലഭ്യമായഭൂമിയിൽ തെങ്ങ്, പ്ലാവ്, മുളമൂട്ടിൽ കുടുംബക്ഷേത്രം തെക്കുംഭാഗം 0.02 ഏക്കർ ലഭ്യമായഭൂമിയിൽ ജെമന്തി, പൈതോടിൽ ദേവി ക്ഷേത്രം 0.05 ഏക്കർ ലഭ്യമായഭൂമിയിൽ ജെമന്തി എന്നിവ കൃഷി ചെയ്യുന്നുണ്ട്.
- ❖ പത്തനംതിട്ട ജില്ലയിൽ തണ്ണിത്തോട് ഗ്രാപമഞ്ചായത്തിൽ 2023-24 സാമ്പത്തിക വർഷത്തിൽ 7913 പച്ചക്കറി വിത്തുകൾ, 24500 പച്ചക്കറി തൈകൾ, ശീതകാല പച്ചക്കറികൾ ഉൾപ്പെടെ പഞ്ചായത്തിൽ ആകെ വിതരണം ചെയ്തിട്ടുണ്ട്. 23,000 പച്ചക്കറി തൈകൾ മെയ് - ജൂൺ മാസം വിതരണം നടത്തി. കാർഷിക കർമ്മ സേന ഉല്പാദിപ്പിക്കുന്ന പച്ചക്കറി തൈകൾ ആണ് അഗ്രോ സെന്റർ വഴി വിതരണം ചെയ്യുന്നത്.

- ❖ കോട്ടയം ജില്ലയിൽ തിടനാട് ഗ്രാമപഞ്ചായത്തിൽ ദേവഹരിതം പദ്ധതിക്ക് തുടക്കംക്കുറിച്ചു.
- ❖ തൃശ്ശൂർ ജില്ലയിൽ ചൂണ്ടൽ ഗ്രാമപഞ്ചായത്തിലെ മൂന്നാം വാർഡ് ഹരിതസമൃദ്ധി വാർഡ് ആയി പ്രഖ്യാപിച്ചു. തെക്കുംകര ഗ്രാമപഞ്ചായത്തിൽ ഹരിത സമൃദ്ധി വാർഡ് പ്രഖ്യാപന പദ്ധതി ജൂൺ 25 ന് സംഘടിപ്പിച്ചു. 15, 8 വാർഡുകളാണ് പദ്ധതി നടത്തിപ്പിനായി തിരഞ്ഞെടുത്തത്. 860 കുടുംബങ്ങൾക്കായി 10 പച്ചക്കറി തൈകൾ വീതമാണ് വിതരണം ചെയ്തത്. ജില്ലയിൽ 8 പഞ്ചായത്തുകൾ ഇതുവരെ തരിശ് രഹിത ഗ്രാമമായി തെരഞ്ഞെടുത്തിട്ടുണ്ട് .
- ❖ തൃശ്ശൂർ ജില്ലയിൽ ദേവസ്വം ബോർഡിന്റെ പരിധിയിൽ ഉൾപ്പെടുന്ന ക്ഷേത്രവക 20 സെന്റ് സ്ഥലത്ത് ഔഷധ സസ്യ ബോർഡിൽ നിന്നും ലഭ്യമാക്കിയ തൈകൾ നട്ടു.
- ❖ എറണാകുളം ജില്ലയിൽ അങ്കമാലി: "എന്റെ വാടി ഹരിതവാടി", അംഗനവാടികൾളിലുള്ള പച്ചക്കറി കൃഷിയുടെ ഭാഗമായി 2800 തൈകൾ വിതരണം ചെയ്തു.
- ❖ എറണാകുളം ജില്ലയിൽ ജൂൺ 5 ന് പരിസ്ഥിതി ദിനത്തിൽ കൊച്ചി കോർപറേഷൻ ഹരിത മിഷന്റെ നേതൃത്വത്തിൽ ജീസസ്സ് റോഡിൽ ചാത്യാത്ത് ചർച്ചിന്റെ ഒരേക്കർ സ്ഥലത്ത് ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ 1000 ഫലവൃക്ഷ തൈകൾ നട്ടു .
- ❖ എറണാകുളം ജില്ലയിൽ മലയാറ്റൂർ തരിശ് നിലം കൃഷിയോഗ്യമാക്കുന്നതിനുള്ള പ്രവർത്തികൾ ആരംഭിച്ചു. വാർഡ് 7 ൽ 1 ഏക്കർ 45 സെന്റ് സ്ഥലം തൊഴിലുറപ്പ് പ്രവർത്തിയിലൂടെ ഒരുക്കി മഞ്ഞൾ, ഇഞ്ചി എന്നീ കൃഷികൾ ചെയ്യുന്നതിനാണ് തുടക്കം കുറിച്ചു.
- ❖ എറണാകുളം ജില്ലയിൽ മഴുവന്നൂർ പഞ്ചായത്തിലെ എബനേസർ HSS ജൈവ വൈവിധ്യ സംരക്ഷണ പ്രവർത്തങ്ങളുമായി ബന്ധപ്പെട്ട് സ്കൂളിൽ നക്ഷത്ര വനം സ്ഥാപിച്ചു. മഹാരാജാസ് കോളേജ് നേച്ചർ ക്ലബും ഹരിത കേരള മിഷനും സംയുക്തമായി നടപ്പിലാക്കുന്ന ജൈവ പച്ചക്കറി കൃഷി രണ്ടാംഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി തൈകൾ വിതരണം ചെയ്തു. താമരപ്പടി ഡയമണ്ട് പാടശേഖരത്തിൽ പഞ്ചായത്ത് സഹകരണത്തോടെ പൊക്കാളി കൃഷി ആരംഭിച്ചു.
- ❖ പാലക്കാട് ജില്ലയിൽ കോട്ടായി ഗ്രാമപഞ്ചായത്തിൽ മഹാത്മാഗാന്ധി ദേശിയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപെടുത്തി പഞ്ചായത്തിലെ തരിശ്ശായി കിടന്നിരുന്ന 71 ഏക്കർ ഭൂമിയിൽ 66 ഏക്കർ ഭൂമിയും കൃഷിയോഗ്യമാക്കി. പഞ്ചായത്തിലെ 15 വാർഡിലെയും തരിശു ഭൂമിയിൽ കൃഷി വകുപ്പിന്റെ സഹായത്തോടുകൂടി കാബേജ്, വിവിധ തരം മുളകുകൾ പയർ, വെണ്ട, തക്കാളി, വഴുതന, വാഴ, പ്രത്യേക ഇനം തെങ്ങുകൾ എന്നിവ കൃഷി ചെയുന്നു, കർഷകർ വിളകൾ വിപണന കേന്ദ്രത്തിന് കൈമാറുകയും ചെയ്തു വരുന്നു.
- ❖ പാലക്കാട് ജില്ലയിൽ കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിൽ 12 ഏക്കർ തരിശു പ്രദേശം കണ്ടെത്തി. അതിൽ 4 ഏക്കർ തരിശുരഹിതമാക്കി. ബാക്കി 8 ഏക്കറിൽ പൂന്തോട്ടം, പച്ചക്കറി കൃഷി, മില്ലറ്റ് കൃഷി എന്നിവ ചെയ്യുന്നതിന് ആക്ഷൻ പ്ലാൻ തയ്യാറാക്കി പ്രവർത്തനം നടന്നുവരുന്നു.
- ❖ മലപ്പുറം ജില്ലയിൽ 14 വാർഡുകൾ ഹരിതസമൃദ്ധി വാർഡുകളായി പ്രഖ്യാപിച്ചു. കുറ്റിപ്പുറം ബ്ലോക്കിലെ ആതവനാട് ഗ്രാമപഞ്ചായത്ത് തരിശ് രഹിത ഗ്രാമ പഞ്ചായത്തായി പ്രഖ്യാപിച്ചിട്ടുണ്ട്.

| പ്രവർത്തനം നടന്ന മാസം | കാർഷിക മേഖലയിലെ ഇടപെടലുകൾ ത്രൈമാസ അവലോകനം | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തനങ്ങളിലുള്ള ജനപങ്കാളിത്തം |
| | | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| ഏപ്രിൽ | 37 | 112 | 170 | 106 | 388 | 0 | 0 | 1 | 11 | 259 | 301 |
| മേയ് | 35 | 84 | 179 | 287 | 550 | 1 | 107 | 1 | 20 | 72 | 713 |
| ജൂൺ | 79 | 407 | 238 | 506 | 1151 | 0 | 0 | 0 | 0 | 293 | 2937 |
| ആകെ | 151 | 603 | 587 | 899 | 2089 | 1 | 107 | 2 | 31 | 624 | 3951 |

## 9. ഹരിത സ്ഥാപനങ്ങൾ

ഹരിതകേരളം മിഷനും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുമായി യോജിച്ചു കൊണ്ട് കേരളത്തിലെ എല്ലാ ജില്ലകളിലും ഉൾപ്പെടുന്ന തിരഞ്ഞെടുത്ത വിദ്യാലയങ്ങൾ, കോളേജുകൾ, ഓഫീസുകൾ, ഓഫീസ് കോംപ്ലക്സുകൾ എന്നിവ മുൻഗണനാ ക്രമത്തിൽ മാതൃക ഹരിത സ്ഥാപനമായി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

- ❖ ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സൺമാരും ഇന്റേൺഷിപ് ട്രെയിനിമാരും ഉൾപ്പെട്ട പരിശോധന കമ്മിറ്റിയുടെ നേതൃത്വത്തിൽ ജില്ലകളിലെ തിരഞ്ഞെടുത്ത സ്ഥാപനങ്ങളെ വിലയിരുത്തിയിട്ടുണ്ട്.
- ❖ വിലയിരുത്തൽ ഫോറം ഹരിതകേരളം മിഷൻ തയ്യാറാക്കി നല്കിയിട്ടുണ്ട്. പരിശോധന കമ്മിറ്റി വിവിധ തലത്തിലെ ഓഫീസുകൾ വിലയിരുത്തി എ പ്ലസ്, എ ഗ്രേഡ്, ബി ഗ്രേഡ്, നോ ഗ്രേഡ് എന്നിങ്ങനെയാണ് ഗ്രേഡിംഗ് നൽകിയത്.
- ❖ ഹരിത പെരുമാറ്റച്ചട്ടം ഉറപ്പാക്കൽ, ഖര-ദ്രവ മാലിന്യ സംസ്കരണം, ശുചിത്വം, ഇ-മാലിന്യം ഒഴിവാക്കൽ, തുടങ്ങിയ പതിനെട്ട് കാര്യങ്ങൾ പരിശോധിച്ച് ഓരോന്നിനും പരമാവധി അഞ്ച്മാർക്ക് വീതം 100 മാർക്ക് നൽകും. ഇതിനുപുറമേ ജലസംരക്ഷണ, ഊർജസംരക്ഷണ പ്രവർത്തനങ്ങൾ, മഴവെള്ള സംഭരണം ഉൾപ്പെടെയുള്ളവയ്ക്ക് 20 മാർക്കും ലഭിക്കും. ആകെ 120 മാർക്ക്.
- ❖ പരിശോധനയിൽ 80 മാർക്കിനു മുകളിലുള്ള സ്ഥാപനങ്ങൾക്ക് ഹരിത സ്ഥാപനം പദവിയും സർട്ടിഫിക്കറ്റും ഹരിത കേരളം മിഷൻ നൽകിയിട്ടുണ്ട്.
- ❖ 80 മാർക്കിന് താഴെ ഉള്ള സ്ഥാപനങ്ങൾക്ക് ഹരിത കേരളം മിഷൻ പ്രത്യേക ഇടപെടലുകൾ നടത്തി, 15 ദിവസത്തെ കാലാവധി നിശ്ചയിച്ച്, പുനഃപരിശോധന നടത്തി യോഗ്യത നേടുന്ന പക്ഷം ഹരിതസ്ഥാപനം പദവി, ഗ്രേഡ്, സർട്ടിഫിക്കറ്റ് എന്നിവ നൽകുന്നതാണ്.
- ❖ സ്ഥലവും മറ്റ് പരിമിതികളും കാരണം ചില സ്ഥാപനങ്ങൾക്ക് പച്ചത്തുരുത്ത് ഉൾപ്പെടെയുള്ളവ നടപ്പാക്കാൻ പ്രയാസമുണ്ടാകും എന്നതിനാലാണ് എ ഗ്രേഡ് കിട്ടുന്നവർക്കും ഹരിത സാക്ഷ്യപത്രം നൽകുന്നത്.
- ❖ ജൂൺ മാസത്തിനുള്ളിൽ 15000 സ്ഥാപനങ്ങളെ ഹരിതസ്ഥാപന പദവിയിലേക്ക് എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഹരിതകേരളം മിഷൻ ഏറ്റെടുത്തിട്ടുണ്ട്.

| ജില്ല | പരിശോധനകൾ നടത്തിയ സ്ഥാപങ്ങൾ | ഹരിതസ്ഥാപനം പദവിയിലേക്ക് എത്തിക്കാൻ കഴിഞ്ഞ സ്ഥാപനങ്ങൾ | ബി ഗ്രേഡ് ലഭിച്ച സ്ഥാപനങ്ങൾ | ഗ്രേഡ് ലഭിക്കാത്ത സ്ഥാപനങ്ങൾ |
|---|---|---|---|---|
| തിരുവനന്തപുരം | 1786 | 1271 | 338 | 177 |
| കൊല്ലം | 1920 | 955 | 612 | 353 |
| പത്തനംതിട്ട | 1322 | 905 | 312 | 137 |
| ആലപ്പുഴ | 613 | 459 | 113 | 41 |
| കോട്ടയം | 693 | 477 | 146 | 70 |
| ഇടുക്കി | 531 | 361 | 110 | 60 |
| എറണാകുളം | 1163 | 519 | 366 | 278 |
| തൃശ്ശൂർ | 2288 | 1701 | 525 | 53 |
| പാലക്കാട് | 624 | 449 | 121 | 55 |
| മലപ്പുറം | 679 | 374 | 222 | 82 |
| കോഴിക്കോട് | 730 | 505 | 139 | 86 |
| വയനാട് | 148 | 86 | 23 | 39 |
| കണ്ണൂർ | 1062 | 927 | 129 | 6 |
| കാസർകോട് | 892 | 802 | 98 | 27 |
| ആകെ | 14451 | 9791 | 3254 | 1464 |

- ജൂൺ മാസം വരെ 14451 സ്ഥാപനങ്ങളിൽ പരിശോധനകൾ നടത്തി. 9791(67.75%) സ്ഥാപനങ്ങൾക്ക് ഹരിതസ്ഥാപന പദവി ലഭിച്ചിട്ടുണ്ട്.
- സംസ്ഥാനത്ത് ജൂൺ മാസത്തിൽ 112 സ്ഥാപനങ്ങളിൽ വിലയിരുത്തൽ നടത്തിയിട്ടുണ്ട്. ആയതിൽ പുനർസന്ദർശനം ഉൾപ്പടെ 336 സ്ഥാപനങ്ങളെ ഹരിത സ്ഥാപനങ്ങളാക്കി മാറ്റിയിട്ടുണ്ട്. കൂടുതൽ സ്ഥാപനങ്ങളിൽ പരിശോധന നടത്തിയതും ഹരിത സ്ഥാപനങ്ങളാക്കിയതും തൃശ്ശൂർ ജില്ലയിലാണ്.
- കണ്ണൂർ, കാസറഗോഡ്, എന്നീ ജില്ലകൾ ഏറ്റെടുത്ത സ്ഥാപനങ്ങളിൽ ഇടപെടലുകൾ നടത്തി 80 ശതമാനത്തിനു മുകളിൽ ഹരിത സ്ഥാപനങ്ങളാകുകയും ചെയ്തിട്ടുണ്ട്.
- തൃശ്ശൂർ, കൊല്ലം, തിരുവനന്തപുരം, എന്നീ ജില്ലകളിൽ കൂടുതൽ സ്ഥാപനങ്ങളിൽ അസ്സെസ്സ്മെന്റ് നടത്തിട്ടുണ്ട്.
- സംസ്ഥാനത്ത് ഏറ്റവും കൂടുതൽ സ്ഥാപനങ്ങളിൽ പരിശോധന നടത്തിയതും, ഏറ്റവും കൂടുതൽ സ്ഥാപനങ്ങൾ ഹരിത പദവിയിൽ എത്തിച്ചതും തൃശ്ശൂർ ജില്ലയാണ്. 2288 സ്ഥാപനങ്ങളിൽ ഗ്രേഡിംഗ് നടത്തിയതിൽ 1701 സ്ഥാപനങ്ങളെ ഹരിത സ്ഥാപനങ്ങളാക്കി മാറ്റിയിട്ടുണ്ട്.
- കൊല്ലം ജില്ലയിൽ ജൂൺ മാസത്തിൽ കൊറ്റങ്കര പേരൂർ മീനാക്ഷി വിലാസം ഗവൺമെന്റ് വൊക്കേഷണൽ &ഹയർ സെക്കന്ററി സ്കൂൾ, കൊറ്റങ്കര ഗോപികാവിലാസം ഗവ.എൽ.പി.എസ്സ്, മേലില MAMHS & HSS എന്നീ സ്കൂളുകളിൽ ഹരിത വിദ്യാലയം പ്രഖ്യാപനം നടന്നു. 35 സ്ഥാപനങ്ങളിൽ പുന സന്ദർശനം നടത്തി. 1 സ്ഥാപനം എ-പ്ലസ്സ് ഗ്രേഡും, 29 സ്ഥാപനങ്ങൾ എ ഗ്രേഡും കരസ്ഥമാക്കി.
- പത്തനംതിട്ട ജില്ലയിൽ ഹരിത വിദ്യാലയം പ്രവർത്തനവുമായി ബന്ധപ്പെട്ട് എംജി ഹൈസ്കൂൾ തുമ്പണ്ണിൽ കുട്ടികൾ 50 ഗ്രോ ബാഗുകളിലായി വിവിധയിനം പച്ചക്കറികൾ ആയ വഴുതന, വെണ്ട, തക്കാളി, പച്ചമുളക് എന്നിവ കൃഷി ചെയ്തിട്ടുണ്ട്.
- പത്തനംതിട്ട ജില്ലയിൽ കേരള സ്റ്റേറ്റ് റൂട്രോണിക്സ് കമ്പ്യൂട്ടർ പഠന കേന്ദ്രത്തിന് ഹരിത സ്ഥാപന സർട്ടിഫിക്കറ്റ് വിതരണം ചെയ്തു .
- എറണാകുളം ജില്ലയിൽ ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിൽ 5 സ്ഥാപനങ്ങൾ റിവിസ്റ്റ് നടത്തി 5 സ്ഥാപനങ്ങളേയും ഹരിതസ്ഥാപനങ്ങളായി പ്രഖ്യാപിച്ചു
- പാലക്കാട് ജില്ലയിൽ ആദ്യഘട്ടത്തിൽ പരിശോധന പൂർത്തിയാക്കിയതിൽ 517 ഓഫീസുകൾ ഹരിത ഓഫീസ് പദവി കരസ്ഥമാക്കി.
- കോഴിക്കോട് ജില്ലയിൽ 733 അസെസ്മെന്റ് നടത്തിയവയിൽ 505 ഹരിതസ്ഥാപനങ്ങളായിട്ടുണ്ട്.
- വയനാട് ജില്ലയിൽ ഒന്നാം ഘട്ടത്തിൽ പരിശോധന പൂർത്തിയാക്കി ഗ്രേഡ് നല്കിയ സ്ഥാപനങ്ങൾക്കുള്ള ഹരിത ഓഫീസ് സർട്ടിഫിക്കറ്റ് വിതരണം ചെയ്തു. രണ്ടാം ഘട്ട പരിശോധനയുടെ ഭാഗമായി ജൂൺ മാസത്തിൽ 31 സ്ഥാപനങ്ങളിൽ പരിശോധന പൂർത്തിയാക്കി ഗ്രേഡ് നല്കി.
- കാസർഗോഡ് ജില്ലയിൽ ജൂൺ മാസം ആകെ 35 സ്ഥാപനങ്ങൾ ഓഡിറ്റ് ചെയ്തു. പരപ്പ ബ്ലോക്കിൽ ഒരു സ്ഥാപനം റീവിസിറ്റ് ചെയ്ത് ഹരിതസ്ഥാപനമാക്കി ഉയർത്താൻ സാധിച്ചിട്ടുണ്ട്. ഇതുവരെ 928 സ്ഥാപനങ്ങൾ സന്ദർശിച്ചതിൽ 802 ഹരിതസ്ഥാപനങ്ങളെ കണ്ടെത്താൻ കഴിഞ്ഞു. 596 സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

## 9.1 വിലയിരുത്തൽ

സർക്കാരിന്റെ പ്രകടന പത്രികയിൽ സർക്കാർ ഓഫീസുകൾ, സ്ഥാപനങ്ങൾ, സ്വകാര്യ വ്യാപാര സ്ഥാപനങ്ങൾ എന്നിവയ്ക്ക് ഗ്രീൻ ഗ്രേഡിംഗും സർട്ടിഫിക്കേഷനും കൊണ്ടുവരും എന്ന് വാഗ്ദാനം നൽകിയിരുന്നു. ജൂൺ മാസം വരെ കേരളത്തിലെ എല്ലാ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ ഉൾപ്പെടുന്ന 9974 വിദ്യാലയങ്ങൾ, കോളേജുകൾ, ഓഫീസുകൾ,

ഓഫീസ് കോംപ്ലക്സുകൾ എന്നിവയ്ക്ക് ഗ്രീൻ ഗ്രേഡിംഗും സർട്ടിഫിക്കേഷനും നല്കിയിട്ടുണ്ട്. 15000 സ്ഥാപനങ്ങളെ ഹരിതസ്ഥാപന പദവിയിലേക്ക് എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഹരിത കേരള മിഷൻ ഏറ്റെടുത്തിട്ടുണ്ട്.

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ഓഫീസുകൾ, സ്ഥാപനങ്ങൾ, സ്കൂളുകൾ, കോളേജുകൾ, കോംപ്ലക്സുകൾ തുടങ്ങിയവയിൽ വേണ്ട തരത്തിലുള്ള ബോധവത്ക്കരണം നടത്തി, കുറവുകൾ പരിഹരിക്കുന്നതിനുള്ള ഇടപെടലുകളും നടത്തിയാണ് സ്ഥാപനങ്ങളെ വിലയിരുത്തൽ നടത്തിയിട്ടുള്ളത്. അതിൽ വിജയിക്കുന്ന സ്ഥാപനങ്ങളെ ഹരിത സ്ഥാപനമായി പ്രഖ്യാപിക്കുന്നു. വലിയ തോതിലുള്ള ശ്രമമാണ് കഴിഞ്ഞ മൂന്ന് മാസമായി ഹരിത കേരളം മിഷൻ ജില്ലാ ടീമുകൾ നടത്തിയിട്ടുള്ളത്.

| ഹരിത സ്ഥാപനം ത്രൈമാസ വിലയിരുത്തൽ | | | | | |
|---|---|---|---|---|---|
| പരിശോധന നടത്തിയ സ്ഥാപനങ്ങൾ | മാർച്ച് വരെ | ഏപ്രിൽ | മേയ് | ജൂൺ | ആകെ |
| പരിശോധന നടത്തിയത് | 13229 | 854 | 256 | 112 | 14451 |
| ഹരിതസ്ഥാപനം പദവിയിലേക്ക് | 8518 | 688 | 249 | 519 | 9974 |

| ഹരിത സ്ഥാപനം ത്രൈമാസ അവലോകനം | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| പ്രവർത്തനം നടന്ന മാസം | നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തനങ്ങളിലുള്ള ജനപങ്കാളിത്തം |
| | | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| ഏപ്രിൽ | 302 | 275 | 1776 | 540 | 2591 | 0 | 0 | 2 | 71 | 941 | 1450 |
| മേയ് | 265 | 222 | 1522 | 700 | 2444 | 1 | 60 | 3 | 84 | 762 | 10320 |
| ജൂൺ | 298 | 275 | 1436 | 1074 | 2785 | 2 | 235 | 0 | 0 | 801 | 1975 |
| ആകെ | 865 | 772 | 4734 | 2314 | 7820 | 3 | 295 | 5 | 155 | 2504 | 13745 |

## 10. വിനോദ സഞ്ചാര മേഖലയിലെ ഇടപെടലുകൾ

### 10.1 ഹരിത ടൂറിസം

- ഹരിത കേരളം മിഷനും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുമായി യോജിച്ച് കൊണ്ട് കേരളത്തിലെ എല്ലാ ജില്ലകളിലും ഉൾപ്പെടുന്ന 107 തിരഞ്ഞെടുത്ത ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകൾ മുൻഗണനാ ക്രമത്തിൽ മാതൃക ഹരിത ടൂറിസം ഡെസ്റ്റിനേഷനായി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.
- ഹരിത ടൂറിസം ഡെസ്റ്റിനേഷനായി മാറ്റുന്നതിനോടൊപ്പം പ്രത്യേക ഇടപെടലുകളിലൂടെ പ്രാദേശിക ജനങ്ങളുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനും അവരുടെ ജീവിത നിലവാരവും സാമ്പത്തിക സ്ഥിതിയും മെച്ചപ്പെടുത്തുന്നതിനുമായിട്ടുള്ള പ്രവർത്തനങ്ങളാണ് ലക്ഷ്യമിട്ടിരിക്കുന്നത്.
- ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളിൽ ഹരിത പെരുമാറ്റച്ചട്ടത്തിന്റെ മാർഗ്ഗരേഖ (കരട്) അവലംബിച്ചുള്ള പ്രവർത്തനങ്ങളാണ് സ്വീകരിച്ചു വരുന്നത്.
- ഹരിത ഡെസ്റ്റിനേഷൻ ആക്കി മാറ്റുന്നതോടൊപ്പം നിലവിൽ വിനോദ സഞ്ചാരികൾക്കു ലഭിക്കുന്ന സംവിധാനങ്ങളുടെ ഗുണനിലാവരം മെച്ചപ്പെടുത്തുന്നതിനും സാധ്യമായ പുതു സംവിധാനങ്ങൾ സൃഷ്ടിക്കുവാനും പദ്ധതി ലക്ഷ്യമിടുന്നു.
- ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകൾ കൂടുതൽ ആകർഷകമാക്കാനും ഹരിത ചട്ടം പാലിച്ച് ഹരിത ടൂറിസം നടപ്പിലാക്കുവാനുള്ള പ്രവർത്തനങ്ങൾക്കാണ് പരിഗണന നൽകുന്നത്.
- കൊല്ലം ജില്ലയിൽ ജലബജറ്റ് ഏറ്റെടുത്ത തദ്ദേശസ്ഥാപനങ്ങളിലെ ഹരിത ടൂറിസം

കേന്ദ്രങ്ങളാക്കി മാറ്റാൻ സാധിക്കുന്ന 22 സ്ഥലങ്ങൾ കൂടി പുതിയതായി തെരഞ്ഞെടുത്തിട്ടുണ്ട്. ബ്ലോക്ക് തലത്തിൽ അഞ്ചൽ, ചടയമംഗലം, വെട്ടിക്കവല, ഓച്ചിറ, ഇത്തിക്കര, ചിറ്റുമല എന്നീ ബ്ലോക്ക്പഞ്ചായത്തുകളിൽ പ്രാഥമിക യോഗം പൂർത്തീകരിച്ചു.

❖ കൊല്ലം ജില്ലയിൽ വെളിനെല്ലൂർ വട്ടത്തിൽ വെള്ളച്ചാട്ടം ഹരിത ടൂറിസവുമായി ബന്ധപ്പെട്ട് പ്രദേശത്ത് 'ടേക്ക് എ ബ്രേക്ക്' നിർമാണം നടന്നുകൊണ്ടിരിക്കുന്നു. മറ്റു നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഗ്രാമപഞ്ചായത്ത് എട്ട് സെന്റ് സ്ഥലം കൂടി ഏറ്റെടുത്തിട്ടുണ്ട്. മൺട്രോത്തുരുത്തിലെ ടേക്ക് എ ബ്രേക്കിന്റെ സ്റ്റെബിലിറ്റി പരിശോധിച്ച് നിർമ്മാണം പൂർത്തിയാക്കുകയും, കുട്ടികളുടെ പാർക്ക് ,നാടൻ ഭക്ഷണശാല, ഹരിത ഇടനാഴി, ശുചിത്വ സന്ദേശക ബോർഡ്, ടൂറിസ്റ്റുകൾ എത്തുന്ന കടത്തുകടവിൽ ബോട്ടിൽ ബൂത്ത്, മിനി എം സി എഫ്, എന്നിവ സ്ഥാപിച്ചു.

❖ പത്തനംതിട്ട ജില്ലയിൽ കോന്നി ആനക്കൂട്ടിൽ മഴക്കാലപൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി കാടു വെട്ടിത്തെളിച്ചു പരിസരം വൃത്തിയാക്കി. കോന്നി അടവി ഇക്കോ ടൂറിസം കേന്ദ്രത്തിൽ പ്ലാസ്റ്റിക് മാലിന്യ നിക്ഷേപണത്തിന് 5 ബിന്നുകൾ സ്ഥാപിച്ചു. ശുചിമുറികൾ സ്ത്രീ സൗഹൃദം ആക്കുന്നതിന്റെ ഭാഗമായി ബിന്നുകൾ സ്ഥാപിച്ചു. വനഭാഗത്തെ റോഡിന് ഇരുവശവും ഉള്ള പ്ലാസ്റ്റിക്കുകൾ എൻഎസ്എസ് വോളണ്ടിയേഴ്സിന്റെ സഹായത്താൽ നീക്കം ചെയ്തു.

❖ ആലപ്പുഴ ജില്ലയിൽ ആർട്ട് ഗാലറി - ഹരിത ടൂറിസത്തിന്റെ ഭാഗമായി നിലംപേരൂർ ഗ്രാമപഞ്ചായത്തിൽ ആർട്ട് ഗാലറിയുടെ ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്നിർവഹിച്ചു .

❖ കോട്ടയം ജില്ലയിൽ മർമല, ഇല്ലിക്കൽക്കല്ല്, പുഞ്ചവയൽക്കാറ്റ്, ഇലവീഴാ പൂഞ്ചിറ എന്നീ കേന്ദ്രങ്ങൾക്ക് പുറമേ മുതുകോരമല, ഇല്ലിക്കൽക്കല്ല്, തലനാട് ഭാഗം എന്നീ കേന്ദ്രങ്ങൾ കൂടി ഹരിത ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിനായി തിരഞ്ഞെടുത്തു.

❖ ഇടുക്കി ജില്ലയിൽ പീരുമേട് ഗ്രാമപഞ്ചായത്തിലെ ഹരിത ടൂറിസം പദ്ധതിയുടെ ഭാഗമായി ഹരിത ചെക്ക് പോസ്റ്റിന്റെ നിർമ്മാണം പൂർത്തിയായി റോഡിലെ ബാരിക്കേഡ് സ്ഥാപിക്കുന്നതിനുള്ള പ്രോജക്റ്റ് ടെൻഡർ നടപടികൾ പൂർത്തിയായി.

❖ പാലക്കാട് ജില്ലയിൽ വെള്ളിയാങ്കല്ല് പൈതൃക പാർക്കിൽ വിവിധ ഭാഗങ്ങളിലായി 4 ബോട്ടിൽ ബൂത്തുകൾ സ്ഥാപിച്ചു. പോത്തുണ്ടി ഡാമിൽ ശുചീകരണ പ്രവർത്തനം നടത്തി. ബോർഡുകൾ സ്ഥാപിച്ചു. മലമ്പുഴ ഗാർഡനിൽ 72 എണ്ണം നീല, പച്ച നിറത്തിലുള്ള വേസ്റ്റ് ബിന്നുകൾ സ്ഥാപിച്ചു. മലമ്പുഴ ഗാർഡനിൽപ്രവർത്തന യോഗ്യമല്ലാതിരുന്ന 2 ശുചിമുറികൾ പ്രവർത്തനയോഗ്യമാക്കി. മംഗലം ഡാമിൽ 12 ബോട്ടിൽ ബൂത്തുകൾ സ്ഥാപിക്കുന്നതിനായി ബോട്ടിൽ ബൂത്തുകൾ തയ്യാറാക്കിയിട്ടുണ്ട്.

❖ മലപ്പുറം ജില്ലയിൽ പറവണ്ണ ബീച്ച് ശുചീകരണം NSS, SPC, പൊതുജനങ്ങൾ, സ്റ്റുഡന്റ്സ് അലുമിനി അസോസിയേഷൻ, പഞ്ചായത്ത് എന്നിവരുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ചു. നിലമ്പൂർ തേക്ക് മ്യൂസിയത്തിൽ ഭിന്ന ശേഷിക്കാർക്ക് ഇലക്ട്രിക് വാഹനം സൗകര്യം ഏർപ്പെടുത്തും. മിനി ഊട്ടിയിൽ മഴക്കാല പൂർവ ശുചികരണം നടത്തി.

❖ കോഴിക്കോട് ജില്ലയിൽ ലോകനാർകാവിൽ പച്ചത്തുരുത്ത് സ്ഥാപിക്കാനുള്ള തൈകൾ ബൊട്ടാണിക്കൽ ഗാർഡനിൽ നിന്ന് ലഭ്യമാക്കി. ഇതോടൊപ്പം കക്കയം ഹൈഡൽ ടൂറിസം കേന്ദ്രത്തെ ഹരിതടൂറിസമാക്കാനുള്ള അസസ്മെന്റ് നടത്തി.

❖ കണ്ണൂർ ജില്ലയിൽ പെരളശ്ശേരി - റഗുലേറ്റർ കം ബ്രിഡ്ജ്, ആന്തൂർ പറശ്ശിനി മുത്തപ്പൻ മടപ്പുര,പായം - ഇരിട്ടി ഇക്കോ പാർക്ക്, കേളകം എന്നിവിടങ്ങളിൽ ജൂൺ മാസം ശുചീകരണ പ്രവർത്തനങ്ങളും പായം - ഇരിട്ടി ഇക്കോ പാർക്കിൽ സൗന്ദര്യവൽക്കരണ പ്രവർത്തനങ്ങളും നടന്നിട്ടുണ്ട്.

❖ കാസർഗോഡ് ജില്ലയിൽ തിരഞ്ഞെടുത്തിട്ടുള്ള 9 ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ശുചീകരണ പ്രവർത്തനങ്ങൾ എല്ലാ മാസവും നടത്താറുണ്ട്.

| ഹരിത ടൂറിസം ത്രൈമാസ അവലോകനം | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| പ്രവർത്തനം നടന്ന മാസം | നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തനങ്ങളിലുള്ള ജനപങ്കാളിത്തം |
| | | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| ഏപ്രിൽ | 28 | 184 | 404 | 640 | 1228 | 0 | 0 | 0 | 0 | 102 | 284 |
| മേയ് | 24 | 95 | 134 | 165 | 394 | 0 | 0 | 0 | 0 | 94 | 289 |
| ജൂൺ | 45 | 278 | 387 | 289 | 954 | 0 | 0 | 0 | 0 | 115 | 937 |
| ആകെ | 97 | 557 | 925 | 1094 | 2576 | 0 | 0 | 0 | 0 | 311 | 1510 |

ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ ഹരിത ടൂറിസം കേന്ദ്രങ്ങൾക്കുള്ള മാർഗ്ഗരേഖ ജില്ലാ മിഷനുകളിലേക്ക് നൽകിയിട്ടുണ്ട്. ഇതോടൊപ്പം വിനോദ സഞ്ചാരകേന്ദ്രത്തിന്റെ അവസ്ഥാ പഠനം എല്ലാ ജില്ലകളിലും നടന്നു. അവസ്ഥാ പഠനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്ഥാപനങ്ങളിൽ ചർച്ചയും അവതരണവും നടന്നു വരുന്നു. അവസ്ഥാ പഠനത്തിന്റെ അടിസ്ഥാനത്തിൽ കർമ്മരേഖ തയ്യാറാക്കിയിട്ടുണ്ട്. ഓരോ പ്രവർത്തികൾക്കും സമയക്രമം നിശ്ചയിച്ചിട്ടുണ്ട്. അവ ഓരോ മാസവും വിലയിരുത്തുന്നുണ്ട്. സമർപ്പിച്ച പല പ്രൊജെക്ടുകളും അനുമതി വാങ്ങുന്നതിനും നടപ്പിലാക്കുന്നതിനും വേണ്ട ഇടപെടലുകൾ നടക്കുന്നുണ്ട്.

## 11. ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ

ജൈവമാലിന്യത്തിന് ഉറവിട മാലിന്യ സംസ്കരണവും അജൈവ മാലിന്യത്തിന് വാതിൽപ്പടി ശേഖരണവും കാര്യക്ഷമമാക്കുന്നതിനുള്ള നടപടികളാണ് ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്നത്.

- ❖ ജൂൺ മാസത്തിൽ 869.565 ടൺ തരം തിരിച്ച പ്ലാസ്റ്റിക്കും, 4134.325 ടൺ നിഷ്ക്രിയ മാലിന്യങ്ങളും, 128.43 ടൺ ലെഗസി മാലിന്യങ്ങളും, 24.821 ടൺ ഇ-മാലിന്യങ്ങളും, 370.826 ടൺ ചില്ല് മാലിന്യവും 156.67 ടൺ തുണി മാലിന്യവും 4.748 ടൺ ആപൽക്കരമായ മാലിന്യവും ക്ലീൻ കേരള കമ്പനിക്ക് കൈമാറിയിട്ടുണ്ട്.
- ❖ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വാർ റൂം ഡാറ്റയാണ് റിപ്പോർട്ടിൽ ഉൾകൊള്ളിച്ച് വന്നിരുന്നത്. എന്നാൽ വാർ റൂം ഡാറ്റ സൈറ്റിൽ 2023 ഡിസംബർ മാസം മുതൽ 2024 ജൂൺ മാസം വരെ update / മാറ്റം വരുത്തിയിട്ടില്ല.
- ❖ മാലിന്യത്തിന്റെ ഉറവിടം മുതൽ സംസ്കരണം വരെ ട്രാക്ക് ചെയ്യുന്നതിനുള്ള ഓൺലൈൻ മോണിട്ടറിംഗ് ഹരിതമിത്രം ആപ് 1027 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്നു.
- ❖ ഹരിതമിത്രം അപ്ലിക്കേഷൻ മുഖേന 87.05 ലക്ഷം കെട്ടിടങ്ങളിൽ അപ്ലിക്കേഷൻ വഴിയുള്ള സർവീസ് നൽകുന്നുണ്ട്.
- ❖ കോഴി/പൗൾട്രി അറവു മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് ജില്ലകളിൽ സ്വകാര്യ പങ്കാളിത്തത്തോടെ 40 റെൻററിംഗ് പ്ലാൻറുകൾ പ്രവർത്തിച്ചുവരുന്നു.

| പ്രവർത്തനം നടന്ന മാസം | ശുചിത്വ-മാലിന്യ സംസ്കരണ ത്രൈമാസ അവലോകനം | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തനങ്ങളിലുള്ള ജനപങ്കാളിത്തം |
| | | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| ഏപ്രിൽ | 216 | 615 | 1390 | 2009 | 4014 | 5 | 851 | 7 | 259 | 808 | 7029 |
| മേയ് | 687 | 3040 | 4615 | 3976 | 11631 | 16 | 991 | 8 | 423 | 2950 | 69892 |
| ജൂൺ | 447 | 1416 | 2489 | 3909 | 7814 | 18 | 1466 | 8 | 718 | 1640 | 10547 |
| ആകെ | 1350 | 5071 | 8494 | 9894 | 23459 | 39 | 3308 | 23 | 1400 | 5398 | 87468 |

- എറണാകുളം ജില്ലയിൽ മുളന്തുരുത്തി ഗ്രാമപഞ്ചായത്ത് വാർഡ് 13 ലെ അംഗനവാടിയിൽ പ്രവേശനോത്സവത്തോടു അനുബന്ധിച്ച് രക്ഷിതാക്കൾക്കും കുടുംബശ്രീ അംഗങ്ങൾക്കുമായി ശുചിത്വ ബോധവൽക്കരണ ക്ലാസ്സ് നടത്തി.
- ആലപ്പുഴ ജില്ലയിൽ ഹോട്ടൽ & റസ്റ്റോറന്റ് അസോസിയേഷൻ ഭാരവാഹികൾക്കും അംഗങ്ങൾക്കും ചേർത്തല നഗരസഭയിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും ചാനലുകൾക്കും മുന്നിൽ സ്ലാഷ് സാങ്കേതിക വിദ്യ അവതരിപ്പിച്ചു.
- ആലപ്പുഴ ജില്ലയിൽ ഓഫീസുകളിൽ നിന്നും സ്കൂളുകളിൽ നിന്നും ഇലക്ട്രോണിക് മാലിന്യങ്ങൾ നീക്കം ചെയ്യുന്ന പരിപാടിക്ക് തുടക്കം കുറിച്ചു.കേരള സർക്കാരിന്റെ ക്ലീൻ കേരള കമ്പനി മുഖേനയാണ് ഇ-മാലിന്യങ്ങൾ നീക്കം ചെയ്യുന്നത്
- വയനാട് ജില്ലയിൽ മുപ്പയിനാട് ഗ്രാമപഞ്ചായത്തിൽ 8-ആം വാർഡ് പാടിവയൽ എന്ന സ്ഥലത്ത് പുതിയ MCF സ്ഥാപിച്ചു. 300 sq ft ആണ് ഇതിന്റെ വിസ്തൃതി. ഈ MCF തികയാതെ വന്നതിനാല് ഇതിനുപുറമേ പുതിയ എം സി എഫ് നിർമിക്കുന്നതിന് ഗ്രാമപഞ്ചായത്ത് 30 സെന്റ് സ്ഥലം കണ്ടെത്തിയിട്ടുണ്ട്, 45 ലക്ഷം രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്.
- ദ്രവമാലിന്യ സംസ്കരണം പുതിയതും ചെലവുകുറഞ്ഞതും പ്രായോഗികവുമായ രീതികൾ ഹരിതകേരളം മിഷൻ പിന്തുണയോടെ ഹോട്ടൽ & റസ്റ്റോറന്റ് അസോസിയേഷൻ ഭാരവാഹികൾക്കും അംഗങ്ങൾക്കും ചേർത്തല നഗരസഭയിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും ചാനലുകൾക്കും മുന്നിൽ അവതരിപ്പിച്ചു. QUAS ടെക്നോളജിയാണ് - മൊബൈൽ എഫ്ളുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മിച്ച് അവതരിപ്പിച്ചത്. പ്രവർത്തനം നേരിട്ട് മനസിലാക്കിയ ഹോട്ടൽ ഉടമകൾ വ്യക്തിപരമായും കൂട്ടായും സംഘനോപരമായും ഈപ്ലാന്റ് നിർമ്മിക്കുന്നതിനും അല്ലെങ്കിൽ താല്കാലികമായ സംവിധാനം ഒരുക്കുന്നതിനും തയ്യാറായിട്ടുണ്ട്. ഈ മേഖലയിലെ ആവശ്യമുള്ള അളവിൽ കൊയാഗുലന്റ് പൗഡർ നിർമ്മിച്ച് നൽകാൻ തയ്യാറാണെന്ന് കമ്പനി അറിയിച്ചു. തിരുവനന്തപുരത്ത് ഓണാഘോഷം, കേരളീയം പരിപാടികളുടെ ഭാഗമായ ഫുഡ്കോർട്ടിൽ മലിനജല സംസ്കരണത്തിന് ഹരിതകേരളം മിഷന്റെ പിന്തുണയോടെ അവതരിപ്പിച്ചതാണീ പുതിയ സംവിധാനം.

## 12. അഞ്ചുനാട് പരിസ്ഥിതി പുനഃസ്ഥാപന പദ്ധതി (അഞ്ചുനാടു ഭൂപ്രദേശങ്ങളിലെ ജൈവവൈവിധ്യ പരിപാലനവും സുസ്ഥിര ഉപജീവനവും" - തുടർ പ്രവർത്തനങ്ങൾ)

ഹരിത കേരളം മിഷൻ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി ഹൈറേഞ്ച് മേഖലയിൽ യുണൈറ്റഡ് നേഷൻസ് ഡെവലപ്മെന്റ് പ്രോഗ്രാം (UNDP), 2018 മുതൽ 2022 വരെ നടപ്പിലാക്കിയിരുന്ന പദ്ധതിയാണ് "അഞ്ചുനാടും സമീപ ഭൂപ്രദേശങ്ങളിലെ ജൈവവൈവിധ്യ പരിപാലനവും സുസ്ഥിര ഉപജീവനവും".

- മൂന്നാർ, ചിന്നക്കനാൽ, മറയൂർ, കാന്തല്ലൂർ, വട്ടവട, ദേവികുളം, അടിമാലി, മാങ്കുളം, ഇടമലക്കുടി, കുട്ടമ്പുഴ, അതിരപ്പിള്ളി എന്നീ ഗ്രാമ പഞ്ചായത്തുകളിലാണ് പദ്ധതി നടപ്പിലാക്കിയിരുന്നത്.
- പദ്ധതിയുടെ ഭാഗമായി തുടങ്ങിയ പ്രവർത്തനങ്ങളുടെ സുസ്ഥിരമായ തുടർച്ച ഉറപ്പുവരുത്തുന്നതിന് ഹരിത കേരളം മിഷന്റെ കീഴിൽ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് (പി.എം.യു) രൂപീകരിച്ചു നിലവിൽ പ്രവർത്തിച്ചു വരുന്നു.
- ചിന്നക്കനാൽ മാലിന്യ സംസ്കരണ പ്ലാന്റിന് വേണ്ടി പഞ്ചായത്തിന് അനുവദിച്ചു കിട്ടിയ 2 ഏക്കർ സ്ഥലം സന്ദർശിക്കുകയും അതിനു വേണ്ടി പ്ലാൻ തയ്യാറാക്കാനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു.
- IHRML പദ്ധതിയുടെ കീഴിൽ ആരംഭിച്ച സുസ്ഥിര കാർഷിക പ്രവർത്തനങ്ങളുടെ തുടർച്ച ഉറപ്പ് വരുത്തുന്നതിന് അഗ്രിക്കൾച്ചറൽ പ്രൊഡക്ഷൻ കമീഷണർ വിളിച്ച ചേർത്ത യോഗത്തിൽ ഇതുമായി ബന്ധപ്പെട്ട് ഒരു പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ അഗ്രിക്കൾച്ചറൽ

ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**13.1) സുസ്ഥിര കരിമ്പ് കൃഷി (Sustainable Sugarcane Initiative - SSI)** - മണ്ണിന്റെ ഗുണമേന്മ വർദ്ധിപ്പിച്ച് ശാസ്ത്രീയമായ രീതിയിൽ എസ്.എസ്.ഐ മോഡലിലൂടെ കർഷകന് കൂടുതൽ വിളവ് ഉണ്ടാകുക, ഒപ്പം ജി.ഐ ടാഗുള്ള മറയൂർ ശർക്കരയ്ക്ക് കൂടുതൽ മൂല്യം കിട്ടുന്ന തരത്തിലുള്ള വിപണനം വരെ പിന്തുണ നൽകുന്ന തരത്തിൽ വിവിധ ഏജൻസികളെ ഏകോപിപ്പിച്ചുകൊണ്ടുള്ള സമഗ്രമായ പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നത്.

മണ്ണ് പര്യവേക്ഷണ - മണ്ണ് സംരക്ഷണ വകുപ്പുമായി ചേർന്ന് മറയൂർ, കാന്തല്ലൂർ ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലെ 59 കരിമ്പ് കർഷകരുടെ മണ്ണ് സാമ്പിളുകൾ പരിശോധന നടത്തി ,സോയിൽ ഹെൽത്ത് കാർഡ് വിതരണം ചെയ്യുകയും ഹെൽത്ത് കാർഡിലെ വിവരങ്ങൾ വിശദീകരിക്കുന്നതിനും കർഷകരുടെ സംശയ നിവാരണം നടത്തുന്നതിനുമായി കർഷകർക്കായി അഗ്രോ ക്ലിനിക്ക് സംഘടിപ്പിക്കുകയും ചെയ്തു.

മറയൂർ ട്രൈബൽ വെൽഫെയർ സൊസൈറ്റിയുടെ ഉല്പന്നങ്ങൾക്ക് വേണ്ടിയിട്ടുള്ള ലേബലുകൾ രൂപകൽപന ചെയ്തു. ഉല്പന്നങ്ങൾക്ക് വിപണി സാധ്യതയുള്ള മാർക്കറ്റുകൾ ലഭ്യമാക്കാനുള്ള ശ്രമങ്ങൾ നടന്നു വരുന്നു.

**13.2) നെൽകൃഷി വികസനം** - അടിമാലി ഗ്രാമപഞ്ചായത്തിൽ കൊരങ്ങാട്ടി പാടശേഖരത്തിലെ വെള്ളക്കെട്ട് പരിഹരിക്കുന്നതിനായി കനാലുകൾ നവീകരിക്കുന്നതും, വന്യമൃഗ ശല്യത്തിന് പരിഹാര മാർഗങ്ങൾ അവലംബിക്കുന്നതും, കാർഷിക ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. പാടശേഖരത്തിലെ ജലസേചന-ജലനിർഗമന പോരായ്മകൾ പരിഹരിക്കുന്നതിന് പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി ജലസേചന വകുപ്പ് പാടശേഖരം സന്ദർശിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുകയും പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. ടെക്നിക്കൽ അനുമതിക്ക് ഡീറ്റൈൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തു.

**13.3) പുൽതൈല കൃഷിയും മൂല്യ വർദ്ധിത ഉൽപന്നങ്ങളും** - കർഷകർക്ക് വരുമാനം ഉറപ്പു വരുത്തുന്നതിനായി പുൽതൈല കൃഷി 28 ഏക്കറിൽ കൂടി കൃഷി ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്. 5 ഏക്കറിൽ കൃഷി തുടങ്ങുന്നതിന് ആവശ്യമായ അത്യുൽപാദന ശേഷിയുള്ള കൃഷ്ണ ഇനം തൈലപുൽ തൈകൾ ബാംഗ്ലൂരിലെ CIMAP ൽ നിന്നും ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓടക്കാലിയിൽ പ്രവർത്തിക്കുന്ന Aromatic and Medicinal plants Research station വഴി തൈലപ്പുൽക്കൃഷിക്ക് ആവശ്യമായ സാങ്കേതിക സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികളും പുൽതൈല യൂണിറ്റുകൾക്ക് അഗ്രി ബിസിനെസ് എന്റർപ്രൈസ് മാതൃകയിൽ കൃഷി വകുപ്പ് വഴി സഹായം നൽകുന്നതിനും ഉള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്.

**13.4) നീലക്കുറിഞ്ഞി ജൈവ വൈവിധ്യ വിജ്ഞാന കേന്ദ്രം** - നീലക്കുറിഞ്ഞി ജൈവ വൈവിധ്യ വിജ്ഞാന കേന്ദ്രത്തിൽ പ്രദർശിപ്പിച്ചിട്ടുള്ള സസ്യ ജാലങ്ങളുടെ വിവരങ്ങൾ ഉൾക്കൊള്ളുന്ന ഒരു മാനുൽ തയ്യാറാക്കിയിട്ടുണ്ട്.

**13.5) മൂന്നാർ മാലിന്യ സംസ്കരണം** - മൂന്നാറിലെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ഹരിതകേരളം മിഷൻ പ്രോജക്ട് മാനേജ്മന്റ് യൂണിറ്റ് നേതൃത്വത്തിൽ മൂന്നാർ സന്ദർശിച്ച് നേരിട്ട് സ്ഥിതി വിലയിരുത്തി അവസ്ഥ പഠന റിപ്പോർട്ട് തയ്യാറാക്കുകയും തുടർ നടപടികൾക്കായി സർക്കാരിനു സമർപ്പിച്ചു. നിലവിലെ പ്രശ്നങ്ങളും അവ പരിഹരിക്കാനുള്ള നിർദേശങ്ങളും പദ്ധതികൾക്കായുള്ള സ്കീം മാപ്പിങ്ങും റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 13. പാറക്വാറി റീച്ചാർജിങ്

❖ ഉപേക്ഷിക്കപ്പെട്ട പാറമടകളിൽ സംഭരിക്കപ്പെട്ടിട്ടുള്ള ജലം, വേനൽ കാലത്ത് കൃഷി, കുടിവെള്ളം മുതലായ ആവശ്യങ്ങൾക്ക് വിനിയോഗിക്കാനുള്ള സാധ്യത തേടി ഹരിത കേരള മിഷൻ വിവിധ പാറമടകൾ സന്ദർശിച്ച വിവരശേഖരണം നടത്തിയിട്ടുണ്ട്. ഇത്തരത്തിൽ സാധ്യതയുള്ള 286

ക്വാറികൾ സംസ്ഥാനത്തു കണ്ടെത്തിയിട്ടുണ്ട്. സാധ്യതയുള്ള പാറമടകൾ ഹരിത കേരള മിഷൻ നേരിട്ട് പരിശോധിച്ച് ആയതിൽ ഏറ്റവും മുൻഗണന നൽകേണ്ടവ തിരഞ്ഞെടുത്തു നടപ്പിലാക്കുന്നതാണ്.

- ❖ പാറമടകളിലെ വെള്ളം ഉപയോഗപ്പെടുത്തി കൊണ്ട് കൂടുതൽ പ്രദേശങ്ങളിൽ കൃഷി, സമീപത്തെ കിണറുകളിൽ ജലലഭ്യത, എന്നിവ ലക്ഷ്യമിട്ടുള്ള തുടർ പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തിട്ടുണ്ട്.
- ❖ കൊല്ലം ജില്ലയിൽ വിവിധ തദ്ദേശ സ്ഥാപനങ്ങളിലായുള്ള 78 പാറക്വാറികളിൽഅവസ്ഥ പഠനം നടത്തിയതിൽ 20 ക്വാറികൾ കരീപ്ര മോഡൽ രീതിയിൽ പാറക്വാറി റീചാർജ്ജ് പദ്ധതി ആരംഭിക്കുന്നതിന് അനുയോജ്യമാണെന്ന് കണ്ടിട്ടുണ്ട്. ഈ ക്വാറികളിൽ തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു വരുന്നു.
- ❖ കൊല്ലം ജില്ലയിൽ ഡിഫൻസ് റിസർച്ച് ഡെവലപ്മെന്റ് ഓർഗനൈസേഷൻ അന്തർവാഹിനി ഉപയോഗിച്ച് ഡൈവിംഗ് പരീക്ഷണം നടത്തുന്നതിനായി പാറക്വാറി അനുയോജ്യമാണോ എന്നറിയുവാനുള്ള സാങ്കേതിക സാധ്യത പഠനത്തിനായി കരീപ്ര പാറക്വാറിയിൽ സന്ദർശനം നടത്തി.
- ❖ എറണാകുളം ജില്ലയിൽ മാമ്പ്രക്കുന്ന് ക്വാറിയിൽ നിന്നും, എളവൂർ പാറക്വാറിയിൽ നിന്നും കൃഷിക്ക് ജലം എത്തിക്കാനും, ജലക്ഷാമം നേരിടുന്ന വീടുകളിലേക്ക് ജലം എത്തിക്കുവാനുള്ള അവസ്ഥവിശകലനം നടത്തി.

## 14. തനത് പ്രവർത്തനങ്ങൾ

- ❖ **പാരിസ്ഥിതികം 2024 – പാലക്കാട് ജില്ലയിലെ** പലതരത്തിലുള്ള പാരിസ്ഥിതിക ആഘാതങ്ങൾ ലഘൂകരിക്കുന്നതിനും പരിസ്ഥിതി സൗഹൃദ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകി കാർഷിക വികസനവും ജലസംരക്ഷണവും മാലിന്യസംസ്കരണവും ഉറപ്പാക്കുന്നതിനും പാരിസ്ഥിതികം 2024 എന്ന പേരിൽ ഒരു ബഹുതല ക്യാമ്പയിൻ പാലക്കാട് ജില്ലാപഞ്ചായത്തും ഹരിതകേരളം മിഷനും ആരംഭിച്ചു. ഇതിൻറെ ഭാഗമായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ ഏറ്റെടക്കും.
- ❖ **നൂറ് മേനി - പാലക്കാട് ജില്ലയിലെ** കാർഷിക മേഖലയിൽ സമ്പൂർണ്ണ കാർഷിക വൽക്കരണം ഉറപ്പാക്കുന്നതിന്റെ ഭാഗമായി ജില്ലയിലെ ഓരോ ബ്ലോക്കുകളിൽ നിന്നും തിരഞ്ഞെടുത്ത പഞ്ചായത്തുകളിൽ പച്ചക്കറി, നെല്ല്, കിഴങ്ങുകൾ, പയറുവർഗ്ഗങ്ങൾ, മില്ലറ്റുകൾ എന്നിവ സമ്പൂർണ്ണമായി കൃഷി ചെയ്ത് മാതൃക സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നു. നൂറ്മേനി എന്നാണ് ഈ ക്യാമ്പയിൻ അറിയപ്പെടുന്നത്. കിഴക്കഞ്ചേരി, കുഴൽമന്ദം, നെന്മാറ, പെരുവെമ്പ്, എലപ്പുള്ളി, മലമ്പുഴ, ചാലിശ്ശേരി, മങ്കര, വല്ലപ്പുഴ, കടമ്പഴിപ്പുറം, ഷോളയൂർ, പരുതൂർ, തച്ചനാട്ടുകര എന്നീ പഞ്ചായത്തുകളിലാണ് ആദ്യ ഘട്ടത്തിൽ ക്യാമ്പയിൻ നടപ്പിലാക്കുന്നത്.
- ❖ **ജലസമൃദ്ധി - പാലക്കാട് ജില്ലയിൽ** കഴിഞ്ഞ മാസങ്ങളിൽ അനുഭവപ്പെട്ട ചൂടും കുടിവെള്ളക്ഷാമത്തിന്റെ ദൗർലഭ്യവും നേരിട്ട പശ്ചാത്തലത്തിൽ വിവിധ പ്രവർത്തനങ്ങളിലൂടെ ജലലഭ്യത ഉറപ്പാക്കുന്നതിനും ജലത്തിന്റെ മിതമായ ഉപഭോഗത്തെ കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനുമുള്ള ഒരു ക്യാമ്പയിനാണ് ജലസമൃദ്ധി.
- ❖ **ഹരിതഭൂമി - പാലക്കാട് ജില്ലയിൽ** കാർബൺ എമിഷൻ ഉൾപ്പെടെയുള്ള പാരിസ്ഥിതിക പ്രതിസന്ധികൾ മറികടക്കുന്നതിന് മരങ്ങൾ വച്ച് പ്രതിരോധം സൃഷ്ടിക്കുക എന്ന സമീപനം സ്വീകരിച്ചു കൊണ്ട് ജില്ലയിലെ പൊതുയിടങ്ങൾ, പുഴയോരങ്ങൾ, പൊതുസ്ഥാപന ഭൂമികൾ എന്നിവിടങ്ങളിലെല്ലാം സാധ്യമായ പച്ചത്തുരുത്തുകൾ നിർമ്മിക്കുന്നതിന് വിഭാവനം ചെയ്യുന്നതാണ് ഈ പരിപാടി.
- ❖ **പാലക്കാട് ചുരത്തിനെ പച്ചപുതപ്പിക്കാൻ ' ഗ്രീൻ ദ ഗ്യാപ്' പദ്ധതി - പാലക്കാട് ജില്ലയിലെ** കാലാവസ്ഥാ വ്യതിയാനവും, പ്രകൃതി ദുരന്തങ്ങൾ വർധിച്ച് വരികയും ചെയ്യുന്ന സാഹചര്യം കണക്കിലെടുത്ത് നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായി ഹരിതകേരളം മിഷൻ്റെ

ഏകോപനത്തിൽ പാരിസ്ഥിതികം 2024 ഹരിതഭൂമി 'ഗ്രീൻ ദ ഗ്യാപ്' ക്യാമ്പയിന് തുടക്കമായി. പാലക്കാട് ജില്ലയുടെ കാലാവസ്ഥ നിർണയിക്കുന്നതിൽ പ്രധാന പങ്കു വഹിക്കുന്ന പശ്ചിമഘട്ട വിടവിനെ ഹരിത കവചമണിയിക്കുകയാണ് ഗ്രീൻ ദ ഗ്യാപ് പദ്ധതി ലക്ഷ്യമിടുന്നത്. 32-40 കി മീ നീളത്തിലുള്ള ഭൗമവിടവ് ഉൾപ്പെടുന്ന പുതുശ്ശേരി, വടകരപ്പതി, എരുത്തേമ്പതി, കൊഴിഞ്ഞാമ്പാറ, പെരുമാട്ടി, പട്ടഞ്ചേരി, മുതലമട, എലപ്പുള്ളി, നല്ലേപ്പുള്ളി, പൊൽപ്പുള്ളി തുടങ്ങിയ പഞ്ചായത്തുകളിൽ ക്യാമ്പയിൻ പ്രവർത്തനങ്ങൾ നടപ്പിലാക്കും. തരിശുരഹിത ഭൂമി, ഭക്ഷ്യസ്വയം പര്യാപ്തത, സുസ്ഥിര മണ്ണ് ജല സുരക്ഷ, കാർബൺ തുലിത മേഖലയാക്കുക തുടങ്ങി വിവിധ പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കൃഷി വകുപ്പ്, സോഷ്യൽ ഫോറസ്ട്രി, ജി എൻ ആർ ഈ ജിഎസ്, തുടങ്ങിയ വിവിധ വകുപ്പുകളുടെ സഹായത്തോടെ ജൂലൈ 1 മുതൽ ആരംഭിക്കും.

- **പാലക്കാട് ജില്ല നല്ലഭൂമി** - സംസ്ഥാന സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന മാലിന്യസംസ്കരണ പ്രവർത്തനത്തിന് ജില്ലാതലത്തിലുള്ള പിന്തുണ ഉറപ്പാക്കി ജില്ലയെ ഒരു മാലിന്യമുക്ത പ്രദേശമാക്കുന്നതിന് ഏറ്റെടുക്കുന്നതാണ് ഈ ക്യാമ്പയിൻ.
- **മലപ്പുറം ജില്ലയിൽ** ലോക പരിസ്ഥിതിദിനത്തിൽ ഹരിത കേരളം മിഷന്റെ അഭിമുഖ്യത്തിൽ, ജി.വി.എച്ച്.എസ്.എസ് ചേളാരി. ജി.എച്ച്.എസ്.എസ് ഇരിമ്പിളിയം എന്നീ സ്കൂളുകളിൽ പരിസ്ഥിതി പഠന ക്ലാസ്സ് സംഘടിപ്പിച്ചു
- **നീലക്കുറിഞ്ഞി ജൈവ വൈവിധ്യ പഠനോത്സവം** - സംസ്ഥാനത്തെ എല്ലാ ബ്ലോക്കുകളിലും ഉൾപ്പെട്ട നീലക്കുറിഞ്ഞി ബ്ലോക്ക്തല ക്വിസ് മത്സര വിജയികൾക്കും, ജില്ലാതല ക്വിസ് മത്സര വിജയികൾക്കും അവരവരുടെ സ്കൂളുകളിൽ സംഘടിപ്പിച്ച സ്കൂൾ അസംബ്ലി ചടങ്ങിൽ വെച്ച് ഹരിത കേരളം മിഷന്റെ മൊമെൻറേയും സർട്ടിഫിക്കറ്റുകളും വിതരണം ചെയ്തു.
- **ആരോഗ്യ പരിശോധന** : കോഴിക്കോട് ജില്ലയിൽ ആർദ്രം മിഷനുമായി ചേർന്ന് ഹരിതകർമ്മസേനയ്ക്ക് ആരോഗ്യ പരിശോധന നടത്താനുള്ള ഇടപെടൽ നടത്തിവരുന്നു. ജില്ലയിൽ ഓരോ ബ്ലോക്ക് പഞ്ചായത്തുകളിലായി മെഡിക്കൽ ക്യാമ്പുകൾ നടന്നുവരുന്നു. ജില്ലയിൽ ഇത് വരെ ആകെ 54 തദ്ദേശ സ്ഥാപനങ്ങളിൽ മെഡിക്കൽ ക്യാമ്പ് നടത്തി. ഇവയിൽ പെരുമണ്ണ, ചാത്തമംഗലം പഞ്ചായത്തുകളിൽ 3 തവണയും, കുന്നമംഗലം, മാവൂർ, പെരുവയൽ, കുറവട്ടൂർ, കാരശ്ശേരി, കൊടിയത്തൂർ, കാക്കൂർ, തലക്കുളത്തൂർ പഞ്ചായത്തുകളിൽ 2 തവണയും ക്യാമ്പ് നടത്തി.
- **കണ്ണൂർ ജില്ലയിൽ ഗ്രീൻ & ക്ലീൻ കോൺക്ലേവ്** : കേരളം നേരിട്ടുകൊണ്ടിരിക്കുന്ന പലവിധങ്ങളായ പ്രതിസന്ധികളിൽ പ്രധാനപ്പെട്ടതാണ് ശുചിത്വ പ്രതിസന്ധി എന്നും മാലിന്യ പ്രശ്നം പരിഹരിക്കാൻ ജനകീയ ഇടപെടലുകൾ നടത്തുന്നതിന്റെ ഭാഗമായി പെരളശ്ശേരി ഗ്രാമപഞ്ചായത്തിൽ സംഘടിപ്പിച്ച ക്ലീൻ ആൻഡ് ഗ്രീൻ കോൺക്ലേവ് ജനകീയ സംഗമത്തിന്റെ ഉദ്ഘാടനം ഡോ: തോമസ് ഐസക് നിർവ്വഹിച്ചു. കേരള സർക്കാരിന്റെ ചെറു പട്ടണങ്ങൾ സൗന്ദര്യ വൽക്കരിക്കുന്നതിന്റെ ഭാഗമായി മൂന്നുപെരിയ ടൗണിൽ നടത്തിയ ശുചിത്വ മാതൃക ഡോ: തോമസ് ഐസക്ക് സന്ദർശിച്ച് ഓർമ്മ മരം നട്ടു.
- **കണ്ണൂർ ജില്ല - ശുചിത്വ സന്ദേശ യാത്ര** : മാലിന്യം വലിച്ചെറിയുന്ന സാമൂഹ്യ രീതിക്കെതിരെ, പൊതു ഇടങ്ങൾ മാലിന്യമുക്തമാക്കാൻ ജനകീയ മുന്നേറ്റം സൃഷ്ടിക്കുന്നതിനായ് കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് പി.പി. ദിവ്യയുടെ നേതൃത്വത്തിലുള്ള ശുചിത്വ സന്ദേശ യാത്രക്ക് പെരളശ്ശേരി മൂന്ന് പെരിയയിൽ തുടക്കമായി. കണ്ണൂർ സമ്പൂർണ ശുചിത്വ ജില്ല എന്ന ലക്ഷ്യം കൈവരിക്കാൻ സകല ജനവിഭാഗങ്ങളുടെയും സഹകരണവും നേതൃത്വവും ഉണ്ടാകണമെന്നും അഭ്യർത്ഥിക്കാനാണീ യാത്ര. യാത്ര സന്ദർശിച്ച പട്ടണങ്ങളിൽ വലിച്ചെറിയലിനെതിരായ സ്റ്റിക്കർ പ്രചരണവും ജില്ലാപഞ്ചായത്ത് തയ്യാറാക്കിയ ശുചിത്വസന്ദേശമടങ്ങിയ പോസ്റ്ററുകൾ പതിപ്പിക്കലും, വൃത്തിയുടെ കാര്യത്തിൽ മാതൃകകൾ സൃഷ്ടിച്ചവരെ അനുമോദിക്കലും ശുചിത്വ സന്ദേശ യാത്രയിൽ നടത്തിവന്നു.
- **കണ്ണൂർ ജില്ലയിലെ** പിണറായി ടൗണിലെ വൃത്തിയായി സൂക്ഷിച്ച കുടുംബശ്രീ ഹോട്ടൽ, പിണറായി

ക്ഷീര സഹകരണ സംഘം എന്നിവയെ ഔഷധസസ്യം നൽകി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ആദരിച്ചു.

- ❖ **കണ്ണൂർ ജില്ലയിൽ** കല്യാശ്ശേരി ബ്ലോക്കിലെ പഴയങ്ങാടി ബസ് സ്റ്റാൻഡിൽ ചെടികൾ വെച്ച് ഭംഗി ആയി പരിപാലിക്കുന്ന (ആരാമം, കല്യാശ്ശേരി) ഓട്ടോ തൊഴിലാളികൾക്ക് അനുമോദനം നൽകി.
- ❖ **കണ്ണൂർ ജില്ലയിൽ** മൊകേരി പഞ്ചായത്തിൽ മികച്ച ശുചീകരണ പ്രവർത്തനം നടത്തിയ ടീമിനുള്ള പാനൂർ ബ്ലോക്ക് പഞ്ചായത്തിന്റെ ഉപഹാരം രാജീവ് ഗാന്ധി മെമോറിയാൽ ഹയർസെക്കൻഡറി സ്കൂളിലെ എൻഎസ്എസ് യൂണിറ്റ് കൈമാറി.
- ❖ **കണ്ണൂർ ജില്ലയിൽ** പന്ന്യന്നൂർ പഞ്ചായത്തിൽ മികച്ച ശുചീകരണ പ്രവർത്തനം നടത്തിയ ടീമിനുള്ള പാനൂർ ബ്ലോക്ക് പഞ്ചായത്തിന്റെ ഉപഹാരം ലൈഫ് ആൻഡ് കെയർ ചാരിറ്റബിൾ സൊസൈറ്റിക്ക് കൈമാറി.
- ❖ **കണ്ണൂർ ജില്ലയിൽ** ചാലോട് ബസ് സ്റ്റാൻഡിലെ ബസ് കാത്തിരിപ്പ് കേന്ദ്രത്തിലേക്ക് വ്യാപാരി വ്യവസായി ഏകോപന സമിതി വേസ്റ്റ് ബിന്നുകൾ കൈമാറി.
- ❖ **കണ്ണൂർ ജില്ലയിൽ അയ്യപ്പൻ കാവ് പച്ചത്തുരുത്ത് സന്ദർശനം:** മുഴക്കുന്ന് പഞ്ചായത്തിലെ 136 ഏക്കർ നവകേരളം പച്ചത്തുരുത്തിന്റെ വ്യാപന സാധ്യതകൾ പരിശോധിക്കുന്നതിനായി മലബാർ ബൊട്ടാണിക്കൽ ഗാർഡൻ ടീം സന്ദർശനം നടത്തി.
- ❖ **കാസർഗോഡ് ജില്ല** - ഗ്രീൻ കാമ്പസ് ക്ലീൻ കാമ്പസ് - ജില്ലയിലെ 20 കാമ്പസുകളാണ് പ്രധാനമായും തിരഞ്ഞെടുത്തിട്ടുള്ളത്. ജൂൺ മാസം കാസർഗോഡ് ഗവ കോളേജ്, നെഹ്റു ആർട്സ് ആന്റ് സയൻസ് കോളേജ്, പടന്നക്കാട് കാർഷിക കോളേജ്, മുന്നാട് പീപ്പിൾസ് കോളേജ്, മഞ്ചേശ്വരം ഗോവിന്ദപൈ എന്നിവിടങ്ങളിൽ ജില്ലാ കോർഡിനേറ്ററും ആർപിമാരും സന്ദർശിച്ച് കോളേജ് അധികൃതരുമായി ചർച്ച നടത്തി. ഹരിതകലാലയത്തിൽ നടപ്പിലാക്കേണ്ടുന്ന പച്ചത്തുരുത്ത്, മാലിന്യസംസ്കരണം, ജലസംരക്ഷണപ്രവർത്തനങ്ങൾ, നെറ്റ് സീറോ എന്നി പ്രവർത്തനങ്ങളെ കുറിച്ച് ജില്ലാതലത്തിൽ ആക്ഷൻപ്ലാൻ തയ്യാറാക്കി.

## 15. ക്ഷീരഭവനം സുന്ദരഭവനം

ജില്ലയിലെ ഡയറി ഫാമുകളുടെയും ഗോശാലകളുടെയും ശുചിത്വ നിലവാരം പരിശോധിക്കുന്നതിനുള്ള ജില്ലാ പ്രചാരണത്തിന്റെ ഭാഗമായി പരിശോധന ആരംഭിച്ചു. ഡയറി ഫാമുകൾക്കും കളപ്പുരകൾക്കും ഹരിത മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിന് സഹായകമായ പദവി ക്ഷീരവികസന വകുപ്പ് പ്രസിദ്ധീകരിച്ചു. മാർഗ്ഗ രേഖയിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഡയറി ഫാമുകളിൽ പരിശോധന ആരംഭിച്ചു. പരിശോധനയിൽ ലഭിക്കുന്ന സ്കോറുകളുടെ അടിസ്ഥാനത്തിൽലാണ് ഡയറി ഫാമുകളെ ഗ്രേഡ് ചെയ്യുക.

## 16. മഞ്ഞപ്പുഴ രാമൻപുഴ സമഗ്രവികസന പദ്ധതി

മഞ്ഞപ്പുഴ പരിപാടിയുടെ ഭാഗമായി ജൂൺ 5ന് എം എൽ എ യുടെയും ഹരിത കേരളം മിഷന്റെയും നേതൃത്വത്തിൽ മണ്ഡലത്തിലെ സ്കൂളുകളിൽ നിന്നും തിരഞ്ഞെടുത്ത വിദ്യാർത്ഥികളെയും പ്രാദേശികരെയും ഉൾപ്പെടുത്തി ഉള്ളിയേരി പഞ്ചായത്തിലെ പുത്തഞ്ചേരി വെച്ച് 'ഒരു ദിനം പുഴയോരത്ത്' പരുപാടി സംഘടിപ്പിച്ചു. എം എൽ എ യുടെ നേതൃത്വത്തിൽ കഴിഞ്ഞവർഷം പരിസ്ഥിതി ദിനത്തിൽ വിദ്യാർത്ഥികൾക്ക് വേണ്ടി നടത്തിയ 'കാടറിയാം കക്കയത്തേക്ക്' പരിപാടിയുടെ രണ്ടാംഘട്ടം എന്ന രീതിയിൽ പരിസ്ഥിതി ദിനത്തിൽ മഞ്ഞപ്പുഴ - രാമൻപുഴ സമഗ്ര വികസന പദ്ധതിയുടെ ഭാഗമായി ജനകീയമായാണ് പരിപാടി നടത്തിയത്. വിദ്യാർത്ഥികൾക്ക് പുഴയെ കുറിച്ചും, പുഴയുടെ ചരിത്രത്തെ കുറിച്ചും, പുഴയുടെ വർത്തമാനത്തെക്കുറിച്ചുമുള്ള അവബോധം സൃഷ്ടിക്കുവാനും മഞ്ഞപ്പുഴ രാമൻ പുഴ പുനരുജ്ജീവന സമഗ്ര വികസന പദ്ധതിയെ കുറിച്ച് മനസിലാക്കാനും പരിപാടികൊണ്ട് സാധിച്ചു. പുത്തഞ്ചേരിയിലെ കണ്ടൽ സംരക്ഷണത്തിന്റെയും ടൂറിസം പ്രവർത്തനങ്ങളുടെയും തുടക്കമായാണ് ഈയൊരു പ്രവർത്തനത്തെ കാണുന്നത്. പ്രാദേശിക വിഭവങ്ങൾ കൊണ്ട് തയ്യാറാക്കിയ ഭക്ഷണം നൽകിയാണ് പരിപാടി

വ്യത്യസ്തമാക്കിയത്.

## 17. സുസ്ഥിര തൃത്താല

- തൃത്താല അസംബ്ലി നിയോജക മണ്ഡലത്തിൽ പരിസ്ഥിതി, കൃഷി, ജലസംരക്ഷണം, ശുചിത്വം, മാലിന്യ സംസ്കരണം, ഹരിത ടൂറിസം എന്നീ മേഖലകൾ സംയോജിപ്പിച്ച് സുസ്ഥിരവും സമഗ്രവുമായ വികസനം ഉറപ്പാക്കുന്നതിനുള്ള സംയോജിത പദ്ധതിയാണ് സുസ്ഥിര തൃത്താല.
- തൃത്താല മണ്ഡലത്തിലെ 135 വാർഡുകളിൽ 2 പേർ വീതം എന്ന ആനുപാതത്തിൽ ഹരിതകർമ്മസേനയെ തെരഞ്ഞെടുക്കുന്നതിനുള്ള നിർദ്ദേശപ്രകാരം 2021 ൽ 210 ഹരിതകർമ്മസേനാംഗങ്ങളാണ് 8 ഗ്രാമപഞ്ചായത്തുകളിലായി കർമ്മ നിരതരായത്. 2024 മാർച്ചിൽ 255 ഹരിതകർമ്മസേനാംഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഗ്യാപ്പുകൾ ഉള്ള 2 ഗ്രാമപഞ്ചായത്തുകളിൽ അടിയന്തിരമായി അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.
- നിലവിൽ ആനക്കര ഒഴികെ എല്ലാ പഞ്ചായത്തുകളിലും സ്ഥിരമായിട്ടുള്ള എം.സി.എഫ് സ്ഥാപിച്ചിട്ടുണ്ട്. ആനക്കര ഗ്രാമപഞ്ചായത്തിൽ സ്ഥിരം എം.സി.എഫിന്റെ നിർമ്മാണ പ്രവൃത്തികൾ തുടങ്ങിയിട്ടുണ്ട്. തൃത്താല ബ്ലോക്ക് പഞ്ചായത്തിന്റെ ആർ.ആർ.എഫ് തൃത്താല ഗ്രാമപഞ്ചായത്തിൽ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. എല്ലാ ഗ്രാമപഞ്ചായത്തുകളും മാലിന്യ നീക്കുന്നതിനു ക്ലീൻ കേരള കമ്പനിയുമായി കരാറിലേർപ്പെട്ടിട്ടുണ്ട്.
- മഹാത്മാഗാന്ധി ദേശിയ തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിച്ച് നടപ്പിലാക്കുന്ന ഒരു ലക്ഷം തെങ്ങിൻ തൈ നടീൽ പദ്ധതി പൂർത്തിയാക്കി. ആയതിൻ പ്രകാരം സംസ്ഥാന നാളീകേര കൌൺസിൽ പദ്ധതിയുമായി സംയോജിപ്പിച്ച് ഇതിനോടകം 100000 തെങ്ങിൻ തൈകൾ (ആനക്കര – 8485, ചാലിശ്ശേരി – 13915, കപ്പൂർ - 7500, നാഗലശ്ശേരി – 12500, പട്ടിത്തറ – 12700, തിരുമിറ്റക്കോട് – 14300, തൃത്താല – 10000, പരുതൂർ - 10600) വിതരണം ചെയ്തു കഴിഞ്ഞു. പദ്ധതി പൂർത്തുകരിച്ചു.
- കുടുംബശ്രീയുമായി സംയോജിപ്പിച്ച് പച്ചക്കറി വികസന പദ്ധതി പ്രകാരം 52000 പച്ചക്കറി തൈകൾ വിതരണം ചെയ്തിട്ടുണ്ട്.
- സുസ്ഥിര തൃത്താല പദ്ധതിയുടെ ഭാഗമായി തൃത്താല മണ്ഡലത്തിലെ ഓരോ ഗ്രാമപഞ്ചായത്തിലും ഓരോ ഹരിത സമൃദ്ധി വാർഡ് തെരഞ്ഞെടുത്തു. തിരഞ്ഞെടുത്ത വാർഡുകളിൽ വീടു തോറും പച്ചക്കറി കൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾ നടത്തി വരുന്നു. പച്ചക്കറിതൈകൾ, പരിസ്ഥിതി സൌഹൃദ ചട്ടികളിലെ പച്ചക്കറി കൃഷി തുടങ്ങിയവ കർഷകർക്കായി നൽകിയിട്ടുണ്ട്.
- 2024 ജൂൺ 28 നു സുസ്ഥിര തൃത്താല പദ്ധതിയുടെ ഭാഗമായി ഓണം കൃഷി, വിപണി, എന്നിവയുടെ ആസൂത്രണമായി ബന്ധപ്പെട്ട് കൃഷി വകുപ്പ്, ഹരിതകേരള മിഷൻ, കുടുബശ്രീ എന്നിവരുടെ യോഗം നടത്തി.
- സുസ്ഥിര തൃത്താല പദ്ധതിയിലുൾപ്പെടുത്തി ഭൂജല വകുപ്പ് തൃത്താല മണ്ഡലത്തിൽ പൂർത്തീകരിച്ച ജല സംപോഷണ പദ്ധതികളുടെ ഉദ്ഘാടനം തദ്ദേശ സ്വയം ഭരണ - എക്സൈസ് വകുപ്പ് മന്ത്രി എം. ബി. രാജേഷ് 2024 ജൂൺ 29 നു നിർവഹിച്ചു.

## 18. ഭാരതപ്പുഴ പുനരുജ്ജീവന പദ്ധതി

പാലക്കാട് ജില്ലാ പഞ്ചായത്തും ഹരിത കേരളം മിഷനും നടപ്പിലാക്കുന്ന സംയോജിത പരിപാടിയാണ് ഭാരതപ്പുഴ പുനരുജ്ജീവന പദ്ധതി. ജില്ലയിലെ ഏറ്റവും പ്രധാന ജലസ്രോതസ്സായ ഭാരതപ്പുഴയെ നാനാ പ്രവർത്തനങ്ങളിലൂടെ പുനരുജ്ജീവിപ്പിച്ച് ജലസമൃദ്ധമാക്കുകയും ജലദൗർലഭ്യം പരിഹരിക്കുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ പ്രധാനലക്ഷ്യം. ജലാശയങ്ങളിലേക്കുള്ള നീരൊഴുക്ക് സുഗമമാക്കുന്നതിനും ജലാശയങ്ങളെയും പുഴയോരങ്ങളെയും മാലിന്യമുക്തമാക്കി സംരക്ഷിക്കുന്നതിനും സഹായകരമായ ഒരു ജനകീയ പുഴയോര ശുചീകരണ പരിപാടിക്ക്

പാലക്കാട് ജില്ലാ പഞ്ചായത്ത് ഈ പദ്ധതിയുടെ ഭാഗമായി നേതൃത്വം നൽകി. ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വിവിധ സർക്കാർ വകുപ്പുകളുടെയും ഏജൻസികളുടെയും ബഹുജനങ്ങളുടെയും പിന്തുണയോടുകൂടിയാണ് ഈ ജനകീയ പരിപാടി ജില്ലയിൽ വിജയകരമായി പൂർത്തുകരിച്ചു. 40 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 2224 പേർ പങ്കെടുത്തുകൊണ്ട് 33.47 കി.മീ ദൂരം പുഴയോരം 50 ദിവസങ്ങളിലായി ശുചീകരണം നടത്തി. ശുചീകരണം നടത്തിയ സ്ഥലങ്ങളിൽ ചെടികൾ വെച്ച് ഭംഗിയാക്കി.

ഭാരതപ്പുഴ പുനരുജ്ജീവന പദ്ധതിയുടെ ഭാഗമായി 2024 ജൂൺ 1 ന പച്ചത്തുരുത്തുകൾ നിർമ്മിക്കുന്നതിനു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും വിവിധ ഏജൻസികളുടെയും ജില്ലാ തല യോഗം ബഹു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ചേർന്നിരുന്നു.

## 19. പുഴയൊഴുകും മാണിക്കൽ

മാണിക്കൽ ഗ്രാമപഞ്ചായത്തിൽ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടന്നുവരുന്ന പുഴയൊഴുകും മാണിക്കൽ പദ്ധതിയുടെ അവലോകനയോഗം ബഹു. ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി ശ്രീ. ജി.ആർ. അനിലിന്റെ അധ്യക്ഷതയിൽ നടന്നു. നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ. ടി.എൻ.സീമ പുഴയൊഴുകും മാണിക്കൽ പദ്ധതിയുടെ ഭാഗമായി ഇതിനകം പൂർത്തിയായ പ്രവർത്തനങ്ങളും ഇനി ലക്ഷ്യമിടുന്ന പ്രവർത്തനങ്ങളും അതിനായി വകുപ്പുകളുടേയും ഏജൻസികളുടേയും ഭാഗത്തുനിന്നുണ്ടാകേണ്ട സഹായവും അവതരിപ്പിച്ചു.

### പുഴയൊഴുകും മാണിക്കൽ പദ്ധതിയുടെ ഭാഗമായി നടന്നിട്ടുള്ള പ്രധാന പ്രവർത്തനങ്ങൾ

- ❖ ജനകീയപ്രവർത്തനത്തിലൂടെ പ്രധാന തോട് പൂർണമായും വൃത്തിയാക്കുകയും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കൂടി പ്രയോജനപ്പെടുത്തി പ്രധാന തോടിലേയ്ക്കെത്തിച്ചേരുന്ന മുഴുവൻ തോടുകളും വൃത്തിയാക്കി കയർ ഭൂവസ്ത്രം വിരിക്കുകയും ചെയ്തു.
- ❖ ഏറകട്ടയ്ക്കാൽ, മൂളയം പ്രദേശങ്ങളിൽ നിരവധി വർഷങ്ങളായി തരിശുകിടന്ന വയലുകളിൽ നെൽകൃഷി പുനരാരംഭിച്ചു. താമരഭാഗം ഏലായിൽ നെൽകൃഷി ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു.
- ❖ താമരഭാഗം ഏലായിലെ വെള്ളക്കെട്ടുള്ള പ്രദേശത്ത് താമരകൃഷി ആരംഭിച്ചു.
- ❖ മത്തനാട് കാവ് മുതൽ വേളാവൂർ പാലം വരെയുള്ള പുഴ ബണ്ട് വീണ്ടെടുത്ത് പ്രഭാത സായാഹ്ന സവാരിക്കും സൈക്ലിംഗിനുമുള്ള 'കാവോരം വീഥി' സജ്ജമാക്കി.
- ❖ കാവോരം വീഥിയുടെ വശങ്ങളിൽ അലങ്കാര മുളകൾ വച്ചു പിടിപ്പിച്ചു.
- ❖ വെള്ളാണിക്കൽ പാറയിൽ ഭൂജല വകുപ്പിന്റെ സഹായത്തോടെ ജലം എത്തിച്ചു. തമ്പുരാൻ - തമ്പുരാട്ടി പാറയിൽ പ്രവർത്തനം പുരോഗമിക്കുന്നു.
- ❖ താമരഭാഗം ഏലായിൽ റോഡരുകിൽ സായാഹ്ന വിശ്രമ കേന്ദ്രം ഒരുക്കുന്നതിന് പദ്ധതി അംഗീകാരം നേടുകയും ഡിസൈൻ തയ്യാറാക്കുകയും ചെയ്തു.
- ❖ ഹരിതകേരളം മിഷന്റെ 'നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ' പദ്ധതിയിൽ ഉൾപ്പെടുത്തി മുഴുവൻ അങ്കണവാടികൾക്കും ഊർജ്ജ കാര്യക്ഷമതയുള്ള ഉപകരണങ്ങൾ വിതരണം ചെയ്തു.
- ❖ എല്ലാ വാർഡുകളിലും മിനി എം.സി.എഫ്. സ്ഥാപിക്കുകയും ഹരിതമിത്രം മൊബൈൽ ആപ്ലിക്കേഷൻ വഴി വാതിൽപ്പടി അജൈവ മാലിന്യ ശേഖരണം 100% ആക്കുകയും ചെയ്തു.
- ❖ പുഴയോരത്ത് 14 കിലോമീറ്റർ ദൂരത്തിൽ മുള വച്ചുപിടിപ്പിക്കുന്നതിനുള്ള പ്രോജക്റ്റിന് അംഗീകാരം ലഭിച്ചിട്ടുണ്ട്.

- മുഴുവൻ വീടുകളിലും ഹൈബ്രിഡ് ഇനത്തിലുള്ള അഞ്ച് വീതം ഫലവൃക്ഷതൈകൾ വിതരണം ചെയ്തു.
- മാണിക്കലിനെസമ്പൂർണ തരിശുരഹിത പഞ്ചായത്താക്കൽ, സമ്പൂർണ മാലിന്യ സംസ്കരണ സംവിധാനങ്ങളൊരുക്കൽ, പുഴയോരപാത പൂർണമായി വീണ്ടെടുക്കൽ, പുഴയിലെ എക്കലും മാലിന്യങ്ങളും നീക്കം ചെയ്യൽ, പുഴയോരത്ത് സായാഹ്ന വിനോദ കേന്ദ്രങ്ങളൊരുക്കൽ, വേളാവൂർ പഴയ പാലത്തിനെ ഹെറിറ്റേജ് സൈറ്റ് ആക്കൽ, വെള്ളാണിക്കൽ പാറ ടൂറിസം കേന്ദ്രം വികസനവും നിയന്ത്രണ സംവിധാനങ്ങളേർപ്പെടുത്തലും, തമ്പുരാൻ-തമ്പുരാട്ടി പാറ ടൂറിസം കേന്ദ്രം വികസനവും നിയന്ത്രണ സംവിധാനങ്ങളേർപ്പെടുത്തലും, തമ്പുരാൻ പാറ-വെള്ളാണിക്കൽ പാറ ടൂറിസം സർക്യൂട്ട് നടപ്പാക്കൽ, സമഗ്ര വൃക്ഷവത്കരണം, ഹരിതകർമ സേനയ്ക്ക് അധിക വരുമാന സംരംഭങ്ങൾ, കുടുംബശ്രീ യൂണിറ്റുകളുടെ ഉപജീവന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ കൃഷി ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ, പൊതു സ്ഥാപനങ്ങളിലെ സമ്പൂർണ മഴവെള്ള റീചാർജിംഗ്, പൊതുസ്ഥാപനങ്ങളിൽ സമ്പൂർണ സോളാർ പാനൽ സ്ഥാപിക്കൽ, മുഴുവൻ അങ്കണവാടികളെയും ഊർജ സ്വയംപര്യാപ്ത അങ്കണവാടികളാക്കൽ കുളങ്ങളുടെ നവീകരണവും വീണ്ടെടുക്കലും, വൃഷ്ടിപ്രദേശ പരിപാലന പ്രവർത്തനങ്ങളിലൂടെയുള്ള മണ്ണ് സംരക്ഷണവും ജലലഭ്യത വർദ്ധിപ്പിക്കലും, പ്രധാന ജംഗ്ഷനുകളുടെ ബ്യൂട്ടിഫിക്കേഷൻ എന്നിവയാണ് ഇനി ലക്ഷ്യമിടുന്ന പ്രവർത്തനങ്ങൾ.
- ഈ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിന് വിവിധ വകുപ്പുകളുടേയും ഏജൻസികളുടേയും ഭാഗത്തു നിന്ന് ഉണ്ടാകേണ്ട സഹായങ്ങൾ സംബന്ധിച്ച് നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്റർ യോഗത്തിൽ സൂചിപ്പിച്ചു കൂടാതെ താഴെ പറയുന്ന തീരുമാനങ്ങൾ എടുത്തിട്ടുണ്ട്.
- വേളാവൂർ പഴയപാലം പൈതൃക കേന്ദ്രമായി നിലനിർത്താൻ പൊതുമരാമത്ത് വകുപ്പിന്റെ പദ്ധതിയിലുൾപ്പെടുത്തണമെന്നും അതിനുസമീപം പണി പൂർത്തിയാവുന്ന ടേക്ക് എ ബ്രേക്ക് വഴിയോര വിശ്രമകേന്ദ്രവുമായി ബന്ധിപ്പിച്ച് ഓപ്പൺ കഫറ്റേരിയ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് പൊതുമരാമത്ത് (പാലങ്ങൾ) വകുപ്പിന്റെ അനുമതി ലഭ്യമാക്കും.
- വെമ്പായം, പിരപ്പൻകോട്, വേളാവൂർ ജംഗ്ഷനുകളിൽ വ്യാപാരികളുടെ സഹായത്തോടെ ചെടികൾ വച്ചുപിടിപ്പിച്ച് പരിപാലിക്കുന്ന ബ്യൂട്ടിഫിക്കേഷൻ പ്രവർത്തനങ്ങൾക്ക് റോഡരുകിൽ റെയിലുകൾ ഇല്ലാത്ത സ്ഥലങ്ങളിൽ റെയിലുകൾ സ്ഥാപിക്കാൻ അഭ്യർത്ഥിച്ചുകൊണ്ടും റയിലുകളിൽ ചെടിച്ചട്ടികൾ സ്ഥാപിക്കുന്നതിന് പൊതുമരാമത്ത് (റോഡ്) അനുമതി ലഭ്യമാക്കും.
- വെള്ളാണിക്കൽ പാറ, തമ്പുരാൻ - തമ്പുരാട്ടി പാറ എന്നിവിടങ്ങളിലെ റവന്യൂ ഭൂമി അളന്ന് തിരിക്കുന്നതിനും കടന്നുകയറ്റം തടയാൻ വേലി സ്ഥാപിക്കുന്നതിനും വെമ്പായം ജംഗ്ഷനിലെ പുറമ്പോക്ക് കൈയേറ്റം അളന്നു തിട്ടപ്പെടുത്തി ഒഴിപ്പിക്കൽ നടത്തുന്നതിനും വെള്ളാണിക്കൽ, തമ്പുരാൻ-തമ്പുരാട്ടിപാറ എന്നിവിടങ്ങളിൽ നിയന്ത്രണ സംവിധാനങ്ങളേർപ്പെടുത്താൻ റവന്യൂ വകുപ്പിന്റെ അനുമതി ലഭ്യമാക്കും
- വെമ്പായം ജംഗ്ഷനിലെ ദ്രവമാലിന്യ സംസ്കരണ സംവിധാനം, കന്യാകുളങ്ങര മാർക്കറ്റിലെ ജൈവമാലിന്യ സംസ്കരണ പ്ലാന്റ് ഇവയ്ക്കായി അംഗീകാരം ലഭിച്ചിട്ടുള്ള പ്രോജക്ടുകൾ സമയബന്ധിതമായി നിർവഹണം പൂർത്തിയാക്കുന്നതിന് ശുചിത്വ മിഷൻ നടപടികൾ സ്വീകരിക്കും.
- മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി പ്രധാന പുഴയുടെ ബണ്ടിൽ മുഴുവൻ കയർ ഭൂവസ്ത്രം വിരിച്ച് ബലപ്പെടുത്താനും സെപ്റ്റിക് ടാങ്ക് റിട്രോഫിറ്റിംഗിന്റെ ഭാഗമായി സോക്ക്പിറ്റുകൾ നിർമ്മിച്ചു നൽകാനും എല്ലാ അങ്കണവാടികളിലും മഴവെള്ള റീചാർജിംഗ് സംവിധാനങ്ങളൊരുക്കാനും, ചെറിയ പൊതുസ്ഥാപനങ്ങളിലെ മഴവെള്ള റീചാർജിംഗ് ഭൂജലവകുപ്പ് ഏറ്റെടുക്കാത്ത സാഹചര്യം വന്നാൽ എം.ജി.എൻ.ആർ.ഇ.ജി.എസ്. ൽ ഉൾപ്പെടുത്തി ചെയ്യാനും തീരുമാനിച്ചു. കൂടാതെ കുടിവെള്ള ക്ഷാമമുള്ള പ്രദേശങ്ങളിൽ ഒരു

പ്രദേശം മുഴുവൻ കിണർ റീചാർജിംഗ് ചെയ്യുന്ന പ്രവർത്തനവും എം.ജി.എൻ.ആർ.ഇ.ജി.എസ്. ൽ ഉൾപ്പെടുത്തി ചെയ്യാൻ തീരുമാനിച്ചു.

❖ താമരഭാഗം, വെള്ളാണിക്കൽപാറ, തമ്പുരാൻ-തമ്പുരാട്ടിപാറ തുടങ്ങിയ സ്ഥലങ്ങളിലെ പ്രാദേശിക ടൂറിസം കേന്ദ്രങ്ങളുടെ വിപുലീകരണത്തിനായി ആവശ്യമായ പരിശീലനങ്ങളും സഹായവും ഉത്തരവാദിത്ത ടൂറിസം മിഷൻ വഴി ലഭ്യക്കും.

❖ വെള്ളാണിക്കൽ പാറയുടെ സമഗ്ര വികസനം ടൂറിസം വകുപ്പിന്റെയും ഡി.റ്റി.പി.സി.യുടേയും ഡെസ്റ്റിനേഷൻ ചലഞ്ചിൽ ഉൾപ്പെടുത്തി ഏറ്റെടുക്കുന്നതിന് തീരുമാനിച്ചു.

❖ മാണിക്കലിനെ സമ്പൂർണ തരിശുരഹിത പഞ്ചായത്താക്കി മാറ്റുന്നതിന് ചങ്ങാടകൃഷി, താമരകൃഷി, പുരയിടകൃഷി, നെൽകൃഷി, പച്ചക്കറികൃഷി, വാഴകൃഷി തുടങ്ങിയവയ്ക്ക് പ്രത്യേക പദ്ധതികൾ നടപ്പാക്കുന്ന കാര്യം കൃഷിവകുപ്പ് മുൻഗണനയോടെ പരിഗണിക്കും കുടുംബശ്രീ മിഷന്റെ upskilling സ്കീമിൽ ഉൾപ്പെടുത്തി ഹരിത കർമസേനാംഗങ്ങൾക്ക് പരിശീലനം നൽകാനും സംരംഭക വികസനത്തിനാവശ്യമായ പരിശീലനം നൽകി കുടുംബശ്രീ യൂണിറ്റുകളെ അധിക വരുമാന പ്രവർത്തനങ്ങളിലെത്തിക്കും.

❖ മണ്ണ് സംരക്ഷണ മണ്ണ് പര്യവേക്ഷണ വകുപ്പിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി മാണിക്കൽ ഗ്രാമപഞ്ചായത്തിലെ വൃഷ്ടിപ്രദേശ പരിപാലന പ്രവർത്തനങ്ങൾ നടപ്പിലാക്കും വകുപ്പുകളും ഏജൻസികളുമായി ബന്ധപ്പെട്ട് ഈ യോഗത്തിൽ ഏറ്റെടുത്തിട്ടുള്ള തീരുമാനങ്ങളുടെ തുടർനടത്തിപ്പിനായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ അവലോകനം നടത്തും.

# ലൈഫ് മിഷൻ

## ഭൗതികനേട്ടം - ഒറ്റനോട്ടത്തിൽ

ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ ഭാഗമായി 2017 മുതൽ 30.06.2024 വരെ കരാറിലേർപ്പെട്ട 5,07,875 ഗുണഭോക്താക്കളിൽ 4,04,529 ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

| ലൈഫ് മിഷൻ/ വകുപ്പുകൾ | അനുവദിച്ച വീടുകളുടെ എണ്ണം | പൂർത്തീകരിച്ച വീടുകളുടെ എണ്ണം |
|---|---|---|
| ലൈഫ് ഒന്നാംഘട്ടം (പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം) | 54,116 | 52,680 |
| ലൈഫ് രണ്ടാംഘട്ടം (ഭൂമിയുള്ള ഭവനരഹിതരുടെ ഭവന നിർമ്മാണം), പി.എം.എ.വൈ-ലൈഫ് (അർബൻ, റൂറൽ), വിവിധ വകുപ്പുകൾമുഖേന | 3,84,271 | 2,96,679 |
| ലൈഫ് മൂന്നാംഘട്ടം (ഭൂരഹിത ഭവനരഹിതരിൽ നിന്നും ഭൂമിയാർജ്ജിച്ചവർ) | 30,872 | 25,560 |
| അഡീഷണൽ ലിസ്റ്റ് (എസ്സി/എസ്.ടി/ ഫിഷറീസ്) | 37,730 | 28,724 |
| ഭവന സമുച്ചയങ്ങളിലൂടെ പുനരധിവസിപ്പിക്കപ്പെട്ടവർ | 886 | 886 |
| **ആകെ** | **5,07,875** | **4,04,529** |

## ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതി 2023-24 വർഷത്തെ പുരോഗതി വിശദാംശം

### വ്യക്തിഗത ഭവനം

ഭൗതികലക്ഷ്യം 2023-24 (ബജറ്റ് പ്രഖ്യാപനം) - 71,861
കരാറിലേർപ്പെട്ടവരുടെ എണ്ണം - 1,63,570
2023-24 വർഷം പൂർത്തീകരിച്ച വീടുകൾ - 63,518
നിർമ്മാണ പുരോഗതിയിലുള്ള വീടുകൾ - 1,00,052

- റൂഫ് - 10,270
- ലിൻറിൽ - 15,564
- ബേസ്മെന്റ് - 18,323
- നിർമ്മാണം ആരംഭിച്ചവർ - 55,895
- ആകെ - 1,00,052

| 2024 മേയ് വരെ | 2024 ജൂൺ മാസം | 2024 ജൂൺ വരെ |
|---|---|---|
| 4,04,278 | 251 | 4,04,529 |

## അതിദാരിദ്ര്യ വിഭാഗത്തിൽപ്പെട്ടവർ (EPEP)

ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടവർ

വീട് വേണ്ടവർ - 8,342
വീടും സ്ഥലവും വേണ്ടവർ - 7,018
**ആകെ - 15,360**

അതിദരിദ്ര്യ നിർണ്ണയ പ്രക്രിയിലൂടെ കണ്ടെത്തിയ ഗുണഭോക്താക്കളിൽ ഭവനനിർമ്മാണത്തിനായി കരാർവെച്ച 3,945 പേരിൽ 1,903 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

## ലൈഫ് 2020 - ഗുണഭോക്താക്കളുടെ എണ്ണം

| | |
|---|---|
| ഭൂമിയുള്ള ഭവനരഹിതർ | 3,69,262 |
| ഭൂരഹിത ഭവനരഹിതർ | 1,96,446 |
| **ആകെ** | **5,65,708** |

ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭൂമിയുള്ള ഭവനരഹിതരിൽ 2024 ജൂൺ വരെ 94,318 ഗുണഭോക്താക്കൾ കരാറിലേർപ്പെട്ടിട്ടുണ്ട്.

## ലൈഫ് 2020 കരാർവയ്ക്കൽ പുരോഗതി - ജില്ലതിരിച്ച്

| ജില്ല | അർഹരായവർ | കരാർ വച്ച ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | 43240 | 10250 |
| കൊല്ലം | 33675 | 7271 |
| പത്തനംതിട്ട | 10399 | 4229 |
| ആലപ്പുഴ | 30512 | 7342 |
| കോട്ടയം | 17394 | 5117 |
| ഇടുക്കി | 26299 | 2751 |
| എറണാകുളം | 23345 | 6354 |
| തൃശ്ശൂർ | 27916 | 7398 |
| പാലക്കാട് | 57949 | 7821 |
| മലപ്പുറം | 33631 | 17751 |
| കോഴിക്കോട് | 20894 | 7173 |
| വയനാട് | 17322 | 2699 |
| കണ്ണൂർ | 12236 | 4765 |
| കാസർഗോഡ് | 14450 | 3397 |
| **ആകെ** | **369262** | **94318** |

| 2024 മേയ് വരെ | 2024 ജൂൺ മാസം | 2024 ജൂൺ വരെ |
|---|---|---|
| **93,364** | **954** | **94,318** |

## മനസ്സോടിത്തിരി മണ്ണ്

മനസ്സോടിത്തിരി മണ്ണ് ക്യാമ്പയിന്റെ ഭാഗമായി 2024 ജൂൺ മാസം വരെ 3156.739 സെന്റ് (31.56739 ഏക്കർ) ഭൂമി ലൈഫ് മിഷന് വാഗ്ദാനം ചെയ്യപ്പെട്ടിട്ടുണ്ട്. ഇതിൽ 1689.815 സെന്റ് (16.89815 ഏക്കർ) ഭൂമി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക്/ ഗുണഭോക്താക്കൾക്ക് രജിസ്റ്റർ ചെയ്ത് നൽകിയിട്ടുണ്ട്.

## ലൈഫ് ചിറ്റിലപ്പിള്ളി ഭവനപദ്ധതി

ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസത്തിനായി സർക്കാർ ആരംഭിച്ച മനസ്സോടിത്തിരി മണ്ണ് ക്യാമ്പയിന്റെ ഭാഗമാകുന്നതിന് നിരവധി സംഘടനകളും സുമനസ്സുകളും സന്നദ്ധത പ്രകടിപ്പിക്കുകയുണ്ടായി. കെ. ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ 1000 ഭൂരഹിത ഭവനരഹിത കുടുംബങ്ങൾക്ക് ഭൂമിവാങ്ങുന്നതിന് ഒരു കുടുംബത്തിന് പരമാവധി 2.5 ലക്ഷംരൂപ നിരക്കിൽ 25 കോടി രൂപ ധനസഹായം നൽകുന്നതിന് സർക്കാരുമായി 2021 ഡിസംബറിൽ ധാരണാപത്രം ഒപ്പിട്ടിരുന്നു. അതിൻപ്രകാരം 1000 ഭൂരഹിതർക്കും ഭൂമി ലഭ്യമാക്കി. തുടർന്ന് 1000 ഭൂരഹിതർക്ക്കൂടി

ഭൂമി ലഭ്യമാക്കുന്നതാണെന്ന് കെ.ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ അറിയിച്ചിട്ടുണ്ട്. അതിൻപ്രകാരം MoU തയ്യാറാക്കി സർക്കാർ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

## ലയൺസ് - ലൈഫ് ഭവനപദ്ധതി

ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള 100 ഭവനരഹിതർക്ക് ലയൺസ് ഇന്റർനാഷണൽ ഡിസ്ട്രിക്ട് 318-എ-യുടെ ആഭിമുഖ്യത്തിൽ വീട് വച്ച് നൽകുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിൻപ്രകാരം ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിൻറെ ഉടമസ്ഥതയിലുള്ള മുദാക്കൽ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്ഥലത്തും, കിളിമാനൂർ ഗ്രാമപഞ്ചായത്തിൻറെയും സ്ഥലത്തും, കൊല്ലം ജില്ലയിലെ കടയ്ക്കൽ ഗ്രാമപഞ്ചായത്തിൻറെ ഉടമസ്ഥതയിലുള്ള സ്ഥലത്തുമാണ് വീട് നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്. MoU തയ്യാറാക്കി അംഗീകാരത്തിനായി തദ്ദേശസ്വയംഭരണ വകുപ്പിൽ സമർപ്പിച്ചിട്ടുണ്ട്.

## ഭവനസമുച്ചയ നിർമ്മാണ പുരോഗതി

ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭൂരഹിത ഭവനരഹിതരുടെ പുനഃരധിവാസത്തിനായി ലൈഫ് മിഷൻ മുഖേന നിർമ്മാണം ആരംഭിച്ച ഭവനസമുച്ചയങ്ങളിൽ 4 ഭവനസമുച്ചയങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. 21 ഭവനസമുച്ചയങ്ങളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു.

# വിദ്യാകിരണം

**ഭൗതിക സൗകര്യ വികസനം**

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്താൻ 141 സ്കൂളുകൾക്ക് 5 കോടി രൂപ വീതവും 386 സ്കൂളുകൾക്ക് 3 കോടി രൂപ വീതവും 446 സ്കൂളുകൾക്ക് 1 കോടി രൂപ വീതവും കിഫ്ബി ധനസഹായം അനുവദിച്ചു. വിശദാംശം ചുവടെ ചേർക്കുന്നു.

| കിഫ്ബി അനുവദിച്ചത് | സ്കൂളുകൾ | പൂർത്തിയാക്കിയത് |
|---|---|---|
| 5 കോടി | 141 | 138 |
| 3 കോടി | 386 | 174 |
| 1കോടി | 446 | 180 |
| **ആകെ** | **973** | **492** |

**നിർമ്മാണപ്രവർത്തനങ്ങളുടെ അവലോകന യോഗം**

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കിഫ്ബി ഫണ്ടിലുൾപ്പെടുത്തിയ നിർമ്മാണപ്രവർത്തനങ്ങളുടെ അവലോകന യോഗം സംസ്ഥാനതലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ നടന്നിരുന്നു. ഇതിനെത്തുടർന്ന് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ജില്ലാതലത്തിൽ അവലോകനയോഗങ്ങൾ സംഘടിപ്പിക്കുകയുണ്ടായി. ബന്ധപ്പെട്ട നിർവ്വഹണ ഏജൻസികൾ, പൊതുവിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥർ, വിദ്യാകിരണം കോർഡിനേറ്റർ എന്നിവർ പങ്കെടുത്തു. നിർമ്മാണപ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിനും സമയബന്ധിതിമായി പൂർത്തിയാക്കുന്നതിനും ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ബഹു.വിദ്യാഭ്യാസ മന്ത്രി നടത്തിയ യോഗത്തിന്റെ തുടർച്ചയായി കഫ്ബിയുടെ നേതൃത്വത്തിലും നിർവ്വഹണ ഏജൻസികളുടെ അവലോകനം നടത്തി തുടർനടപടികൾ വേഗത്തിലാക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

**അക്കാദമിക പ്രവർത്തനങ്ങൾ**

- **പ്രവേശനോത്സവം** - ജില്ലകളിലെ വിദ്യാഭ്യാസ ഉദ്യോഗസ്ഥരുടെ പൂർണ്ണ പങ്കാളിത്തത്തോടെ എല്ലാ ജില്ലകളിലും പ്രവേശനോത്സവം വിപുലമായി സംഘടിപ്പിച്ചു. ജില്ലാതല ഉദ്ഘാടനങ്ങൾ ബ്ലോക്ക് തല ഉദ്ഘാടനങ്ങൾ എന്നിവ ജനപ്രതിനിധികളുടെ പങ്കാളിത്തത്തോടെ ഉത്സവമായി തന്നെ നടത്തി. വിദ്യാകിരണം കോഡിനേറ്റർമാർ സജീവമായി ജില്ലകളിൽ ഇടപെട്ടു.
- **നവകേരള കർമ്മസമിതി ജില്ലാ അവലോകന യോഗം** - ജില്ലാ കലക്ടർമാരുടെ നേതൃത്വത്തിൽ ജില്ലകളിൽ നവകേരള കർമ്മസമിതി അവലോകനയോഗങ്ങൾ നടന്നു. അതത് കോഡിനേറ്റർമാർ പ്രവർത്തന പുരോഗതികൾ അവതരിപ്പിക്കുകയും ഭാവി പരിപാടികൾ ചർച്ച ചെയ്യുകയും ഉണ്ടായി. ഹയർസെക്കൻഡറി അധ്യാപക പരിശീലനങ്ങൾ, ക്ലസ്റ്റർതല പരിശീലനങ്ങൾ, എ ഐ പരിശീലനങ്ങൾ എന്നിവ ജില്ലകളിൽ നല്ലപങ്കാളിത്തത്തോടെ നടന്നു.
- **സമഗ്രഗുണമേന്മാ പദ്ധതി** - പത്തനംതിട്ട ജില്ലയിൽ ഒന്ന് മുതൽ നാല് വരെ ക്ലാസുകളിലെ കുട്ടികളുടെ ഗുണനിലവാരം വർധിപ്പിക്കാനുള്ള ശില്പശാല ജൂൺ 11-ന് അടൂർ ബി.ആർ.സി.യിൽ വച്ചു നടന്നു. പിന്തുണ ആവശ്യമുള്ള കുട്ടികളുടെ വിവരം ശേഖരിക്കാൻ തീരുമാനിച്ചു. ബി.ആർ.സി. തലത്തിൽ നടക്കേണ്ട പ്രവർത്തനപരിപാടികൾ തീരുമാനിച്ചു. വിശദീകരിച്ച് അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കാൻ തീരുമാനിച്ചു. ഇടുക്കി ജില്ലയിൽ സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസത്തിന്റെ ഭാഗമായി ഒന്നുമുതൽ ഏഴുവരെ ക്ലാസ്സുകളിൽ ഈ പദ്ധതി കഴിഞ്ഞ അക്കാദമിക വർഷം മുതൽ നടപ്പിലാക്കി വരുന്നു. വിദ്യാകിരണം മിഷന്റെ

ഏകോപനത്തിൽ സമഗ്ര ശിക്ഷാ കേരളമാണ് ഈ പദ്ധതി സ്കൂളുകളിൽ നട പ്പിലാക്കുന്നത്. പ്രൈമറി സ്കൂളുകളിലെ കുട്ടികൾക്ക് കരിക്കുലം വിഭാവനം ചെയ്യുന്ന ലക്ഷ്യങ്ങൾ നേടാൻ അവരെ പ്രാപ്തരാക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഇതിന്റെ ഭാഗമായി സി.ആർ.സി.സി കോ-ഓർഡിനേറ്റർമാർ, ട്രെയിനർമാർ എന്നി വർക്കുള്ള ഫീൽഡ്തല ശാക്തീകരണ പരിപാടി 2024 ജൂലൈ 1, 2, 3 തീയതികളിൽ മൂന്നാർ ശിക്ഷക് സദനിൽ വച്ച് സംഘടിപ്പിച്ചു. സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് കോഴിക്കോട് ജില്ലയിലെ മുഴുവൻ വിദ്യാഭ്യാസഓഫീസർമാരുടേയും യോഗം ഡി.ഡി.ഇ, ഡയറ്റ്, എസ്.എസ്.കെ, വിദ്യാകിരണം, കൈറ്റ്, ആർ.ഡി.ഡി, എ ഡി (വി എച്ച് എസ് ഇ) എന്നിവരുടെ നേതൃത്വത്തിൽ നടന്നു. സമയബന്ധിതമായി നടപ്പാക്കുന്നതിന് ബി ആർ സി തലത്തിൽ ആസൂത്രണം നടത്തി.

- **LEP (Linguistics Enhancing Programme) - ഹെൽപ്പിംഗ് ഹാന്റ്**- കണ്ണൂർ ജില്ലയിൽ സമഗ്രശിക്ഷാ കേരളയുടെ നേതൃത്വത്തിൽ ഈ അധ്യയന വർഷം സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പരിപാടിയുടെ ഭാഗമായി സ്കൂളുകളിൽ നടപ്പാക്കുന്ന പദ്ധതിയാണ് ഹെൽപ്പിംഗ് ഹാന്റ്. പ്രസ്തുത പരിപാടി സ്കൂൾ തലത്തിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഒന്നാം ഘട്ടത്തിൽ 5 മുതൽ 12 വരെ ക്ലാസ്സുകളെ പ്രതിനിധീകരിച്ചുകൊണ്ട് എച്ച് എം, പ്രിൻസിപ്പാൾമാർക്ക് പരിശീലനം നൽകി. രണ്ടാം ഘട്ടത്തിൽ എസ് ആർ ജി കൺവീനർമാർക്ക് പരിശീലനം നൽകി.
- **ജലഗുണത പരിശോധന ലാബ്** - ഇടുക്കി ജില്ലയിൽ 5 മണ്ഡലങ്ങളിലായി 36 സ്കൂളുകളിൽ ജലഗുണത പരിശോധന ലാബുകൾ പ്രവർത്തിക്കുന്നു. ഇത് കൂടാതെ 17 സ്കൂളുകളിൽ കൂടി പുതിയതായി ലാബ് അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ നൽകിയിട്ടുള്ളതാണ്. പത്തനംതിട്ട ജില്ലയിൽ ആറന്മുള, കോന്നി നിയോജകമണ്ഡലങ്ങളിലെ തെരഞ്ഞെടുത്ത 21 സ്കൂളുകളിൽ ലാബ് സ്ഥാപിച്ചു. അധ്യാപക പരിശീലനത്തിനുള്ള നടപടികൾ ആരംഭിച്ചു.
- **വർണ്ണക്കൂടാരം** - പ്രീ പ്രൈമറി വിദ്യാലയങ്ങളിൽ പഠനം ആസ്വാദ്യകരമാക്കുന്നതിനായി പഠനാന്തരീക്ഷം ഒരുക്കുന്ന വർണ്ണക്കൂടാരം പദ്ധതി ആലപ്പുഴ ജില്ലയിൽ STARS പദ്ധതിയിൽപ്പെടുത്തി 2022-23 അക്കാദമികവർഷം അനുവദിച്ച 32 സ്കൂളുകളിലും നിർമ്മാണ പ്രവർത്തനങ്ങൾ പൂർണമായി ഉദ്ഘാടനം നിർവഹിച്ചിരുന്നു. 2023-24 കാലയളവിൽ 38 സ്കൂളുകൾക്ക് വർണക്കൂടാരവുമായി ബന്ധപ്പെട്ട ആദ്യഗഡുവായ 7.5 ലക്ഷം രൂപ വീതം അനുവദിച്ചു നൽകിയിട്ടുണ്ട്. രണ്ടാം ഗഡുവായ 2.5 ലക്ഷം രൂപ 8 സ്കൂളുകൾക്ക് നിർമാണ പുരോഗതി കണക്കാക്കി നൽകിയിട്ടുണ്ട്. എല്ലാ സ്കൂളുകളിലും നിർമ്മാണ പ്രവർത്തനങ്ങൾ വേഗതയിൽ പുരോഗമിക്കുന്നു. മലപ്പുറം ജില്ലയിൽ 2023-24 വർഷത്തിൽ അനുവദിച്ച 52 വർണക്കൂടാരങ്ങളുടെ പ്രവൃത്തി പുരോഗമിക്കുന്നു. ജി.എൽ.പി സ്കൂൾ തൃക്കണ്ടിയൂർ, ജി.യു.പി സ്കൂൾ പത്തപിരിയം, ജി. എൽ.പി സ്കൂൾ അരക്കുപറമ്പ് എന്നിവ ഉദ്ഘാടനം ചെയ്തു.
- **ശുചിത്വവിദ്യാലയം ഹരിതവിദ്യാലയം** - ശുചിത്വ കാമ്പയിന്റെ ഭാഗമായും പരിസ്ഥിതിദിനത്തോടനുബന്ധിച്ചും ഇടുക്കി ജില്ലയിലെ മുഴുവൻ സ്കൂളുകളിലും, ജൈവവൈവിധ്യ ഉദ്യാനം അനുവദിച്ച സ്കൂളുകളെ പ്രത്യേകമായും കേന്ദ്രീകരിച്ച് പരിസ്ഥിതിദിനാചരണം ജനകീയമായി നടത്തുവാൻ സാധിച്ചു.
- **കൺവേർജൻസ് യോഗം** - വിദ്യാഭ്യാസ വകുപ്പിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന്റെ ഭാഗമായി തൃശ്ശൂർ ജില്ലയിൽ ഡിഡിഇ അജിതകുമാരിയുടെ നേതൃത്വത്തിൽ കൺവേർജൻസ് യോഗം ജൂൺ 24 ന് തൃശ്ശൂർ മോഡൽ ഗേൾസ് സ്കൂളിൽ ചേർന്നു. ജില്ലയിലെ എല്ലാ വിദ്യഭ്യാസ ഓഫീസർമാരും യോഗത്തിൽ പങ്കെടുത്തു. വിദ്യാഭ്യാസ വകുപ്പിന്റെ പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിന് എല്ലാവരുടെയും പിന്തുണ ഉറപ്പാക്കുകയും ചെയ്തു. 27/06/24 ന് വയനാട് ജില്ലയിലെ വിദ്യാഭ്യാസ ഓഫീസർമാരുടെ

കൺവർജൻസ് യോഗം ചേർന്നു. യോഗത്തിൽ ഡി.ഡി.ഇ, ഡി.ഇ.ഒ/എ.ഇ.ഒ.മാർ, ഡയറ്റ്, എസ്.എസ്.കെ പ്രതിനിധികൾ, കൈറ്റ്, ഹയർസെക്കണ്ടറി, വി.എച്ച്.എസ്.ഇ ജില്ലാ കോ-ഓർഡിനേറ്റർമാർ തുടങ്ങിയവർ പങ്കെടുത്തു. മുൻയോഗ തീരുമാനങ്ങൾ പ്രകാരം ജൂൺ മാസം നടന്ന പ്രവർത്തനങ്ങൾ വിലയിരുത്തുകയും ഭാവി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും ചെയയ്തു. അക്കാദമിക മോണിറ്ററിംഗ് ചിട്ടയായി നടത്തുന്നതിന് രൂപരേഖ തയ്യാറാക്കി.

- **സ്കൂൾ ഡെവലപ്മെന്റ് സെന്റർ** - വിദ്യാർത്ഥികൾക്ക് അവരുടെ അഭിരുചിക്കും വൈദഗ്ധ്യത്തിനും അനുഗുണമായ തൊഴിൽ മേഖലകൾ തിരഞ്ഞെടുക്കുവാൻ ലക്ഷ്യമിട്ടുകൊണ്ട് സംസ്ഥാനത്ത് ജില്ലയിൽ ഒന്ന് എന്ന നിലയിൽ പൊതുവിദ്യാലയങ്ങളിൽ സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ ആരംഭിച്ചു. ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ ബിആർ.സി പരിധിയിലുള്ള അമ്പലപ്പുഴ ഗവൺമെന്റ് മോഡൽ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലാണ് പദ്ധതി നടന്നുവരുന്നത്. ഫുഡ് ആൻഡ് ബിവറേജ് സർവീസ് അസോസിയേറ്റ് എന്നീ കോഴ്സുകൾ ആണ് അമ്പലപ്പുഴ സ്കൂളിന് അനുവദിച്ചു നൽകിയത്. 400 മണിക്കൂറുകൾ വീതമുള്ള NSQF കോഴ്സുകളാണിവ രണ്ടും. മാർച്ച് രണ്ടിന് പ്രവേശനോത്സവത്തോടുകൂടി ക്ലാസ്സുകൾ ആരംഭിച്ചു. മാർച്ച്, ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിലായി ഫുഡ് ആൻഡ് ബീവറേജ് സർവീസ് അസോസിയേറ്റ് എന്ന കോഴ്സിൽ 143 മണിക്കൂറുകൾ ക്ലാസ് നടന്നു. കോഴ്സിന്റെ ഭാഗമായി വിദഗ്ധരുമായിട്ടുള്ള കൂടിക്കാഴ്ചകൾ നടന്നു വരികയാണ്. ഇലക്ട്രിക് വെഹിക്കിൾ സർവീസ് ടെക്നീഷ്യൻ കോഴ്സിൽ 123 മണിക്കൂറും ക്ലാസ് നടന്നു. ജൂലൈ മാസത്തിൽ On The Job Training ആരംഭിക്കും.
- **വായനാദിനം** - ജൂൺ 19 വായനാദിനത്തിൽ വിവിധ സ്കൂളുകളിൽ വിദ്യാരംഗം കോഡിനേറ്റർമാർ സന്ദർശിക്കുകയും പ്രഭാഷണങ്ങൾ നടത്തുകയും പ്രവർത്തനങ്ങളിൽ പങ്കാളികളാവുകയും ചെയ്തിട്ടുണ്ട്. കൊല്ലം ജില്ലയിൽ സ്കൂൾ ലൈബ്രറി ഒരു മാസത്തേക്ക് പൊതുജനങ്ങൾക്കായി തുറന്നു കൊടുത്തുകൊണ്ട് വായനാദിനം സജീവമായി ആരംഭിച്ചു. ചലന പരിമിതി നേരിടുന്ന ഒരു വിദ്യാർത്ഥിയുടെ വീട്ടിൽ ഇ- ലൈബ്രറി സജ്ജീകരിക്കുകയും പിന്തുണ അറിയിക്കുകയും ചെയ്തു.
- **ജില്ലാ വികസന സമിതി യോഗം** - പാലക്കാട് കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ജില്ലാ വികസനസമിതി യോഗം 29/6/24 ന് ജില്ലാ കലക്ടർ, ഡോ.എസ് ചിത്ര ഐഎഎസിന്റെ അധ്യക്ഷതയിൽ ചേർന്നു. യോഗത്തിൽ എംഎൽഎമാർ എംപിമാരുടെ പ്രതിനിധികൾ എന്നിവരും വിവിധ വകുപ്പ് ജില്ലാതല ഉദ്യോഗസ്ഥരും പങ്കെടുത്തു. വിദ്യാഭ്യാസ മേഖലയിലെ വിദ്യാകിരണം പദ്ധതിയുടെ ഭാഗമായി നടന്നുവരുന്ന പ്രവർത്തന പുരോഗതികൾ വിലയിരുത്തി. ജി.യു.പി.എസ് പട്ടാമ്പിയിലെ ഒരു കോടി രൂപയുടെ KIIFB കെട്ടിടനിർമ്മാണത്തിന്റെ NOC യുമായി ബന്ധപ്പെട്ട് സ്കൂളിന്റെ ആധാരം റെയിൽവേ ഡിവിഷനൽ ഓഫീസ് ആവശ്യപ്പെട്ടത് യോഗത്തിൽ റിപ്പോർട്ട് ചെയ്തു. 175 വർഷം പഴക്കമുള്ള വിദ്യാലയത്തിന് ആധാരം ഇല്ല എന്നതും യോഗത്തിൽ റിപ്പോർട്ട് ചെയ്തു. മേൽ വിഷയത്തിൽ പട്ടാമ്പി വില്ലേജ് ഓഫീസിൽ നിന്ന് സാക്ഷ്യപത്രം നൽകാനുള്ള നിർദ്ദേശം കളക്ടർ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകി. മലപ്പുറം ജില്ലയിൽ ജില്ലാവികസനസമിതി യോഗം 29/6/2024ന് മലപ്പുറം ജില്ല ആസൂത്രണ സമിതിഹാളിൽ വച്ച് ജില്ലാ കലക്ടറുടെ അധ്യക്ഷതയിൽ ചേർന്നു. വയനാട് ജില്ലയിൽ ജൂൺ മാസത്തെ ജില്ലാ വികസന സമിതി യോഗം 29/6/2024 ന് ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വികസന വകുപ്പ് മന്ത്രി ഒ.ആർ.കേളുവിന്റെ സാന്നിധ്യത്തിൽ നടന്നു. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഹാജരില്ലായ്മ, ഹയർസെക്കൻഡറി തലത്തിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് ഉൾപ്പെടെയുള്ള വിഷയങ്ങൾ യോഗം ചർച്ച ചെയ്തു. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ അക്കാദമിക പിന്നാക്കാവസ്ഥയും ഹാജരില്ലായ്മയും പരിഹരിക്കുന്നതിന് തദ്ദേശസ്ഥാപന

പ്രതിനിധികളുടെയും വിവിധ വകുപ്പുകളുടെയും സംയുക്ത യോഗം വിളിക്കുന്നതിനു മുന്നോടിയായി വിഷയം സംബന്ധിച്ച് സമഗ്രമായ റിപ്പോർട്ട് തയ്യാറാക്കുന്നതിന് പട്ടികവർഗ്ഗ വികസന, വിദ്യാഭ്യാസ വകുപ്പുകളെ ചുമതലപ്പെടുത്തി.

**തനത് പരിപാടികൾ**

- ❖ തിരുവനന്തപുരം ജില്ലയിൽ എസ്.സി.ഇ.ആർ.ടി യിൽ വച്ച് ശിശു സൗഹൃദ ഗണിതശാസ്ത്ര പഠനം - മഞ്ചാടി പരിപാടിയുടെ ഒരു അവലോകനവും തുടർപ്രവർത്തനങ്ങളുടെ ആസൂത്രണവും നടക്കുകയുണ്ടായി. K-DISC, SSK, SCERT വിദ്യാകിരണം എന്നീ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നുള്ള ഉദ്യോഗസ്ഥർ പങ്കെടുത്തു. വിദ്യാകിരണം കാസർഗോഡ്, തിരുവനന്തപുരം ജില്ലാ കോർഡിനേറ്റർമാരുംമഞ്ചാടി പദ്ധതി ക്ലാസുകളിൽ അവതരിപ്പിക്കുന്ന അധ്യാപകരും അതത് ജില്ലകളിലെ അവലോകനങ്ങൾ അവതരിപ്പിക്കുകയുണ്ടായി. ജില്ലയിലെ ജൂൺ മാസത്തെ നിർമാണപുരോഗതിയുമായി ബന്ധപ്പെട്ട് KILA എഞ്ചിനീയറോടൊപ്പം സ്കൂളുകളുടെ തൽസ്ഥിതി വിവരങ്ങൾ ചർച്ച ചെയ്തു. KILA യിൽ നിന്നും ലഭിച്ച പേപ്പർ പ്രകാരം വിളവൂർക്കൽ സ്കൂളിൽ 01/07/2024 ന് ജനപ്രതിനിധികളുടെയും പി. ടി.എ പ്രസിഡന്റിന്റെ ഒരു യോഗം വിളിച്ചുചേർക്കാൻ തീരുമാനിച്ചു.
- ❖ കൊല്ലം ജില്ലയിൽ എസ് എസ് എൽ സി, പ്ലസ് ടു വിജയികളായ ഭിന്നശേഷിക്കാരായ കുട്ടികളെ അനുമോദിക്കുന്നതിനായി സക്സസ് പാത്ത് എന്ന പരിപാടി സംഘടിപ്പിച്ചു. ചവറ ബി ആർ സിയാണ് പരിപാടി സംഘടിപ്പിച്ചത്.
- ❖ പത്തനംതിട്ട ജില്ലയിൽ ബി.ആർ.സി. തല അക്കാദമിക് മാസ്റ്റർ പ്ലാൻ പ്രകാശനം ചെയ്തു. വിദ്യാകിരണം ജില്ലാ മിഷന്റെ യോഗശേഷം ഡി.ഡി.ഇ.യുടെ സാന്നിധ്യത്തിൽ ജില്ലാ കളക്ടേറ്റ് കോൺഫറൻസ് ഹാളിൽ വച്ച് പ്രകാശനം നടത്തി. എല്ലാ എ.ഇ.ഒ.മാരും ബി.പി.സി.മാരും പങ്കെടുത്തു.
- ❖ ജില്ലയിൽ നാട്യശിക്ഷ - തീയേറ്റർ തെറാപ്പി സംഘടിപ്പിച്ചു. ഭിന്നശേഷി കുട്ടികൾക്ക് അവരുടെ ദൈനംദിന ജീവിതസന്ദർഭങ്ങളെ അഭിമുഖീകരിക്കാൻ പര്യാപ്തമാക്കുന്നതിന് ആവിഷ്കരിച്ച നാട്യശിക്ഷ - തിയേറ്റർ തെറാപ്പിക്ക് ജില്ലയിൽ തുടക്കമായി. ആശയ രൂപീകരണ ശില്പശാലയും നാടകസാമഗ്രി നിർമാണവും ജില്ലാ റിസോഴ്സ് ഗ്രൂപ്പ് പരിശീലനവും സംഘടിപ്പിച്ചു.
- ❖ പാലക്കാട് ജില്ലയിൽ ബ്ലോക്ക് തല മോണിറ്ററിംഗ് കമ്മറ്റി യോഗങ്ങൾ വിളിച്ച ചേർത്തു. ജില്ലാ പഞ്ചായത്ത് പ്രസിഡൻറിന്റെ പ്രത്യേക നിർദ്ദേശപ്രകാരം പാലക്കാട് ജില്ലയിലെ 7 ബ്ലോക്ക് പഞ്ചായത്തുകളിലും മോണിറ്ററിംഗ് കമ്മറ്റികൾ വിളിച്ചുചേർത്തു. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, പ്രസിഡണ്ട്, നവകേരളം കർമ്മ പദ്ധതി ജില്ലാ കോഡിനേറ്റർ, ആർദ്രം മിഷൻ കോഡിനേറ്റർ, ലൈഫ് മിഷൻ കോഡിനേറ്റർ, വിദ്യാകിരണം കോഡിനേറ്റർ എന്നിവരുടെ സജീവ ഇടപെടലുകളും മിഷൻ പ്രവർത്തന അവതരണങ്ങളും ബ്ലോക്ക് തലങ്ങളിലുള്ള യോഗങ്ങളിൽ നടന്നു. അതത് വകുപ്പ് ഉദ്യോഗസ്ഥർ എല്ലാ യോഗങ്ങളിലും പങ്കെടുത്തു.

**സുസ്ഥിരമായ ഭക്ഷണരീതികൾ ശീലമാക്കുക - MERI LIFE പദ്ധതി**

- ❖ MERI LIFE പദ്ധതി യുടെ ഭാഗമായി "സുസ്ഥിരമായ ഭക്ഷണരീതികൾ ശീലമാക്കുക" എന്ന തീമുമായി ബന്ധപ്പെട്ട് തൃശ്ശൂർ ജില്ലയിലെ വിവിധ സ്കൂളുകളിൽ വ്യത്യസ്തങ്ങളായ പദ്ധതികൾ നടപ്പിലാക്കി. എങ്ങണ്ടിയൂർ സെൻതോമസ് ഹയർ സെക്കൻഡറി വിദ്യാലയത്തിലെ വിദ്യാർത്ഥികൾക്കായി വിത്തു പന്ത് തയ്യാറാക്കൽ ശില്പശാല സംഘടിപ്പിച്ചു. വിത്ത് പന്തുകൾ പരിസ്ഥിതി സംരക്ഷണത്തിന് എത്രമാത്രം ഗുണകരമാണെന്നും മണ്ണ്, ജൈവവളം, വെള്ളം എന്നിവ ഉപയോഗിച്ച് വിത്ത് പന്തുകൾ ഉണ്ടാക്കുന്ന വിധവും സുസ്ഥിര നടീൽ രീതിക്ക് എങ്ങനെ ഇത് ഉപയോഗയോഗ്യമാക്കാം എന്നതിനെക്കുറിച്ചും കുട്ടികൾക്ക് അവബോധം

നൽകാൻ കഴിഞ്ഞു. പരിസ്ഥിതി ദിനമായ ജൂൺ 5ന് ഈ വിത്തു പന്തുകൾ വിദ്യാർത്ഥികൾ തന്നെ അനുയോജ്യമായ ഇടങ്ങളിൽ നിക്ഷേപിച്ചു കൊണ്ട് പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്ന പ്രവർത്തനങ്ങൾക്ക് ഇക്കോ ക്ലബ് അംഗങ്ങൾ നേതൃത്വം നല്കി.

- ❖ ഏങ്ങണ്ടിയൂർ ടി യു പി സ്കൂൾ ക്യാമ്പസിനുള്ളിൽ അടുക്കളത്തോട്ടം നിർമ്മിച്ചു. ഇക്കോ ക്ലബ്ബിന്റെ നേതൃത്വത്തിലാണ് പരിപാടി നടന്നത്. ആവശ്യമായ വിത്തുകളും തൈകളും കുട്ടികൾ തന്നെ ശേഖരിച്ചു കൊണ്ടുവരികയും ഗ്രോ ബാഗുകളിലും നിലത്തുമായി നട്ടുപിടിപ്പിക്കുകയും ചെയ്തു. വിഷരഹിത പച്ചക്കറികളുടെ പ്രാധാന്യം മനസ്സിലാക്കുവാനും അതിന് പ്രചാരം നൽകുവാനും ഈ കാമ്പയിനിലൂടെ സാധിച്ചു.
- ❖ ചേറ്റുവ ജി എം യു പി സ്കൂളിലെ ഏഴാം ക്ലാസ് വിദ്യാർത്ഥികൾ ജൈവ കീടനാശിനി നിർമ്മിച്ചു. ഏഴാം ക്ലാസ് വിദ്യാർത്ഥികളുടെ പഠന പ്രവർത്തനം കൂടിയായിരുന്നു ഇത്. ജൈവ കീടനാശിനിയായി പുകയില കഷായമാണ് കുട്ടികൾ തയ്യാറാക്കിയത്. എല്ലാ വിദ്യാർത്ഥികളും ഈ പ്രവർത്തനത്തിന്റെ ഭാഗമായി.
- ❖ മാള എൻ എസ് എൽ പി എസ് അണ്ണല്ലൂരിൽ പ്ലാസ്റ്റിക് വിമുക്ത ക്യാമ്പസ് എന്ന ലക്ഷ്യമിട്ട് പരിസ്ഥിതി ദിനത്തിൽ നടന്ന പരിപാടിയിൽ ഉയർന്നു വന്ന ആശയമാണ് ആരോഗ്യത്തിനും പരിസ്ഥിതിക്കും ഹാനികരമല്ലാത്ത സ്റ്റീൽ ബോട്ടിലുകളുടെ ഉപയോഗം എന്നത്. എക്കോ ക്ലബ്ബ് പ്രവർത്തനങ്ങളുടെ നിർദേശപ്രകാരം മുൻപ് കൊടുത്ത മാർഗ്ഗനിർദേശങ്ങൾക്ക് പുറമേ കൂടുതൽ ധാരണകളും നിർദേശങ്ങളും അധ്യാപകർ നൽകി എല്ലാവർക്കും സ്റ്റീൽ കുപ്പികൾ എന്ന ആശയം സാധ്യമാക്കി.
- ❖ തൃശ്ശൂർ മാള ജി.എസ്.എൽ.പി.എസ് അഷ്ടമിച്ചിറയിൽ സുസ്ഥിരമായ ഭക്ഷണ രീതി ശീലമാക്കുക എന്ന MERI LIFE പദ്ധതിയുടെ ലക്ഷ്യത്തെ മുൻനിർത്തി രൂപം നൽകിയ പ്രവർത്തനമാണ് പ്രിസിഷൻ ഫാമിംഗ്. കൃഷി ചെയ്യുന്നതിന് മുൻപ് മണ്ണ് ഒരുക്കുന്നതോടൊപ്പം തുള്ളി നനയ്ക്ക് ആവശ്യമായ സാമഗ്രികളും വളവും ചേർക്കുന്നു. മീതെ പോളിത്തീൻ ഷീറ്റ് ഉപയോഗിച്ച് മറയ്ക്കുന്നു. രണ്ടടി അകലത്തിൽ സുഷിരങ്ങൾ ഉണ്ടാക്കി വിത്തുകളും തൈകളും നടുന്നു. വിത്തിന്റെ വളർച്ചയ്ക്ക് ആവശ്യമായ വെള്ളവും വളവും നഷ്ടപ്പെടാതെ സൂക്ഷിക്കുന്നതിനും കളകൾ വരാതിരിക്കാനും ഇത്തരം കൃഷിരീതി സഹായകമാകുന്നു. കൂടുതൽ വിളവ് ലഭിക്കാൻ ഈ കൃഷി രീതിയാണ് ഉത്തമം. ഈ പ്രവർത്തനത്തിലൂടെ സുസ്ഥിരമായ ഭക്ഷണ രീതി എന്ന ഇക്കോ ക്ലബ് സന്ദേശം സമൂഹത്തിലേക്ക് എത്തിക്കാൻ കഴിഞ്ഞു.
- ❖ പാലക്കാട് ജില്ലയിൽ സമഗ്രശിക്ഷാ കേരള പട്ടാമ്പി ബി ആർ സിയുടെ ആഭിമുഖ്യത്തിൽ 2024-25 അദ്ധ്യയന വർഷത്തിൽ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ വിദ്യാലയങ്ങളിൽ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് മുന്നോടിയായി 'MERI LIFE' ഫീൽഡ് ഓഫീസർമാർക്കായി ഒരു ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു.പദ്ധതിയുടെ വിശദാംശങ്ങളും വിദ്യാലയങ്ങളിൽ പ്രാവർത്തികമാക്കേണ്ട രീതികൾ എങ്ങനെയെല്ലാം എന്നതിനെക്കുറിച്ചും വിശദമായി അവതരിപ്പിച്ചു. ബിആർസിതല ഉദ്യോഗസ്ഥരും സ്കൂൾ ഹെഡ്മിസ്ട്രസ്/ ഹെഡ്മാസ്റ്റർമാരും പങ്കെടുത്തു

# ആർദ്രം മിഷൻ

## 1) ആരോഗ്യ സ്ഥാപനങ്ങളുടെ പരിവർത്തന പ്രവർത്തനങ്ങൾ

| ഘട്ടം | തിരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങൾ | നിർമ്മാണം പൂർത്തിയായവ | നിർമ്മാണം പുരോഗമിക്കുന്നവ |
|---|---|---|---|
| മെഡിക്കൽ കോളേജുകളിലെ ഒ.പി പരിവർത്തനം | 8 | 8 (100%) | 0 |
| ജില്ലാ ആശുപത്രികളിലെ ഒ.പി പരിവർത്തനം | 17 | 14 (82%) | 0 |
| താലൂക്ക് ആശുപത്രികളുടെ ഒ. പി പരിവർത്തനം | | | |
| ഒന്നാം ഘട്ടം | 8 | 6 (75%) | 0 |
| രണ്ടാം ഘട്ടം | 27 | 6 (22%) | 14 |
| മൂന്നാം ഘട്ടം | 8 | 2 (25%) | 3 |
| **ആകെ** | **43** | **14 (32%)** | **17** |
| സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതി | | | |
| ഒന്നാം ഘട്ടം | 76 | 53 (70%) | 8 |
| രണ്ടാം ഘട്ടം | 76 | 14 (18%) | 23 |
| **ആകെ** | **152** | **67 (44%)** | **31** |
| പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതി | | | |
| ഒന്നാം ഘട്ടം | 170 | 166 (98%) | 1 |
| രണ്ടാം ഘട്ടം | 504 | 436 (87%) | 20 |
| മൂന്നാം ഘട്ടം | 212 | 86 (41%) | 33 |
| **ആകെ** | **886** | **688 (78%)** | **54** |

## 2) വാർഷിക ആരോഗ്യ പരിശോധന (അൽപം ശ്രദ്ധ ആരോഗ്യം ഉറപ്പ് ക്യാമ്പയിൻ)

❖ 30 വയസ്സിന് മുകളിൽ പ്രായമായ എല്ലാ വ്യക്തികളേയും വർഷത്തിൽ ഒരിക്കലെങ്കിലും ജീവിതശൈലീ രോഗങ്ങൾക്ക് സ്ക്രീൻ ചെയ്യാനുള്ള സംവിധാനം ഒരുക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച വാർഷിക ആരോഗ്യ പരിശോധനയുടെ ഒന്നാം ഘട്ടം പൂർത്തിയായി.

❖ ഒന്നാം ഘട്ടം സർവേയുടെ ഭാഗമായി 1,54,26,116 (87%) വ്യക്തികളുടെ സർവേ പൂർത്തീകരിച്ചു. പ്രമേഹ/രക്താതിമർദ്ദ സാധ്യതയുള്ള വ്യക്തികളുടെ തുടർ സ്ക്രീനിംഗ് ജനകീയാരോഗ്യ കേന്ദ്രങ്ങൾ വഴി നടത്തി.

❖ രണ്ടാം ഘട്ടത്തിന്റെയും ശൈലി ആപ്പിന്റെ പുതിയ പതിപ്പിൻറെയും (ശൈലി 2.0) ഉത്ഘാടനം 2024 ഫെബ്രുവരി 15ന് ബഹു: ആരോഗ്യ വകുപ്പ് മന്ത്രി നിർവഹിച്ചു. രണ്ടാം ഘട്ട സർവ്വേയുടെ ഭാഗമായുള്ള ചോദ്യാവലിയിൽ കുഷ്ഠരോഗം, മാനസികാരോഗ്യ പ്രശ്നങ്ങൾ, കാഴ്ച/കേൾവി പ്രശ്നങ്ങൾ, വയോജനങ്ങളിലെ ആരോഗ്യ പ്രശ്നങ്ങൾ മുതലായവ കണ്ടെത്താനുള്ള ചോദ്യങ്ങൾ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

❖ രണ്ടാം ഘട്ട സർവേയുടെ ഭാഗമായി സംസ്ഥാനതലത്തിൽ ജില്ലാതല പരിശീലകർക്കുള്ള ശില്പശാല സംഘടിപ്പിച്ചു. വിവിധ ജീവനക്കാർക്കുള്ള ശിൽപശാലകളും പരിശീലന പരിപാടികളും ജില്ലാ തലത്തിൽ പുരോഗമിക്കുന്നു.

❖ വാർഷിക ആരോഗ്യ പരിശോധനയുടെ രണ്ടാം ഘട്ട സർവേ 2024 ജൂൺ മാസത്തോടെ ആരംഭിച്ചു. രണ്ടാം ഘട്ടം സർവേയുടെ ഭാഗമായി 17/07/2024 വരെ 30,599 (0.7%) വ്യക്തികളുടെ സർവേ പൂർത്തിയായി. ഇതിൽ 915 (3%) പേർക്ക് ക്യാൻസർ സാധ്യതയുള്ളതായും, 15,767 (51.53%) പേർക്ക് പ്രമേഹ/രക്താതിമർദ്ദ സാധ്യതയുള്ളതായും,

1,539 (5%) പേർക്ക് ക്ഷയരോഗ സാധ്യതയുള്ളതായും, 1,490 (4.5%) പേർക്ക് മറ്റ് ശ്വാസകോശ രോഗങ്ങൾക്കുള്ള സാധ്യതയുള്ളതായും കണ്ടെത്തി തുടർപരിശോധനകളും ചികിത്സയും ലഭ്യമാക്കി വരുന്നു.

❖ പ്രമേഹ/രക്താതിമർദ്ദ സാധ്യതയുള്ള വ്യക്തികളുടെ തുടർ സ്ക്രീനിംഗ് ജനകീയാരോഗ്യ കേന്ദ്രങ്ങൾ വഴി നടന്നു വരുന്നു.

❖ രണ്ടാം ഘട്ട സർവേയുടെ ഭാഗമായി നിലവിൽ രക്താതിമർദ്ദം മാത്രമുള്ള 4,645 (15%) പേരുടേയും പ്രമേഹം മാത്രമുള്ള 2,822 (9.2%) പേരുടേയും പ്രമേഹവും രക്താതിമർദ്ദവുമുള്ള 1093 (3.5%) പേരുടേയും രോഗവിവരങ്ങൾ കൂടി ശൈലി ആപ് വഴി രേഖപ്പെടുത്തിയിട്ടുണ്ട്.

### 3) ക്യാൻസർ നിയന്ത്രണ പദ്ധതി

❖ ക്യാൻസർ രോഗ സാധ്യത ഉള്ളവരെ കുടുംബാരോഗ്യ കേന്ദ്ര തലം മുതലുള്ള സ്ഥാപനങ്ങളിൽ പരിശോധന നടത്തി ആവശ്യമുള്ളവരുടെ സാമ്പിൾ ശേഖരിച്ച് ജില്ലാ തല ലാബുകളിൽ അയച്ച് രോഗനിർണ്ണയം നടത്തുവാനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്.

❖ സംസ്ഥാനത്തെ മൂന്ന് ക്യാൻസർ സെന്ററുകൾ, മെഡിക്കൽ കോളേജുകളിലെ ക്യാൻസർ ചികിത്സാ യൂണിറ്റുകൾ, ആരോഗ്യവകുപ്പിലെ ജില്ലാ ക്യാൻസർ കെയർ യൂണിറ്റുകൾ എന്നിവയെ കുടുംബാരോഗ്യ കേന്ദ്രം മുതൽ ജില്ലാ ആശുപത്രി വരെയുള്ള ആരോഗ്യ സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തിയുള്ള ക്യാൻസർ ഗ്രിഡ് സംവിധാനം പ്രവർത്തനക്ഷമമാണ്.

❖ വാർഷിക ആരോഗ്യ പരിശോധനയുടെ ആദ്യ ഘട്ടത്തിൽ 1,54,26,176 (87%) വ്യക്തികളുടെ സർവേ പൂർത്തിയായതിൽ 9,13,479 (5.9%) പേർക്ക് ക്യാൻസർ സാധ്യത കണ്ടെത്തി തുടർപരിശോധനകളും ചികിത്സയും ഉറപ്പാക്കിയിട്ടുണ്ട്. രണ്ടാം ഘട്ട സർവേയുടെ ഭാഗമായി 30,599 (0.7%) വ്യക്തികളുടെ സർവേ പൂർത്തിയായതിൽ ഇതുവരെ 915 (3%) പേർക്ക് ക്യാൻസർ സാധ്യതയുള്ളതായി കണ്ടെത്തി തുടർപരിശോധനകൾക്ക് നിർദേശിച്ചിട്ടുണ്ട്.

❖ ക്യാൻസർ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി ഇഹെൽത്ത് മുഖേന ക്യാൻസർ കെയർ സ്യൂട്ട് എന്ന സോഫ്റ്റ്‌വെയർ വികസിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. ക്യാൻസർ കെയർ സ്യൂട്ടിൽ ക്യാൻസർ സ്ക്രീനിംഗ് പോർട്ടൽ, കേരള ക്യാൻസർ രജിസ്ട്രി, ബോൺ മാരോ ഡോണർ രജിസ്ട്രി എന്നീ പോർട്ടലുകൾ/രജിസ്ട്രികൾ ഉൾപ്പെടുന്നു. ഇതിൽ ക്യാൻസർ രോഗ സാധ്യതയുള്ളവരുടെ വിശദമായ ക്ലിനിക്കൽ, ലാബ് പരിശോധനകൾക്കായി വികസിപ്പിച്ച ക്യാൻസർ സ്ക്രീനിങ് പോർട്ടൽ പ്രവർത്തനക്ഷമമാണ്. ഈ പോർട്ടൽ വഴി ഇതുവരെ 48,554 വ്യക്തികളുടെ പരിശോധന വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 91 വ്യക്തികൾക്ക് ക്യാൻസർ സ്ഥിരീകരിക്കുകയും 2473 പേർക്ക് രോഗം സ്ഥിരീകരിക്കാനായി തുടർപരിശോധനകൾ നടത്തി വരുകയും ചെയ്യുന്നു.

❖ ക്യാൻസർ വരുന്നതിന് വളരെ മുമ്പ് തന്നെ രോഗ സാധ്യത കണ്ടെത്തി തുടർ പരിശോധനയ്ക്കും ചികിത്സയ്ക്കും വിധേയമാകാൻ സഹായകമാകുന്ന പ്രിവന്റീവ് ഓങ്കോളജി ക്ലിനിക്കുകൾ എല്ലാ ജില്ലകളിലും ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. സ്ത്രീകൾക്ക് ഉണ്ടാകുന്ന സ്തനാർബുദം, വായിലെ കാൻസർ, ഗർഭാശയഗള കാൻസർ തുടങ്ങിയവ വളരെ നേരത്തെ കണ്ടെത്തി ചികിത്സ ഉറപ്പാക്കാനാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

❖ സംസ്ഥാനത്തെ ക്യാൻസർ സെന്ററുകൾക്കും പ്രധാന മെഡിക്കൽ കോളേജുകൾക്കും പുറമേ എല്ലാ ജില്ലയിലും ഒരു ആശുപത്രിയിലെങ്കിലും മാമോഗ്രാം, പാപ് സ്മിയർ, ബയോപ്സി എന്നീ പരിശോധനാ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്.

❖ കേരളത്തെ സെർവിക്കൽ (ഗർഭാശയഗള) ക്യാൻസർ വിമുക്ത സംസ്ഥാനമാക്കുന്നതുമായി ബന്ധപ്പെട്ട് സെർവിക്കൽ ക്യാൻസർ നിർമാർജ്ജനത്തിനായി തയ്യാറാക്കിയ റോഡ് മാപ്പ് അംഗീകരിച്ചു കൊണ്ടും, വയനാട്, ആലപ്പുഴ ജില്ലകളിൽ പൈലറ്റ് അടിസ്ഥാനത്തിൽ സെർവിക്കൽ ക്യാൻസറിനുള്ള വാക്സിനേഷൻ പ്ലസ് വൺ, പ്ലസ് റ്റു ക്ലാസ്സുകളിലുള്ള വിദ്യാർഥിനികൾക്ക് സ്കൂളുകൾ മുഖേന നൽകുന്നതിന് തീരുമാനിച്ചു കൊണ്ടും സർക്കാർ

ഉത്തരവായിട്ടുണ്ട്.

- സർക്കാർ മേഖലയിൽ ആദ്യമായി ക്യാൻസർ ചികിത്സാ രംഗത്ത് റോബോട്ടിക് സർജറി യൂണിറ്റ് ഉൾപ്പെടെയുള്ള അത്യാധുനിക ചികിത്സാ സംവിധാനങ്ങൾ തിരുവനന്തപുരം ആർ.സി.സിയിൽ പ്രവർത്തനമാരംഭിച്ചു. മലബാർ ക്യാൻസർ സെന്ററിലും (എം.സി.സി) റോബോട്ടിക് സർജറി പ്രവർത്തന സജ്ജമായിട്ടുണ്ട്. എം.സി.സി യെ പോസ്റ്റ് ഗ്രാജ്വേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി സയൻസസ് ആന്റ് റിസർച്ച് ആയി ഉയർത്തി.

## 4) നിർണ്ണയ - ഹബ്ബ് ആൻഡ് സ്പോക്ക് മോഡൽ ലാബ് നെറ്റ്‌വർക്ക്

- ഹബ്ബ് ആൻഡ് സ്പോക്ക് മാതൃകയിൽ ലാബുകളെ ബന്ധിപ്പിച്ചു കൊണ്ടുള്ള നെറ്റ്‌വർക്കിംഗ് സംവിധാനം എല്ലാ ജില്ലകളിലും ആരംഭിച്ചിട്ടുണ്ട്.
- കാൻസർ പരിശോധന, ക്ഷയരോഗ സ്ക്രീനിങ്, നവജാത ശിശു സ്ക്രീനിങ്, ആന്റിമൈക്രോബിയൽ റെസിസ്റ്റൻസ് (എ.എം.ആർ) പരിശോധന മുതലായവ ഈ സംവിധാനത്തിലൂടെ പരിശോധിച്ചു വരുന്നു.
- സംസ്ഥാനത്തെ നിലവിലുള്ള ലബോറട്ടറി സംവിധാനങ്ങളുടെ മാപ്പിംഗ് പൂർത്തീകരിക്കുന്നതിന് വേണ്ടി വിശദമായ മാപ്പിങ് ടൂൾ തയ്യാറാക്കി ജില്ലകളിലേക്ക് നൽകുകയും ജില്ലകളിൽ നിന്ന് ലഭ്യമായ വിവരങ്ങളുടെ ക്രോഡീകരണം പൂർത്തിയാക്കുകയും ചെയ്തു. ജില്ലകളിൽ നിർണ്ണയ സർക്കാർ ഉത്തരവ് പ്രകാരമുള്ള വിവിധ ഡൊമൈനുകളിൽ ഉൾപ്പെടുന്ന പരിശോധനകൾ പൂർത്തീകരിക്കുവാൻ സാധിക്കുന്ന സ്പോക്കുകളുടേയും പ്രാഥമിക, ദ്വിതീയ ഹബ് ലാബുകളുടെയും മാപ്പിംഗ് നടത്തി ജില്ലകൾ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.
- പത്തനംതിട്ട ജില്ലയിൽ അഡ്വാൻസ്ഡ് ഡയഗ്നോസ്റ്റിക് ടെസ്റ്റുകളും, കോട്ടയം ജില്ലയിൽ എഎംആർ, കാൻസർ, മൈക്രോബയോളജി ടെസ്റ്റുകളും, തൃശ്ശൂർ ജില്ലയിൽ എഎംആർ ടെസ്റ്റുകളും, കൊല്ലം ജില്ലയിൽ എഎംആർ, കാൻസർ ടെസ്റ്റുകളും ഹബ്ബ് ആന്റ് സ്പോക്ക് ലാബ് സംവിധാനത്തിലൂടെ നടന്നു വരുന്നു.
- മലപ്പുറം ജില്ലയിൽ ജില്ലാ പഞ്ചായത്തിന്റെ സഹകരണത്തോടെ ഹബ്ബ് ആൻഡ് സ്പോക്ക് ലാബ് സംവിധാനം മികച്ച രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. നിലവിൽ 35 തരം പരിശോധനകൾക്ക് ഹബ്ബ് ആൻഡ് സ്പോക്ക് നെറ്റ്‌വർക്ക് സംവിധാനം ഉപയോഗപ്പെടുത്തി വരുന്നു.
- എല്ലാ റീജിയണൽ പബ്ലിക് ഹെൽത്ത് ലാബുകളിലും ജില്ലാ പബ്ലിക്ക് ഹെൽത്ത് ലാബുകളിലും ലാബ് മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.
- എല്ലാ സർക്കാർ ലാബുകളിലും ഇന്റേണൽ ക്വാളിറ്റി കൺട്രോൾ, എക്സ്റ്റേർണൽ ക്വാളിറ്റി അഷ്വറൻസ് എന്നിവ ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.
- നിലവിൽ ലാബ് സംവിധാനം ഇല്ലാത്ത ആശുപത്രികളിൽ കൂടി ലാബ് ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നു വരുന്നു.

## 5) വയോജന-സാന്ത്വന പരിചരണം

- പാലിയേറ്റീവ് കെയർ പോളിസിയെ അടിസ്ഥാനപ്പെടുത്തി സാന്ത്വന പരിചരണത്തിനായുള്ള സമഗ്രമായ പാലിയേറ്റീവ് കെയർ ആക്ഷൻ പ്ലാൻ തയ്യാറാക്കി. ആക്ഷൻ പ്ലാൻ അനുസരിച്ച് 'അരികെ' എന്ന പേരിൽ സമഗ്ര പാലിയേറ്റീവ് വയോജന പരിചരണ പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കിവരുന്നു.
- പുതുക്കിയ പാലിയേറ്റിവ് കെയർ നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ബഹുജന പങ്കാളിത്തത്തോടെ വയോജന ആരോഗ്യ സംരക്ഷണവും, സാന്ത്വന പരിചരണവും ശക്തിപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.
- എല്ലാ ജില്ലകളിലെയും പാലിയേറ്റീവ് കെയർ ജീവനക്കാർക്ക് പുതുക്കിയ മാർഗരേഖ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള പരിശീലനങ്ങൾ നൽകി.
- പാലിയേറ്റീവ് കെയർ ആക്ഷൻ പ്ലാൻ നടപ്പിലാക്കുന്നതിന് വേണ്ടി പരിശീലകർക്കായുള്ള സംസ്ഥാന തല പരിശീലനം 28 ആയുർവേദ ഡോക്ടർമാർക്കും 46 ഹോമിയോ ഡോക്ടർമാർക്കും

നൽകി. ഇതോടൊപ്പം വിവിധ ജില്ലകളിലായി 754 ആയുർവേദ ഡോക്ടർമാർക്കും 327 പാരാമെഡിക്കൽ സ്റ്റാഫിനും തുടർ പരിശീലനങ്ങൾ പൂർത്തിയാക്കി. മോഡേൺ മെഡിസിൻ ഡോക്ടർമാർക്കും ഫീൽഡ് സ്റ്റാഫിനും ഓൺലൈൻ പരിശീലനങ്ങൾ നൽകി.

- ❖ നിലവിൽ സംസ്ഥാനത്ത് 1,141 പ്രാഥമിക പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ കീഴിൽ 2,41,755 രോഗികൾക്കും 344 ദ്വിതീയ പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ കീഴിൽ 38,417 രോഗികൾക്കും സാന്ത്വന പരിചരണം നൽകി വരുന്നു. ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിന്റെ (ISM) ന്റെ കീഴിൽ 44 ദ്വിതീയ പാലിയേറ്റീവ് കെയർ യൂണിറ്റുകളും ഹോമിയോ വകുപ്പിന്റെ കീഴിൽ 18 ദ്വിതീയ പാലിയേറ്റീവ് കെയർ യൂണിറ്റുകളും പ്രവർത്തിക്കുന്നു.
- ❖ എട്ട് മെഡിക്കൽ കോളേജുകളിലും റീജണൽ കാൻസർ സെന്ററിലും മലബാർ കാൻസർ സെന്ററിലും പാലിയേറ്റീവ് കെയർ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.
- ❖ സംസ്ഥാനത്ത് സർക്കാർ മേഖലയിൽ ആദ്യമായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ജറിയാട്രിക്സ് വിഭാഗം ആരംഭിക്കുവാൻ തീരുമാനമായി. ഇതിലൂടെ വയോജനങ്ങളുടെ ആരോഗ്യപ്രശ്നങ്ങൾക്ക് പ്രത്യേക ചികിത്സയും പരിചരണവും ലഭിക്കും.
- ❖ സംസ്ഥാനത്തെ 21 പ്രധാന ആശുപത്രികളിൽ 10 കിടക്കകളോടുകൂടിയ ജെറിയാട്രിക് വാർഡുകൾ സജ്ജീകരിച്ചിട്ടുണ്ട്. ആന്റി സ്കിഡ് ടൈലുകൾ, റെയിലുകൾ, റാമ്പുകൾ, വയോജനസൗഹൃദ ശൗചാലയങ്ങൾ, ഫർണീച്ചറുകൾ എന്നീ സൗകര്യങ്ങളോടുകൂടിയ വാർഡുകളാണ് സജ്ജീകരിച്ചിരിക്കുന്നത്.
- ❖ 227 സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ വയോജന ക്ലിനിക്കുകൾ സംഘടിപ്പിക്കുന്നതിനായി ഒരു സ്റ്റാഫ് നഴ്സിന്റെയും, ഒരു ഫിസിയോതെറാപ്പിസ്റ്റിന്റേയും സേവനം ഉറപ്പാക്കിയിട്ടുണ്ട്.
- ❖ വയോജനങ്ങളിലെ ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തി തുടർസേവനങ്ങൾ ഉറപ്പാക്കുന്നതിനായി ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ വയോജന ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട്. മുതിർന്ന സ്ത്രീകളുടെ ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തി സേവനങ്ങൾ ഉറപ്പാക്കാനായി വെൽ വുമൺ ക്ലിനിക്കുകളും പ്രവർത്തിക്കുന്നുണ്ട്.
- ❖ വാർഷിക ആരോഗ്യ പരിശോധനയുടെ ആദ്യഘട്ട സർവേയിൽ 1,09,322 കിടപ്പുരോഗികളും 1,91,108 ഹോം ബൌണ്ട് വ്യക്തികളും അറുപത് വയസ്സിനു മുകളിൽ പ്രായമുള്ള 46,22,747 വ്യക്തികളും ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. വാർഷിക ആരോഗ്യ പരിശോധന രണ്ടാം ഘട്ടം ആരംഭിച്ചപ്പോൾ 30599 വ്യക്തികളുടെ സർവേ പൂർത്തിയായതിൽ 9862 വ്യക്തികൾ 60 വയസ്സിനു മുകളിൽ പ്രായമുള്ളവരാണ്. അതോടൊപ്പം 418 കിടപ്പുരോഗികളുടെയും 722 ഹോം ബൌണ്ട് വ്യക്തികളുടെയും സർവേ ഇതുവരെ പൂർത്തിയാക്കിയിട്ടുണ്ട്. ഇവരുടെ പഞ്ചായത്ത്/വാർഡ് അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ശേഖരിച്ച് പാലിയേറ്റീവ് പരിചരണം ആവശ്യമുള്ള രോഗികൾക്ക് സേവനം ലഭ്യമാക്കി വരുന്നു.
- ❖ കേരള സർക്കാരിന്റെ കീഴിലുള്ള സ്കോൾ കേരളയുടെ ആഭിമുഖ്യത്തിൽ കേരളത്തിലെ പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ സഹകരണത്തോടെ നടത്തുന്ന ആറു മാസത്തെ ഹോം നഴ്സിംഗ് കോഴ്സ് (ഡിപ്ലോമ ഇൻ ഡൊമിസീലിയറി നേഴ്സിങ് കെയർ) 2024 ഫെബ്രുവരി മാസം ആരംഭിച്ചു. സർക്കാരിന്റെ ആഭിമുഖ്യത്തിൽ ഈ മേഖലയിൽ ആദ്യമായി ആണ് ഇങ്ങനെ ഒരു കോഴ്സ് നടപ്പിലാക്കുന്നത്. കോഴ്സിന്റെ ആദ്യ ബാച്ചിൽ 11 ജില്ലകളിലായി 235 പേർ പരിശീലനം നേടി വരുന്നു.
- ❖ സന്നദ്ധ സേന ഡയറക്ടറേറ്റുമായി സഹകരിച്ച് സാന്ത്വന പരിചരണത്തിൽ സന്നദ്ധ പ്രവർത്തനം പ്രോത്സാഹിപ്പിക്കുന്നതിനായി 'കൂടെ' എന്ന പേരിൽ ഒരു ക്യാമ്പയിനും ആരംഭിക്കുവാൻ തീരുമാനമായിട്ടുണ്ട്. സാന്ത്വന പരിചരണ പ്രവർത്തനങ്ങളെ പിന്തുണയ്ക്കാൻ തയ്യാറുള്ള ആർക്കും സന്നദ്ധ സേന ഡയറക്ടറേറ്റിൽ രജിസ്റ്റർ ചെയ്യാം. ഇങ്ങനെ രജിസ്റ്റർ ചെയ്യുവർക്ക് സർക്കാർ/എൻ.ജി.ഒ/സി.ബി.ഒ മേഖലയിലെ പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ

പിന്തുണയോടെ നൈപുണ്യത്തെ അടിസ്ഥാനമാക്കിയുള്ള പാലിയേറ്റീവ് കെയർ പരിശീലനം നൽകും.

❖ സാന്ത്വന പരിചരണ സംവിധാനങ്ങളെ ഏകോപിപ്പിക്കാനും കിടപ്പ് രോഗികൾക്ക് നൽകുന്ന സേവനങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്താനുമുള്ള പാലിയേറ്റീവ് കെയർ ഗ്രിഡ് സോഫ്റ്റ്‌വെയർ സംവിധാനം തയ്യാറാക്കാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

## 6) ഏകാരോഗ്യ സമീപനം (One Health Initiative)

❖ നവകേരളം കർമ്മ പദ്ധതി 2 - ആർദ്രം മിഷന്റെ ഭാഗമായി റീ ബിൽഡ് കേരള ഇനിഷ്യേറ്റീവുമായി (ആർ.കെ.ഐ) സഹകരിച്ച് നടപ്പാക്കിവരുന്ന പദ്ധതിയാണ് ഏകാരോഗ്യം. ജന്തുജന്യരോഗങ്ങൾ എത്രയും നേരത്തെ കണ്ടെത്തുന്നതിനും ഇത്തരം രോഗങ്ങളുടെ വ്യാപനം സമയബന്ധിതമായി തടയുന്നതിനും ബന്ധപ്പെട്ട എല്ലാ വകുപ്പുകളെയും ഒത്തൊരുമിപ്പിച്ച് നിലവിലുള്ള സംവിധാനങ്ങളെ ശക്തിപ്പെടുത്തുക എന്നതാണ് പരിപാടിയുടെ ലക്ഷ്യം.

❖ ആദ്യഘട്ടമായി പമ്പാനദീതട ജില്ലകളായ പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി എന്നിവിടങ്ങളിലാണ് പരിപാടി നടപ്പിലാക്കുന്നത്. 2021-ൽ ആരംഭിച്ച പരിപാടിയുടെ കാലയളവ് അഞ്ച് വർഷമാണ്. നിലവിൽ മൂന്നാം വർഷ പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്.

❖ പമ്പാബേസിൻ ജില്ലകളിൽ ഏകാരോഗ്യം പരിപാടിയുടെ ഏകോപനം സാധ്യമാക്കുന്നതിനാവശ്യമായ പരിശീലനങ്ങൾ ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ നേതൃത്വത്തിൽ നൽകുക എന്നതായിരുന്നു ഏകാരോഗ്യം പരിപാടിയുടെ ഒന്നാം വർഷ ലക്ഷ്യം. ഈ ലക്ഷ്യം കൈവരിക്കുന്നതിനാവശ്യമായ പരിശീലനപരിപാടികൾ നടത്തുകയും വിവിധ വകുപ്പുകളുടെ ഏകോപനം സാധ്യമാക്കുന്നതിനുള്ള സർക്കാർ ഉത്തരവുകളും മാർഗ്ഗരേഖയും പുറപ്പെടുവിക്കുകയും ജില്ലാതല നോഡൽ ഓഫീസർമാരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്.

❖ എല്ലാ ജില്ലകളിലും ഏകാരോഗ്യ പ്രവർത്തനങ്ങൾ ആരംഭിച്ചു. ഇതിനായി വൺ ഹെൽത്ത് പ്രവർത്തനങ്ങൾക്കായുള്ള പ്രത്യേക മാർഗ്ഗരേഖ തയ്യാറാക്കി.

❖ ആർദ്രം രണ്ടാം ഘട്ടത്തിന്റെ ഭാഗമായി കർസാപ് (കേരള ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ് സ്ട്രാറ്റജിക് ആക്ഷൻ പ്ലാൻ) - വൺ ഹെൽത്ത് – ആർ കെ ഐ (കേരള പുനർനിർമ്മാണ പദ്ധതി) എന്നിവയുമായി സഹകരിച്ച് പദ്ധതി നടപ്പാക്കി വരുന്നു.

❖ ആന്റിബയോട്ടിക്കുകളുടെ അനാവശ്യവും അശാസ്ത്രീയവുമായ ഉപയോഗം തടയാൻ ജില്ലാതല, ബ്ലോക്ക് തല എ.എം.ആർ (ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ്) കമ്മിറ്റികൾക്കുള്ള പ്രവർത്തന മാർഗരേഖ പ്രസിദ്ധീകരിച്ചു.

❖ എറണാകുളം ജില്ല ജില്ലാതല ആന്റിബയോഗ്രാം തയ്യാറാക്കിയതോടെ ആന്റിബയോട്ടിക്കുകളുടെ അമിത ഉപയോഗം തടയാനുള്ള കാർസാപിന്റെ ഭാഗമായി ശാക്തീകരിച്ച ഹബ്ബ് ആന്റ് സ്പോക്ക് മാതൃകയിലൂടെ രാജ്യത്തെ ആദ്യത്തെ ജില്ലാതല ആന്റിബയോഗ്രാം തയ്യാറാക്കുന്ന സംസ്ഥാനമായി കേരളം മാറി. എല്ലാ ജില്ലകളിലും ബ്ലോക്കുകളിലും നേരത്തെ തന്നെ രൂപീകരിച്ചിരുന്ന എ.എം.ആർ കമ്മിറ്റികളുടെ പ്രവർത്തനഫലമായാണ് എറണാകുളം ജില്ലയിൽ ഇത് സാധ്യമായത്.

❖ കാർസാപ് അവലോകന യോഗത്തിൽ ജില്ലാതല ആന്റിബയോഗ്രാമിനോടൊപ്പം ലോക എ.എം.ആർ അവബോധ വാരാചരണത്തോടനുബന്ധിച്ചും ആന്റിബയോട്ടിക് സാക്ഷര കേരളം പദ്ധതിയുടെ ഭാഗമായും കേരളം ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് കൊണ്ടുള്ള പുസ്തകവും പുറത്തിറക്കി.

❖ കൂടുതൽ ആശുപത്രികളെ കാർസ്നെറ്റ് ശൃംഖലയിലേക്കും ആന്റിബയോട്ടിക് സ്മാർട്ടിലേക്കും മാറ്റിയിട്ടുണ്ട്.

❖ സംസ്ഥാന തലത്തിൽ സെന്റർ ഫോർ വൺ ഹെൽത്ത് പ്രവർത്തനമാരംഭിച്ചു. ജില്ലാ തലത്തിൽ District Programme Management & Support Unit (DPMSU)-കളും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

❖ പത്തനംതിട്ട ജില്ലയിൽ ലോക ബാങ്ക് ആദ്യ വർഷത്തേക്ക് നിശ്ചയിച്ച എല്ലാ സൂചകങ്ങളും ജില്ല

നേടിയെടുത്തിട്ടുണ്ട്. ജില്ലാ മെന്റർമാരെ നിയമിക്കുകയും 50 തദ്ദേശ സ്ഥാപനങ്ങളിൽ വൺ ഹെൽത്ത് കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു.

- ❖ കോട്ടയം ജില്ലയിൽ ജില്ലാ എ.എം.ആർ ലാബ് പ്രവർത്തനക്ഷമമാണ്. ആന്റിമൈക്രോബിയൽ റെസിസ്റ്റൻസ് പ്രവർത്തനങ്ങളുടെ ഭാഗമായി പ്രിസ്ക്രിപ്ഷൻ കൂടാതെ മരുന്നുകൾ നൽകരുതെന്ന നിർദ്ദേശം മെഡിക്കൽ ഷോപ്പുകൾക്ക് നൽകിയിട്ടുണ്ട്. എല്ലാ മെഡിക്കൽ ഷോപ്പുകളിലും ഇത് സംബന്ധിച്ച ബോർഡുകൾ സ്ഥാപിച്ചു.
- ❖ മലപ്പുറം ജില്ലയിൽ എല്ലാ ബ്ലോക്കിലും എ.എം.ആർ കമ്മിറ്റി രൂപീകരിച്ചു. പബ്ലിക് ഹെൽത്ത് ലാബിൽ എ.എം.ആർ ലാബ് സംവിധാനം സ്ഥാപിച്ചു കൾച്ചർ ടെസ്റ്റുകൾ ആരംഭിച്ചു.
- ❖ കോഴിക്കോട് ജില്ലയിൽ വൺ ഹെൽത്ത് സെൻറർ ഫോർ നിപ റിസർച്ച് മെഡിക്കൽ കോളേജ് കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നു. ഇതിന്റെ ഭാഗമായി ഏകാരോഗ്യവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ ശക്തമായി നടന്നു വരുന്നു. ഏകാരോഗ്യ പ്രവർത്തനങ്ങളുടെ ഭാഗമായി ജന്തുജന്യ രോഗങ്ങൾക്കെതിരായ നിരീക്ഷണവും പ്രതിരോധ പ്രവർത്തനങ്ങളും ശക്തമായി നടന്നു വരുന്നു. കോഴിക്കോട് ജില്ലയിൽ നിപ വൈറസ് ബാധയുടെ പശ്ചാത്തലത്തിൽ തയ്യാറാക്കിയ പ്രത്യേക കർമ്മപദ്ധതി പ്രകാരം വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ സർവൈലൻസ് പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.
- ❖ പമ്പാ ബേസിൻ ജില്ലകളിൽ സമൂഹാധിഷ്ഠിത രോഗനിരീക്ഷണം ശക്തിപ്പെടുത്തുന്നതിനായി 2,50,000 സന്നദ്ധസേവകർക്ക് ആരോഗ്യ കുടുംബ ക്ഷേമ വകുപ്പിന്റെ നേതൃത്വത്തിൽ പരിശീലനം നൽകി വിന്യസിക്കുക എന്നതായിരുന്നു ഏകാരോഗ്യ പരിപാടിയുടെ രണ്ടാം വർഷ ലക്ഷ്യം. പ്രസ്തുത ലക്ഷ്യം 2024 മാർച്ച് പകുതിയോടെ കൈവരിക്കാനായി.
- ❖ ഏകാരോഗ്യം പരിപാടി നടപ്പിലാക്കിവരുന്ന പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിലായി നിലവിൽ 2,53,708 സന്നദ്ധ പ്രവർത്തകർക്ക് പരിശീലനം നല്കി വിന്യസിച്ചിട്ടുണ്ട്. ഇവരിൽ 2,21,666 പേർ കമ്മ്യൂണിറ്റി വോളണ്ടിയർമാരും 32,042 പേർ കമ്മ്യൂണിറ്റി മെന്റർമാരുമാണ്. രോഗസാദ്ധ്യതാ നിരീക്ഷണമാണ് ഈ സന്നദ്ധ പ്രവർത്തകരുടെ ഉത്തരവാദിത്തം. ഇത്തരത്തിൽ പൊതുജനാരോഗ്യത്തെ ബാധിക്കുന്ന സംഭവങ്ങൾ പ്രാദേശികതലത്തിൽ കണ്ടെത്തി റിപ്പോർട്ടു ചെയ്യുന്നതിനായി ഒരു പഞ്ചായത്ത് വാർഡ്/ മുനിസിപ്പാലിറ്റി ഡിവിഷനിൽ ഏഴ് കമ്മ്യൂണിറ്റി മെന്റർമാരും 49 കമ്മ്യൂണിറ്റി വോളണ്ടിയർമാരുമടക്കം 56 സന്നദ്ധ പ്രവർത്തകരെയാണ് ഏകാരോഗ്യം പരിപാടിയുടെ ഭാഗമായി വിന്യസിച്ചിട്ടുള്ളത്.
- ❖ ഈ പ്രവർത്തനങ്ങളുടെ പൂർത്തീകരണം സംബന്ധിച്ച അവലോകനം അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫ് കോളേജ് ഓഫ് ഇന്ത്യ നടത്തുകയും ആരോഗ്യ വകുപ്പ് നല്കിയ കംപ്ലീഷൻ റിപ്പോർട്ട് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.
- ❖ ഏകാരോഗ്യം പരിപാടി മെച്ചപ്പെട്ട രീതിയിൽ നടപ്പിലാക്കുന്നതിനായി ആരോഗ്യ വകുപ്പിലെയും മറ്റ് അനുബന്ധ വകുപ്പുകളിലെയും ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിൻറെ ഭാഗമായുള്ള ആസൂത്രണ ശില്പശാല കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂറ്റ് ഓഫ് ഹെൽത്ത് & ഫാമിലി വെൽഫെയറിന്റെ തൈക്കാട് ട്രെയിനിങ്ങ് സെന്ററിൽ സംഘടിപ്പിച്ചു. വിവിധ വകുപ്പുകളിൽ നിന്നായി 38 ഉദ്യോഗസ്ഥർ ശില്പശാലയിൽ പങ്കെടുത്തു.
- ❖ ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ മറ്റു വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് പകർച്ചവ്യാധികൾ കണ്ടെത്തുന്നതിനായുള്ള നിരീക്ഷണവും പരിശോധനയും പതിവായി നടത്തുക എന്നതാണ് ഏകാരോഗ്യം പരിപാടിയുടെ മൂന്നാം വർഷ ടാർജറ്റ്.
- ❖ ഈ ലക്ഷ്യം നേടിയെടുക്കുന്നതിനായി മനുഷ്യനെ ഗുരുതരമായി ബാധിക്കാവുന്ന രോഗങ്ങളുടെ വ്യാപനം നേരത്തെ കണ്ടെത്താനും സ്ഥിരീകരിക്കാനും നിയന്ത്രിക്കാനും ആരോഗ്യവകുപ്പിനൊപ്പം വിവിധ വകുപ്പുകളും പങ്കാളികളാകുന്ന സംയോജിത പരിശോധനകൾക്ക് (Joint Outbreak Investigation) ആവശ്യമായ പ്രവർത്തന മാർഗ്ഗരേഖ

(സ്റ്റാൻഡേർഡ് ഓപറേറ്റിങ് പ്രൊസീജിയർ) തയാറാക്കുന്നതിന് സെന്റർ ഫോർ വൺ ഹെൽത്തിന്റെ നേതൃത്വത്തിൽ തൈക്കാട് കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് ആൻഡ് ഫാമിലി വെൽഫെയറിൽ 2024 എപ്രിൽ മാസത്തിൽ ശിൽപശാല നടത്തി.

- ❖ ആരോഗ്യ വകുപ്പിന് പുറമെ മൃഗസംരക്ഷണം, കൃഷി, മലിനീകരണ നിയന്ത്രണം, ഭക്ഷ്യസുരക്ഷ, ക്ഷീര വികസനം, ഫിഷറീസ്, ജല അതോറിറ്റി, വനം വകുപ്പുകളിലെ ഉദ്യോഗസ്ഥരും ശിൽപശാലയിൽ പങ്കെടുത്തു.
- ❖ ഏകാരോഗ്യ സമീപനത്തിൽ ഊന്നിയുള്ള പ്രവർത്തന മാർഗരേഖ തയ്യാറാക്കുന്നതോടെ വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനം, വിവരകൈമാറ്റം, രോഗ നിയന്ത്രണ നടപടികൾ എന്നിവ സുഗമമാകും.
- ❖ കേരളത്തിൽ പടർന്നുപിടിക്കുന്ന രോഗങ്ങളിൽ കണക്കുകൾ പ്രകാരം മുൻഗണന നൽകേണ്ട എലിപ്പനി, ഡെങ്കിപ്പനി, ചിക്കുൻഗുനിയ, സിക്ക, പക്ഷിപ്പനി, മസ്തിഷ്ക ജ്വരം, അതിസാരം, ജപ്പാൻ ജ്വരം, വെസ്റ്റ് നൈൽ ഫീവർ, കുരങ്ങുപനി, നിപ്പ തുടങ്ങിയ രോഗങ്ങൾ കണ്ടെത്തുന്നതിനും സ്ഥിരീകരിക്കുന്നതിനും വിവിധ വകുപ്പുകൾ സംയോജിതമായി നടത്തേണ്ട പരിശോധനയ്ക്കുള്ള മാർഗ്ഗരേഖയാണ് തയ്യാറാക്കുന്നത്.
- ❖ ലാബ് നെറ്റ് വർക്കും രോഗനിരീക്ഷണ സംവിധാനങ്ങളും ശാക്തീകരിക്കുന്ന തിന്റെ ഭാഗമായി ആരോഗ്യ വകുപ്പിലെയും ഏകാരോഗ്യ പരിപാടിയുമായി ബന്ധപ്പെട്ട മററ് വകുപ്പുകളിലെയും 62 ലാബുകളിലെ ജീവനക്കാരെ ബോധ വൽക്കരിക്കുകയും പ്രത്യേകമായി തയ്യാറാക്കിയ ടൂൾ ഉപയോഗിച്ച് ഓരോ ലാബുകളുടെയും പോരായ്മകൾ പഠിക്കുകയും ലാബുകൾ സമർപ്പിച്ച ആവശ്യങ്ങൾ ടെക്നിക്കൽ കമ്മിറ്റി വിലയിരുത്തി 9 ലാബുകൾക്കുള്ള ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനായി 1.03 കോടി KMSCL ന് കൈമാറുകയും ചെയ്തിട്ടുണ്ട്.
- ❖ രണ്ടാം ഘട്ടമായി 28 ലാബുകൾ സമർപ്പിച്ചിട്ടുള്ള ആവശ്യങ്ങൾ ഏകാരോഗ്യം പരിപാടിയുടെ ടെക്നിക്കൽ കമ്മിറ്റി പരിശോധിച്ച് അംഗീകരിക്കുകയും അവ വാങ്ങി നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു.
- ❖ വയനാട് ജില്ലയിൽ മെഡിക്കൽ ഓഫീസർ, ഫാർമസിസ്റ്റ് തുടങ്ങിയ ജീവനക്കാർക്ക് എ.എം.ആർ. അവബോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പരിശീലന ക്ലാസുകൾ സംഘടിപ്പിച്ചു. ജില്ലയിലെ എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും പ്രിസ്ക്രിപ്ഷൻ ഓഡിറ്റ് നടന്നു വരുന്നു.

## 7) രോഗ നിവാരണ പ്രവർത്തനങ്ങൾ (Disease elimination)

- ❖ മന്ത്, മലേറിയ, ക്ഷയം, കാലാ അസാർ തുടങ്ങിയ രോഗങ്ങൾ നിവാരണം ചെയ്യുന്നതിന് വേണ്ടി ഫീൽഡ് തല പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്താൻ എല്ലാ ജില്ലകളിലും ആരോഗ്യ പ്രവർത്തകർക്ക് പരിശീലനം നൽകിയിട്ടുണ്ട്.
- ❖ കൊല്ലം ജില്ലയിൽ മന്ത് രോഗം, കാലാ അസാർ എന്നീ രണ്ട് രോഗങ്ങളുടെ എലിമിനേഷൻ പ്രക്രിയ പൂർത്തിയാക്കി.
- ❖ പത്തനംതിട്ട ജില്ലയിൽ വാർഡ്, പഞ്ചായത്ത് തല മലേറിയ എലിമിനേഷൻ പ്രവർത്തനങ്ങൾ പൂർത്തിയായി.
- ❖ കോട്ടയം ജില്ലയിലെ 77 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മലമ്പനി മുക്തമാണ്.
- ❖ ആലപ്പുഴ ജില്ലയിൽ രോഗനിവാരണ പ്രവർത്തനങ്ങളുടെ ഭാഗമായി മന്ത് രോഗ നിയന്ത്രണ ക്ലിനിക്കുകൾ, വെക്ടർ നിയന്ത്രണ പ്രവർത്തനങ്ങൾ, സർവ്വേ, സ്ക്രീനിംഗ് തുടങ്ങിയവ കൃത്യമായി നടന്നു വരുന്നു.
- ❖ ഇടുക്കി ജില്ലയിൽ സുസ്ഥിര വികസന ലക്ഷ്യങ്ങൾക്കനുസൃതമായി 2021-22 ൽ 40% ന് മുകളിൽ ക്ഷയരോഗത്തിന്റെ ഇൻസിഡൻസ് കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. ഇതിന് സബ്-നാഷണൽ സർട്ടിഫിക്കേഷനിൽ സിൽവർ മെഡൽ ലഭിക്കുകയുണ്ടായി.
- ❖ തൃശ്ശൂർ ജില്ലയിൽ കാലാ അസർ കേസുകൾ ഈ വർഷം റിപ്പോർട്ട് ചെയ്തിട്ടില്ല. മന്ത്, മലേറിയ

നിവാരണ പ്രവർത്തനങ്ങളുടെ ഭാഗമായി സൗജന്യ ചികിത്സ. മൈഗ്രന്റ് സ്ക്രീനിംഗ്, വെക്ടർ സർവെയിലൻസ് എന്നിവ നടന്നു വരുന്നു. മിസ്റ്റ് ടീം ഡേ നൈറ്റ് ക്യാമ്പുകൾ നടത്തിവരുന്നു.

❖ പാലക്കാട് ജില്ലയിൽ മന്ത് രോഗ നിവാരണവുമായി ബന്ധപ്പെട്ട് എംഡിഎ അസ്സെസ്സ്മെന്റ് സർവേയിൽ എംഎഫ് നിരക്ക് 1% കൂടുതലുള്ള 2 ബ്ലോക്കുകളിൽ ഒരു റൗണ്ട് എംഡിഎ തുടരാൻ തീരുമാനിച്ചു. ജില്ലയിൽ 2022 ൽ തദ്ദേശീയമായ കേസ് കണ്ടെത്തിയതിനെ തുടർന്ന് മലേറിയ എലിമിനേഷൻ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമായി നടന്നു വരുന്നു. ജില്ലയിൽ അവസാന കാലാ അസർ കേസ് കണ്ടെത്തിയത് 2021 ലാണ്. തുടർന്ന് ഫീൽഡ് പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി, 2022-ൽ നടത്തിയ തുടർ സർവേയിൽ പുതിയ കേസുകളൊന്നും കണ്ടെത്തിയിട്ടില്ല.

❖ 2023ൽ കൊല്ലം, പാലക്കാട്, തൃശ്ശൂർ, കോഴിക്കോട്, ജില്ലകളിൽ തദ്ദേശിയ മലമ്പനി റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ 2024 മുതൽ 2026 വരെയുള്ള വർഷങ്ങളിൽ പുതിയ കേസുകൾ ഒരു ജില്ലയിൽ നിന്നും റിപ്പോർട്ട് ചെയ്യപ്പെടാതിരുന്നാൽ 2027 ൽ സംസ്ഥാന തല മലമ്പനി നിർമ്മാർജ്ജനം സാദ്ധ്യമാകുന്നതാണ്.

❖ സംസ്ഥാനത്തെ അതിഥി തൊഴിലാളികൾക്കിടയിൽ 2024 ൽ ഇത് വരെയായി 191 മലമ്പനി കേസുകളും മൂന്ന് മരണങ്ങളും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

## 8) **സാംക്രമിക** രോഗനിയന്ത്രണത്തിനുള്ള **ഭൗതിക സാഹചര്യങ്ങൾ (Infectious disease Infrastructure)**

❖ സംസ്ഥാനത്തെ 82 സ്ഥലങ്ങളിൽ ഐസൊലേഷൻ വാർഡ് നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

❖ ഇതിൽ 50 സ്ഥലങ്ങളിൽ നിർമ്മാണം പൂർത്തിയാവുകയും അതിൽ 48 സ്ഥലങ്ങളിൽ ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു.

| **നിലവിലെ അവസ്ഥ** | **എണ്ണം** |
|---|---|
| ആദ്യ ഘട്ടത്തിൽ തിരഞ്ഞെടുത്തവ | 88 |
| നിർമ്മാണം ആരംഭിച്ചവ | 82 |
| നിർമ്മാണം പൂർത്തിയായവ | 50 |
| നിർമ്മാണം പൂർത്തിയായി ഉദ്ഘാടനം നടന്നവ | 48 |
| നിർമ്മാണം പുരോഗമിക്കുന്നവ | 32 |
| തടസ്സങ്ങളുള്ള സ്ഥലങ്ങൾ | 6 |

❖ നിലവിൽ ഐസൊലേഷൻ വാർഡുകളുടെ നിർമ്മാണം നടത്തുന്ന ഏജൻസിയെ (M/s TDLC) ഒഴിവാക്കാനായി കിഫ്ബി യോഗത്തിൽ തീരുമാനമെടുത്തിട്ടുണ്ട്.

❖ 2024 ജൂൺ 30 വരെ സമയം നീട്ടി നൽകിയിട്ടുള്ളതിനാൽ റിസ്ക് & കോസ്റ്റ് മാനദണ്ഡപ്രകാരം ഏജൻസിയെ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

❖ നിർമ്മാണം പൂർത്തിയായ 20 വാർഡുകളിൽ വൈദ്യുതി, വെള്ള കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട്.

❖ നിർമ്മാണ പ്രവർത്തി പൂർത്തിയാക്കാനുള്ള 32 സ്ഥലങ്ങളിൽ KIIFB-KMSCL സംയുക്തമായി ചേർന്ന് നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

## 9) ഹെൽത്തി ലൈഫ് ക്യാമ്പയിൻ

❖ മലപ്പുറം ജില്ലയിൽ ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ സമഗ്ര കാൻസർ ജീവിതശൈലീ രോഗനിയന്ത്രണ പരിപാടിയായ "ആരോഗ്യഭേരി" നല്ല രീതിയിൽ നടന്നു വരുന്നു. മലപ്പുറം ജില്ലയെ സമ്പൂർണ്ണ ആരോഗ്യ സുരക്ഷിത ജില്ലയാക്കുക, സമ്പൂർണ്ണ കാൻസർ നിയന്ത്രിത ജില്ലയാക്കുക, സമ്പൂർണ്ണ ജീവിതശൈലീ രോഗ നിർണ്ണയ/നിയന്ത്രിത ജില്ലയാക്കുക, ആധുനിക

രോഗനിർണ്ണയത്തിലും കാൻസർ-ജീവിതശൈലീ രോഗങ്ങൾ എന്നിവയുടെ ചികിത്സാ സംവിധാനങ്ങളിലും സ്വയം പര്യാപ്ത ജില്ലയാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ.

❖ കോഴിക്കോട് ജില്ലയിൽ സമഗ്ര ജീവിതശൈലീ രോഗ നിയന്ത്രണ പദ്ധതിയായ "ജീവതാളം" ക്യാമ്പയിന്റെ പ്രവർത്തനങ്ങൾ നല്ല രീതിയിൽ പുരോഗമിക്കുന്നു. ക്യാമ്പയിന്റെ ഭാഗമായി ആരോഗ്യകരമായ ഭക്ഷണരീതിയും ഭക്ഷണ സംസ്കാരവും പ്രോൽസാഹിപ്പിക്കുക, കൃഷി പ്രോൽസാഹിപ്പിക്കുക, വ്യായാമവും മറ്റ് ജീവിതശൈലീ മാറ്റങ്ങളും പ്രോൽസാഹിപ്പിക്കുക, ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ, പരിശീലനങ്ങൾ എന്നീ പ്രവർത്തനങ്ങൾ നടന്നു.

❖ കോഴിക്കോട് ജില്ലയിൽ ഹരിതകേരള മിഷനും ആർദ്രം മിഷനും സംയുക്തമായി ഹരിതകർമ്മസേന അംഗങ്ങൾക്ക് വേണ്ടി സംഘടിപ്പിക്കുന്ന മെഡിക്കൽ ക്യാമ്പ് നവംബർ മാസത്തിൽ ആരംഭിച്ചു. 70 ഗ്രാമ പഞ്ചായത്തുകളിലും ആരോഗ്യ പരിശോധന നടന്നു വരുന്നു. 19 ഗ്രാമ പഞ്ചായത്തുകളിൽ പരിശോധന പൂർത്തിയാക്കി.

❖ ഇടുക്കി ജില്ലയിൽ "ആരോഗ്യജീവനം" ഹെൽത്തി ലൈഫ് ക്യാമ്പയിൻ ദേവിയാർ കോളനി കുടുംബാരോഗ്യ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ചു.

❖ വയനാട് ജില്ലയിൽ ആർദ്രം മിഷന്റെ നേതൃത്വത്തിൽ വിദ്യാകിരണം, ഹരിതകേരളം മിഷനുകളുടെ സഹകരണത്തോടെ ആർദ്ര വിദ്യാലയം – ഹെൽത്തി ലൈഫ് ക്യാമ്പയിൻ എന്ന പേരിൽ വിദ്യാലയങ്ങളിൽ ആരോഗ്യകരമായ ഭക്ഷണശീലം, ലഹരി വർജ്ജനം, ശുചിത്വം എന്നിവയെക്കുറിച്ച് വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുവാനുള്ള ക്യാമ്പയിൻ നടന്നു വരുന്നു.

❖ വയനാട് ജില്ലയിൽ ഹരിത കേരളം മിഷനും ആർദ്രം മിഷനും സംയുക്തമായി നടത്തുന്ന "ഹരിതം ആരോഗ്യം" ജില്ലാതല പരിപാടി ആരംഭിച്ചു. സംസ്ഥാനത്തെ മുഴുവൻ ഹരിത കർമ സേനാംഗങ്ങൾക്കും ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെയാണ് പരിപാടി നടക്കുന്നത്. കൊല്ലം ജില്ലയിലും ഹരിത കർമ സേനാംഗങ്ങൾക്കുള്ള ആരോഗ്യ പരിശോധന ക്യാമ്പ് ആരംഭിച്ചു. പത്തനംതിട്ട ജില്ലയിൽ ഇതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

## 10) ഇന്റഗ്രേറ്റഡ് മെഡിസിനും ഗവേഷണവും (Integrated Medicine & Research)

❖ ആരോഗ്യ വകുപ്പിലെ ഗവേഷണ പദ്ധതികൾക്ക് അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് SHSRC യിൽ എത്തിക്കൽ കമ്മിറ്റിയും ടെക്നിക്കൽ കമ്മിറ്റിയും രൂപീകരിച്ചു.

❖ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് (IAV), രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി (RGCB), നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി (NIV), ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ജീനോമിക്സ് ആൻഡ് ഇന്റഗ്രേറ്റീവ് ബയോളജി (IGIB) തുടങ്ങിയ ഗവേഷണ സ്ഥാപനങ്ങളുമായി സഹകരിച്ച് ആരോഗ്യ രംഗത്ത് ഗവേഷണം പ്രോത്സാഹിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്ന് വരുന്നു.

❖ ഇതിനായി SHSRC യിൽ എത്തിക്സ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. 35 ഗവേഷണങ്ങൾക്ക് IRC യുടെയും 19 എണ്ണത്തിന് IEC യുടെയും അംഗീകാരം ലഭിച്ചു.

❖ ആരോഗ്യ വകുപ്പിലെ ഡോക്ടർമാരിൽ നിന്ന് പൊതുജനാരോഗ്യത്തിൽ ബിരുദാനന്തര ബിരുദമുള്ളവരുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ട്. ഇവരെ കൂടി ഉൾപ്പെടുത്തി ആരോഗ്യ വകുപ്പിൽ ഗവേഷണങ്ങൾ നടത്താൻ താല്പര്യമുള്ളവർക്ക് പരിശീലനം നൽകി ഗവേഷണങ്ങൾ പ്രോത്സാഹിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

❖ സംസ്ഥാനത്തെ രോഗ നിയന്ത്രണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, അക്കാദമികവും മെഡിക്കൽ ഗവേഷണപരവുമായ പ്രവർത്തനങ്ങൾ നടത്തുക, നയരൂപീകരണത്തിന് സർക്കാരിനെ സഹായിക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ മുൻ നിർത്തിക്കൊണ്ട് സംസ്ഥാനത്ത് സെന്റർ ഫോർ ഡിസീസ് കൺട്രോൾ - കേരള (CDC-K) എന്ന സ്ഥാപനം രൂപീകരിക്കുന്നതിന് അനുമതി നൽകുകയും, പ്രാരംഭ പ്രവർത്തനങ്ങൾക്കായി 50 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തു.

❖ നിലവിൽ SHSRCയുടെ ആഭിമുഖ്യത്തിൽ 36 ഓളം ഗവേഷണങ്ങൾ നടന്നു വരുന്നു. ഇതിൽ 20

എണ്ണത്തിന്റെ വിവരശേഖരണവും ഡാറ്റാ അനാലിസിസും പൂർത്തിയായിട്ടുണ്ട്. മറ്റുള്ളവ വിവരശേഖരണ ഘട്ടത്തിലാണ്. ഇത് കൂടാതെ ഐ.സി.എം.ആർ ന്റെ ധനസഹായത്തോടെ 4 പദ്ധതികളും KSACS/NACO യുടെ ധനസഹായത്തോടെ 6 പദ്ധതികളും നടന്നു വരുന്നു.

- SHSRCയുടെ നേതൃത്വത്തിൽ ജീവിതശൈലീ രോഗങ്ങൾ, സാന്ത്വന പരിചരണം, മാനസികാരോഗ്യം, വയോജന ആരോഗ്യം, പകർച്ചവ്യാധി പ്രതിരോധം മുതലായ മേഖലകളിൽ ഗവേഷണ പ്രവർത്തനങ്ങൾ നടന്നു വരുന്നു.
- ആർദ്രം മിഷൻ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ ജീവനക്കാർക്കും ജനപ്രതിനിധികൾക്കും വിവിധ തലത്തിലുള്ള പരിശീലന പരിപാടികൾ സംഘടിപ്പിച്ചു. MLSP (Mid-Level Service Providers) കളുടെ പരിശീലന പ്രവർത്തനങ്ങൾക്കുള്ള നോഡൽ ഏജൻസി ആയും SHSRC പ്രവർത്തിക്കുന്നു. ഇതിന്റെ ഭാഗമായി പരിശീലന സഹായികളും പരീക്ഷാ സാമഗ്രികളും തയ്യാറാക്കുകയും വിദഗ്ധ പരിശീലകരെ കണ്ടെത്തുകയും ചെയ്തു.
- കേരളത്തിൽ ഒന്നിലധികം തവണ നിപ രോഗ ബാധ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള പ്രത്യേക സാഹചര്യവും, നിപയും പക്ഷിപ്പനിയും ഉൾപ്പെടെ മഹാമാരികളാകാൻ സാധ്യതയുള്ള വൈറസുകളുടെ വ്യാപനവും കണക്കിലെടുത്ത്, ഇത്തരം മഹാമാരികളാകാൻ സാധ്യതയുള്ള വൈറസുകളെപ്പറ്റി ഏകാരോഗ്യ പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ ഗവേഷണ സ്ഥാപനങ്ങളുമായും സർക്കാർ വകുപ്പുകളുമായും യോജിച്ചുകൊണ്ട് പഠന ഗവേഷണ പ്രവർത്തനങ്ങൾ നടത്തുക, ഇത്തരം രോഗങ്ങൾക്കെതിരെ സാമൂഹിക പ്രതിരോധം വളർത്തുക തുടങ്ങിയവയ്ക്ക് നേതൃത്വം നൽകുന്നതിനായി കേരള വൺ ഹെൽത്ത് സെന്റർ ഫോർ നിപ റിസർച്ച് & റസിലിയൻസ് എന്ന സ്ഥാപനം കോഴിക്കോട് മെഡിക്കൽ കോളേജിൽ ഓഫീസ് പ്രവർത്തനം ആരംഭിക്കുകയും നോഡൽ ഓഫീസറെ നിയമിക്കുകയും ചെയ്തു.
- SHSRC യുടെ നേതൃത്വത്തിൽ ആർദ്രം മിഷനുമായി ബന്ധപ്പെട്ടും മറ്റ് ഗവേഷണ വിഷയങ്ങളിലും വിവിധ തരം വർക്ക്ഷോപ്പുകൾ സംഘടിപ്പിച്ചു.
- ആയുർവേദത്തിലെ അറിവുകളെ നൂതന – ജൈവ- സാങ്കേതിക വിദ്യകളുടെ വെളിച്ചത്തിൽ വിശാലമായ പഠന ഗവേഷണ പ്രവർത്തനങ്ങളിലൂടെ കൂടുതൽ തെളിവധിഷ്ഠിതമാക്കി പൊതുജനാരോഗ്യ രംഗത്ത് ഏറ്റവും കാര്യക്ഷമമായി ഉപയോഗിക്കുക എന്ന ഉദ്ദേശ്യ ലക്ഷ്യത്തോടുകൂടി, കിഫ്ബിയുടെ സാമ്പത്തിക സഹായം ഉപയോഗപ്പെടുത്തി, കണ്ണൂരിൽ അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രം (IRIA) സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരികയുമാണ്.
- ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ്, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റ്, സ്കൂൾ ഓഫ് പബ്ലിക് ഹെൽത്ത്, ആരോഗ്യ സർവ്വകലാശാല, എസ്.എച്ച്.എസ്.ആർ.സി, എസ്.ബി.എം.ആർ തുടങ്ങിയ സ്ഥാപനങ്ങളുടെ മേധാവികളുമായി ആരോഗ്യമേഖലയിലെ ഗവേഷണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നത് സംബന്ധിച്ച് യോഗം ചേരുകയും ഇത് സംബന്ധിച്ച് തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിന് നിർദ്ദേശം നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ച് വരികയും ചെയ്യുന്നുണ്ട്.

## ജനകീയ ആരോഗ്യ കേന്ദ്രം – പ്രവർത്തന പുരോഗതി

- നിലവിൽ 5415 ജനകീയ ആരോഗ്യ കേന്ദ്രങ്ങളും 217 നഗര ജനകീയ ആരോഗ്യ കേന്ദ്രങ്ങളും (U-HWCs) സംസ്ഥാനത്ത് പ്രവർത്തനക്ഷമമാണ്.
- സംസ്ഥാനത്തെ ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ 4564 മിഡ് ലെവൽ സർവീസ് പ്രൊവൈഡേഴ്സ് (എംഎൽഎസ്പി) നിലവിൽ സേവനമനുഷ്ഠിക്കുന്നുണ്ട്.
- ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളെയും ജീവനക്കാരുടെ പുതുക്കിയ ചുമതലകളെയും സംബന്ധിച്ചും അവയുടെ നിരീക്ഷണം സംബന്ധിച്ചും പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റ് വിനിയോഗം സംബന്ധിച്ചും സംസ്ഥാന- ജില്ലാ തല

ഉദ്യോഗസ്ഥർക്കായി ശില്പശാല നടത്തി.

- ❖ ജനകീയ ആരോഗ്യ കേന്ദ്ര ടീം പ്രവർത്തനങ്ങളെയും സ്ഥാപന-ഫീൽഡ് തല സേവനങ്ങൾ ഉറപ്പാക്കുന്നത് സംബന്ധിച്ചും അവയുടെ നിരീക്ഷണം സംബന്ധിച്ചും മെഡിക്കൽ ഓഫീസർ ഉൾപ്പെടെയുള്ള സൂപ്പർവൈസറി ജീവനക്കാർക്കായി സംസ്ഥാന തലത്തിൽ ഓൺലൈൻ പരിശീലന പരിപാടി സംഘടിപ്പിച്ചു.
- ❖ പുതിയ മാർഗരേഖ പ്രകാരമുള്ള പ്രവർത്തനങ്ങളെയും ജീവനക്കാരുടെ ചുമതലകളെയും സംബന്ധിച്ചുള്ള ജില്ലാതല പരിശീലനങ്ങൾ ജനകീയ ആരോഗ്യ കേന്ദ്ര ജീവനക്കാർക്കും സൂപ്പർവൈസർമാർക്കുമായി സംഘടിപ്പിച്ചു.
- ❖ ഒരു ജനകീയ ആരോഗ്യ കേന്ദ്രത്തിൽ നിന്നും പ്രതിമാസം ശരാശരി 9 പേരെങ്കിലും സേവനം തേടുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.
- ❖ വെൽ വുമൺ ക്ലിനിക്കുകൾ: ഒരു ജനകീയ ആരോഗ്യ കേന്ദ്രത്തിൽ ശരാശരി 4 ക്ലിനിക്കുകൾ എങ്കിലും നടത്തുന്നതായും ഒരു ക്ലിനിക്കിൽ 14 പേരെങ്കിലും സേവനം തേടുന്നതായി റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. ഈ ക്ലിനിക്കുകളിൽ പ്രസവാനന്തര രജിസ്ട്രേഷനും വിവ ക്യാമ്പയിന്റെ ഭാഗമായ അനീമിയ സ്ക്രീനിംഗും മറ്റ് സേവനങ്ങളും സ്ത്രീകൾക്കും കുട്ടികൾക്കും കൗമാരക്കാർക്കും ലഭ്യമാക്കിയിട്ടുണ്ട്.
- ❖ ജീവിതശൈലീ രോഗ ക്ലിനിക്കുകൾ: ഒരു ജനകീയ ആരോഗ്യ കേന്ദ്രത്തിൽ പ്രതിമാസം ശരാശരി നാല് ജീവിതശൈലീ രോഗ ക്ലിനിക്കുകളെങ്കിലും നടത്തി വരുന്നു. ഒരു ക്ലിനിക്കിൽ ശരാശരി 24 പേരെങ്കിലും സേവനം തേടുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജീവിതശൈലീ രോഗ ക്ലിനിക്കുകളിൽ, രക്താതിമർദ്ദം, പ്രമേഹം തുടങ്ങിയ ജീവിതശൈലീ രോഗങ്ങൾക്കുള്ള സ്ക്രീനിംഗ് സേവനങ്ങൾ നൽകി വരുന്നു.
- ❖ ജനകീയ ആരോഗ്യ കേന്ദ്ര ടീം അംഗങ്ങളുടെ മുൻഗണനാ സന്ദർശനങ്ങൾ: ഒരു മാസത്തിൽ ശരാശരി ഒരു ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് 97, ഗൃഹസന്ദർശനങ്ങളും ഒരു ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ 143 സന്ദർശനങ്ങളും ഒരു മിഡ് ലെവൽ സർവീസ് പ്രൊവൈഡർ 49 ഭവന സന്ദർശനങ്ങളും നടത്തുന്നതായി റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു.
- ❖ സംസ്ഥാനത്തെ 50% ജനകീയ ആരോഗ്യ കേന്ദ്രങ്ങളും 2025 ഡിസംബർ മാസത്തോടെയും എല്ലാ ജനകീയ ആരോഗ്യ കേന്ദ്രങ്ങളും (100%) 2026 ഡിസംബർ മാസത്തോടെയും NQAS (നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ്സ്) അംഗീകാരം കൈവരിക്കാൻ ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.
- ❖ കേരളത്തിലെ എല്ലാ ജനകീയ ആരോഗ്യ കേന്ദ്രങ്ങളിലും ജനകീയ ആരോഗ്യ ക്ലബ്ബുകൾ പൊതുജനങ്ങളുടേയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും പങ്കാളിത്തത്തോടെ രൂപീകരിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

## മോണിറ്ററിങ് & ഇവാല്യുവേഷൻ

- 2023 ജൂലൈ 26ന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഹരിത കേരളം മിഷൻ, ലൈഫ് മിഷൻ എന്നിവയുടെ സംസ്ഥാനതല അവലോകന യോഗ നിർദേശപ്രകാരം രണ്ട് മാസത്തിലൊരിക്കൽ കളക്ടർമാർ നേരിട്ട് ജില്ലാതല ഉദ്യോഗസ്ഥരുടെ അവലോകന യോഗം വിളിച്ച് ചേർക്കുന്നതിന് തീരുമാനിച്ചു.
- നവകേരളം കർമപദ്ധതിയിൽ ഉൾപ്പെട്ട വിവിധ മിഷനുകളുടെ പദ്ധതികൾ അതാത് മിഷൻ തലത്തിൽ നിലവിൽ അവലോകനം നടത്തുന്നുണ്ട്. ഹരിത കേരളം മിഷൻ നടപ്പിലാക്കുന്നതും ഭാഗഭാക്കാവുന്നതുമായ വിവിധ പദ്ധതികളുടെ പുരോഗതി വിലയിരുത്തൽ സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിലും ഓരോ മാസവും നടത്തുന്നുണ്ട്.
- മറ്റ് മിഷനുകളുടെ പദ്ധതികൾ അതാത് മിഷനുകൾ അവലോകനം നടത്തുന്നുണ്ട്. ഈ മിഷനുകളുടെ റിപ്പോർട്ടുകൾ പ്രതിമാസ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. എല്ലാ മാസവും എല്ലാ ജില്ലകളിലും ഹരിതകേരളം, ആർദ്രം, ലൈഫ്, വിദ്യാകിരണം എന്നീ മിഷനുകളുടെ ജില്ലാ കോർഡിനേറ്റർമാർ വിവിധ പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നുണ്ട്.

### ജൂൺ മാസത്തെ പ്രവർത്തനങ്ങൾ

- ജൂൺ മാസം തദ്ദേശ സ്ഥാപനതലത്തിലുള്ള മിഷൻ യോഗങ്ങൾ 15 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടത്തിയിട്ടുണ്ട്. ജൂൺ മാസം വരെ കൂടിയ മിഷൻ യോഗങ്ങൾ ഉൾപ്പെടെ ആകെ 780 തദ്ദേശ സ്ഥാപനങ്ങളിൽ നിലവിൽ മിഷൻ യോഗം കൂടിയിട്ടുണ്ട്.
- ഹരിത കേരളം മിഷൻ നേരിട്ട് നടത്തിയതും ഭാഗഭാക്കായതുമായ 5367 യോഗങ്ങൾ ജൂൺ മാസം നടന്നിട്ടുണ്ട്. ഹരിത ഓഫീസിനായി 225 യോഗങ്ങളും, മാലിന്യസംസ്കരണ പ്രവർത്തങ്ങൾക്കായി 447 യോഗങ്ങളും, ഹരിത വിദ്യാലയങ്ങൾക്കായി 73 യോഗങ്ങളും, ജല ബജറ്റിനായി 126 യോഗങ്ങളും, നെറ്റ് സീറോ പ്രവർത്തനങ്ങൾക്കായി 86 യോഗങ്ങളും, പച്ചത്തുരുത്തിനായി 516 യോഗങ്ങളും, നീലക്കുറിഞ്ഞിക്കായി 39 യോഗങ്ങളും കൂടിയതാണ് ഇതിൽ പ്രധാനം.
- ഹരിത കേരളം മിഷന്റെ പതിനഞ്ചിൽ അധികം പ്രവർത്തനങ്ങൾക്കായി 183 ജില്ലാ തല യോഗങ്ങളും 417 ബ്ലോക്ക് തല യോഗങ്ങളും കൂടിയിട്ടുണ്ട്. 15 തദ്ദേശ സ്വയംഭരണ യോഗങ്ങളും 1460 സ്ഥാപനതല യോഗങ്ങളും ഈ പ്രവർത്തനങ്ങൾക്കായി ജൂൺ മാസത്തിൽ കൂടിയിട്ടുണ്ട്.
- വിവിധ യോഗങ്ങളിൽ 17642 ജനപ്രതിനിധികളും 31990 ഉദ്യോഗസ്ഥരും, 49542 സാങ്കേതിക പ്രവർത്തകരും ഉൾപ്പെടെ ആകെ 40067 പേർ ജൂൺ മാസത്തിൽ പങ്കെടുത്തിട്ടുണ്ട്.
- വിവിധ പദ്ധതികളുടെ പ്രവർത്തനങ്ങൾക്കായി ഹരിത കേരളം മിഷൻ 67 ശില്പശാലകൾ നടത്തുകയും ആയതിൽ 99082 പേർ പങ്കെടുക്കുകയും ചെയ്തു.
- ഹരിത കേരളം മിഷൻ 175 പരിശീലനങ്ങൾ ജൂൺ മാസത്തിൽ നടത്തിയിട്ടുണ്ട്. ഈ പരിശീലനങ്ങളിൽ 15894 പേർ ഭാഗമായിട്ടുണ്ട്.
- വിവിധ മിഷൻ പ്രവർത്തനങ്ങൾക്കായി ജൂൺ മാസത്തിൽ 29777 ഫീൽഡ് തല ഇടപെടലുകൾ ഹരിത കേരളം മിഷൻ നേരിട്ട് നടത്തിയിട്ടുണ്ട്. 166909 പേരുടെ ജനപങ്കാളിത്തം നാടിന്റെ വികസന പ്രവർത്തങ്ങൾക്കായി ഏപ്രിൽ മാസത്തിൽ വിനിയോഗിക്കാൻ മിഷന് കഴിഞ്ഞിട്ടുണ്ട്.

### ത്രൈമാസ അവലോകനം – ഏപ്രിൽ, മേയ്, ജൂൺ

- ഹരിത കേരളം മിഷൻ നേരിട്ട് നടത്തിയതും ഭാഗഭാക്കായതുമായ 8315 യോഗങ്ങൾ കഴിഞ്ഞ മൂന്ന് മാസങ്ങളിൽ നടന്നിട്ടുണ്ട്. ഇതിൽ 26496 ജനപ്രതിനിധികളും 49768 ഉദ്യോഗസ്ഥരും 64120 വിവിധ മേഖലയിൽ പെട്ട ജന വിഭാഗവും, ഭാഗഭാക്കായി. കഴിഞ്ഞ മൂന്ന് മാസങ്ങളിൽ നടന്നിട്ടുള്ള യോഗങ്ങളിൽ ആകെ 140292 പേർ പങ്കെടുത്തിട്ടുണ്ട്.

- മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട യോഗങ്ങളിലാണ് ഏറ്റവും പ്രാതിനിധ്യം ഉണ്ടായത് . മൂന്ന് മാസങ്ങളിലായി 1350 യോഗങ്ങൾ നടന്നു. ഇതിൽ 5071 ജനപ്രതിനിധികൾ, 8494 ഉദ്യോഗസ്ഥർ 9894 മറ്റുള്ളവർ ഉൾപ്പെടെ 23459 ജനങ്ങൾ പങ്കടുത്തിട്ടുണ്ട്.
- ഏറ്റവും കൂടുതൽ യോഗങ്ങൾ സംഘടിപ്പിച്ചതിട്ടുള്ളത് പച്ചത്തുരുത്തുമായിട്ടാണ്. മൂന്ന് മാസങ്ങളിലായി 641 യോഗങ്ങൾ നടന്നു. ഇതിൽ 2717 ജനപ്രതിനിധികൾ, 3281 ഉദ്യോഗസ്ഥർ 6902 മറ്റുള്ളവർ ഉൾപ്പെടെ 12900 ജനങ്ങൾ പങ്കടുത്തിട്ടുണ്ട്.
- സ്ഥാപനങ്ങളെ ഹരിത സ്ഥാപനങ്ങൾ ആക്കുന്ന പ്രവർത്തനത്തിലാണ്. മൂന്ന് മാസങ്ങളിലായി 450 യോഗങ്ങൾ നടന്നു. ഇതിൽ 451 ജനപ്രതിനിധികൾ, 2201 ഉദ്യോഗസ്ഥർ 608 മറ്റുള്ളവർ ഉൾപ്പെടെ 3260 ജനങ്ങൾ പങ്കടുത്തിട്ടുണ്ട്.
- വിദ്യാലയങ്ങളെ ഹരിത വിദ്യാലയമാക്കുന്ന പദ്ധതിയിലും വലിയ പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട് ഇതുമായി ബന്ധപ്പെട്ട് മൂന്ന് മാസങ്ങളിലായി 415 യോഗങ്ങൾ നടന്നു. ഇതിൽ 321 ജനപ്രതിനിധികൾ, 2533 ഉദ്യോഗസ്ഥർ 1706 മറ്റുള്ളവർ ഉൾപ്പെടെ 4560 ജനങ്ങൾ പങ്കടുത്തിട്ടുണ്ട്.
- ജല ബജറ്റ് ബന്ധപ്പെട്ട് മൂന്ന് മാസങ്ങളിലായി 362 യോഗങ്ങൾ നടന്നു ഇതിൽ 1825 ജനപ്രതിനിധികൾ, 2540 ഉദ്യോഗസ്ഥർ 880 മറ്റുള്ളവർ ഉൾപ്പെടെ 5245 ജനങ്ങൾ പങ്കടുത്തിട്ടുണ്ട്.
- നെറ്റ് സീറോ കാർബൺ പ്രവർത്തനങ്ങളിൽ മൂന്ന് മാസങ്ങളിലായി 123 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 185 യോഗങ്ങൾ നടന്നു. ഇതിൽ 652 ജനപ്രതിനിധികൾ, 914 ഉദ്യോഗസ്ഥർ 1693 മറ്റുള്ളവർ ഉൾപ്പെടെ 3259 ജനങ്ങൾ പങ്കടുത്തിട്ടുണ്ട്. വലിയ തോതിലുള്ള പ്രാതിനിധ്യം ഈ വിഷയത്തിന് ജനങ്ങൾ നൽകുന്നു എന്ന് കണക്കുകൾ സൂചിപ്പിക്കുന്നു.
- നെറ്റ് സീറോ കാർബൺ പ്രവർത്തനങ്ങളിൽ മൂന്ന് മാസങ്ങളിലായി 415 പഞ്ചായത്ത് തല കോർഗ്രൂപ് യോഗങ്ങൾ നടന്നു. ഇതിൽ 919 ജനപ്രതിനിധികൾ, 1331 ഉദ്യോഗസ്ഥർ 794 മറ്റുള്ളവർ ഉൾപ്പെടെ 3044 ജനങ്ങൾ പങ്കടുത്തിട്ടുണ്ട്.
- ഹരിത ചട്ട പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് മൂന്ന് മാസങ്ങളിലായി 165 യോഗങ്ങൾ നടന്നു ഇതിൽ 393 ജനപ്രതിനിധികൾ, 854 ഉദ്യോഗസ്ഥർ 1095 മറ്റുള്ളവർ ഉൾപ്പെടെ 2342 ജനങ്ങൾ പങ്കടുത്തിട്ടുണ്ട്.

| ഹരിതകേരളം മിഷൻ പദ്ധതികളുടെ ത്രൈമാസ പ്രവർത്തനങ്ങളുടെ സംഗ്രഹം | | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| പ്രവർത്തനം | | | | | | | | | | | | | | | | | | |
| സ്കീം / പ്രവർത്തിയുടെ പേര് | മാസം | നടന്ന യോഗം (എണ്ണം) | | | | | | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തനങ്ങളുള്ള ജനപങ്കാളിത്തം | ആകെ ജനപങ്കാളിത്തം |
| | | ജില്ലാ തലം | ബ്ലോക്ക് തലം | പഞ്ചായത്ത് തലം | നഗരസഭാ/ കോർപറേഷൻ തലം | സ്ഥാപന തലം | ആകെ | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | | |
| കളക്ടറുടെ ജില്ലാ യോഗം | ഏപ്രിൽ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| | മേയ് | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| | ജൂൺ | 7 | 0 | 0 | 0 | 0 | 7 | 15 | 76 | 30 | 121 | 0 | 0 | 0 | 0 | 0 | 0 | 121 |
| | ആകെ | 7 | 0 | 0 | 0 | 0 | 7 | 15 | 76 | 30 | 121 | 0 | 0 | 0 | 0 | 0 | 0 | 121 |
| ജില്ലാ മിഷൻ യോഗം | ഏപ്രിൽ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| | മേയ് | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| | ജൂൺ | 1 | 0 | 0 | 0 | 0 | 1 | 7 | 30 | 12 | 49 | 0 | 0 | 0 | 0 | 0 | 0 | 49 |
| | ആകെ | 1 | 0 | 0 | 0 | 0 | 1 | 7 | 30 | 12 | 49 | 0 | 0 | 0 | 0 | 0 | 0 | 49 |
| തദ്ദേശ മിഷൻ യോഗം | ഏപ്രിൽ | 0 | 0 | 9 | 0 | 0 | 9 | 24 | 33 | 12 | 69 | 0 | 0 | 0 | 0 | 0 | 0 | 69 |
| | മേയ് | 0 | 11 | 4 | 1 | 0 | 16 | 234 | 450 | 7 | 691 | 0 | 0 | 0 | 0 | 0 | 0 | 691 |
| | ജൂൺ | 0 | 7 | 7 | 1 | 0 | 15 | 201 | 225 | 25 | 451 | 0 | 0 | 0 | 0 | 9 | 0 | 451 |
| | ആകെ | 0 | 18 | 20 | 2 | 0 | 40 | 459 | 708 | 44 | 1211 | 0 | 0 | 0 | 0 | 9 | 0 | 1211 |
| മാലിന്യ സംസ്കരണം | ഏപ്രിൽ | 15 | 26 | 151 | 24 | 0 | 216 | 615 | 1390 | 2009 | 4014 | 5 | 851 | 7 | 259 | 808 | 7029 | 12153 |
| | മേയ് | 25 | 65 | 343 | 81 | 173 | 687 | 3040 | 4615 | 3976 | 11631 | 16 | 991 | 8 | 423 | 2950 | 69892 | 82937 |
| | ജൂൺ | 37 | 62 | 245 | 28 | 75 | 447 | 1416 | 2489 | 3909 | 7814 | 18 | 1466 | 8 | 718 | 1640 | 10547 | 20545 |
| | ആകെ | 77 | 153 | 739 | 133 | 248 | 1350 | 5071 | 8494 | 9894 | 23459 | 39 | 3308 | 23 | 1400 | 5398 | 87468 | 115635 |
| ഹരിത വിദ്യാലയം | ഏപ്രിൽ | 0 | 2 | 74 | 6 | 53 | 135 | 110 | 875 | 356 | 1341 | 0 | 0 | 0 | 0 | 358 | 415 | 1756 |
| | മേയ് | 1 | 3 | 71 | 0 | 132 | 207 | 130 | 1236 | 605 | 1971 | 1 | 60 | 1 | 60 | 355 | 9356 | 11447 |
| | ജൂൺ | 0 | 3 | 37 | 0 | 33 | 73 | 81 | 422 | 745 | 1248 | 2 | 235 | 0 | 0 | 230 | 976 | 2459 |
| | ആകെ | 1 | 8 | 182 | 6 | 218 | 415 | 321 | 2533 | 1706 | 4560 | 3 | 295 | 1 | 60 | 943 | 10747 | 15662 |
| ഹരിത ഓഫീസ് | ഏപ്രിൽ | 0 | 1 | 34 | 11 | 121 | 167 | 165 | 901 | 184 | 1250 | 0 | 0 | 2 | 71 | 583 | 1035 | 2356 |
| | മേയ് | 1 | 0 | 21 | 2 | 34 | 58 | 92 | 286 | 95 | 473 | 0 | 0 | 2 | 24 | 407 | 964 | 1461 |
| | ജൂൺ | 3 | 2 | 43 | 10 | 167 | 225 | 194 | 1014 | 329 | 1537 | 0 | 0 | 0 | 0 | 571 | 999 | 2536 |
| | ആകെ | 4 | 3 | 98 | 23 | 322 | 450 | 451 | 2201 | 608 | 3260 | 0 | 0 | 4 | 95 | 1561 | 2998 | 6353 |
| ഹരിത ടൂറിസം | ഏപ്രിൽ | 0 | 0 | 16 | 9 | 3 | 28 | 184 | 404 | 640 | 1228 | 0 | 0 | 0 | 0 | 102 | 284 | 1512 |
| | മേയ് | 2 | 0 | 17 | 4 | 1 | 24 | 95 | 134 | 165 | 394 | 0 | 0 | 0 | 0 | 94 | 289 | 683 |
| | ജൂൺ | 2 | 7 | 25 | 5 | 6 | 45 | 278 | 387 | 289 | 954 | 0 | 0 | 0 | 0 | 115 | 937 | 1891 |
| | ആകെ | 4 | 7 | 58 | 18 | 10 | 97 | 557 | 925 | 1094 | 2576 | 0 | 0 | 0 | 0 | 311 | 1510 | 4086 |
| മാപത്തോൺ | ഏപ്രിൽ | 0 | 3 | 18 | 1 | 0 | 22 | 121 | 242 | 76 | 439 | 0 | 0 | 0 | 0 | 57 | 52 | 491 |
| | മേയ് | 0 | 0 | 6 | 0 | 0 | 6 | 31 | 24 | 86 | 141 | 1 | 16 | 1 | 19 | 46 | 30 | 206 |
| | ജൂൺ | 0 | 0 | 15 | 0 | 0 | 15 | 145 | 176 | 219 | 540 | 1 | 26 | 0 | 0 | 56 | 234 | 800 |
| | ആകെ | 0 | 3 | 39 | 1 | 0 | 43 | 297 | 442 | 381 | 1120 | 2 | 42 | 1 | 19 | 159 | 316 | 1497 |
| ജല ബജറ്റ് | ഏപ്രിൽ | 1 | 8 | 87 | 7 | 6 | 109 | 402 | 597 | 204 | 1203 | 0 | 0 | 2 | 80 | 1955 | 413 | 1696 |
| | മേയ് | 0 | 16 | 106 | 5 | 0 | 127 | 636 | 944 | 275 | 1855 | 9 | 279 | 4 | 102 | 2282 | 599 | 2835 |
| | ജൂൺ | 2 | 19 | 100 | 5 | 0 | 126 | 787 | 999 | 401 | 2187 | 6 | 184 | 8 | 360 | 593 | 798 | 3529 |
| | ആകെ | 3 | 43 | 293 | 17 | 6 | 362 | 1825 | 2540 | 880 | 5245 | 15 | 463 | 14 | 542 | 4830 | 1810 | 8060 |

| | | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| നീരുറവ് | ഏപ്രിൽ | 0 | 8 | 61 | 0 | 1 | 70 | 180 | 551 | 111 | 842 | 0 | 0 | 0 | 0 | 533 | 361 | 1203 |
| | മേയ് | 0 | 5 | 27 | 0 | 0 | 32 | 148 | 193 | 107 | 448 | 1 | 186 | 0 | 0 | 211 | 336 | 970 |
| | ജൂൺ | 0 | 11 | 34 | 1 | 1 | 47 | 147 | 291 | 146 | 584 | 0 | 0 | 0 | 0 | 233 | 1132 | 1716 |
| | ആകെ | 0 | 24 | 122 | 1 | 2 | 149 | 475 | 1035 | 364 | 1874 | 1 | 186 | 0 | 0 | 977 | 1829 | 3889 |
| നീരുറവ്/ജല ബജറ്റ് സാങ്കേതിക സമിതി യോഗം | ഏപ്രിൽ | 0 | 0 | 9 | 0 | 0 | 9 | 9 | 104 | 5 | 118 | 0 | 0 | 0 | 0 | 16 | 5 | 123 |
| | മേയ് | 0 | 1 | 5 | 0 | 0 | 6 | 30 | 62 | 43 | 135 | 1 | 32 | 0 | 0 | 13 | 7 | 174 |
| | ജൂൺ | 0 | 0 | 10 | 0 | 0 | 10 | 22 | 21 | 27 | 70 | 0 | 0 | 0 | 0 | 29 | 52 | 122 |
| | ആകെ | 0 | 1 | 24 | 0 | 0 | 25 | 61 | 187 | 75 | 323 | 1 | 32 | 0 | 0 | 58 | 64 | 419 |
| ജലഗുണനില വാര ലാബ് | ഏപ്രിൽ | 0 | 0 | 29 | 1 | 0 | 30 | 57 | 104 | 66 | 227 | 0 | 0 | 0 | 0 | 164 | 179 | 406 |
| | മേയ് | 5 | 0 | 55 | 0 | 11 | 71 | 479 | 360 | 459 | 1298 | 2 | 132 | 77 | 1615 | 312 | 1362 | 4407 |
| | ജൂൺ | 0 | 0 | 1 | 1 | 0 | 2 | 11 | 14 | 6 | 31 | 0 | 0 | 3 | 17 | 160 | 361 | 409 |
| | ആകെ | 5 | 0 | 85 | 2 | 11 | 103 | 547 | 478 | 531 | 1556 | 2 | 132 | 80 | 1632 | 636 | 1902 | 5222 |
| പാറക്വാറി പ്രവർത്തനങ്ങൾ | ഏപ്രിൽ | 0 | 2 | 1 | 0 | 0 | 3 | 19 | 76 | 27 | 122 | 0 | 0 | 0 | 0 | 42 | 56 | 178 |
| | മേയ് | 2 | 0 | 22 | 0 | 0 | 24 | 63 | 148 | 76 | 287 | 0 | 0 | 4 | 53 | 76 | 36 | 376 |
| | ജൂൺ | 0 | 0 | 7 | 0 | 0 | 7 | 25 | 37 | 19 | 81 | 0 | 0 | 0 | 0 | 33 | 41 | 122 |
| | ആകെ | 2 | 2 | 30 | 0 | 0 | 34 | 107 | 261 | 122 | 490 | 0 | 0 | 4 | 53 | 151 | 133 | 676 |
| നെറ്റ് സീറോ കാർബൺ | ഏപ്രിൽ | 1 | 0 | 22 | 3 | 15 | 41 | 68 | 165 | 311 | 544 | 0 | 0 | 0 | 0 | 172 | 92 | 636 |
| | മേയ് | 1 | 3 | 28 | 4 | 22 | 58 | 151 | 178 | 180 | 509 | 1 | 30 | 1 | 31 | 169 | 368 | 938 |
| | ജൂൺ | 0 | 1 | 78 | 3 | 4 | 86 | 433 | 571 | 1202 | 2206 | 25 | 1523 | 2 | 114 | 522 | 1068 | 4911 |
| | ആകെ | 2 | 4 | 128 | 10 | 41 | 185 | 652 | 914 | 1693 | 3259 | 26 | 1553 | 3 | 145 | 863 | 1528 | 6485 |
| നെറ്റ് സീറോ കാർബൺ - പഞ്ചായത്ത് തല കോർഗ്രൂപ് യോഗം | ഏപ്രിൽ | 0 | 0 | 8 | 1 | 0 | 9 | 8 | 16 | 27 | 51 | 8 | 250 | 0 | 0 | 26 | 0 | 301 |
| | മേയ് | 7 | 17 | 157 | 35 | 146 | 362 | 620 | 930 | 543 | 2093 | 36 | 1301 | 0 | 0 | 1332 | 1462 | 4856 |
| | ജൂൺ | 0 | 0 | 44 | 0 | 0 | 44 | 291 | 385 | 224 | 900 | 11 | 323 | 0 | 0 | 346 | 176 | 1399 |
| | ആകെ | 7 | 17 | 209 | 36 | 146 | 415 | 919 | 1331 | 794 | 3044 | 55 | 1874 | 0 | 0 | 1704 | 1638 | 6556 |
| ഹരിത സമൃദ്ധി വാർഡ് / തരിശു രഹിത ഗ്രാമം | ഏപ്രിൽ | 0 | 0 | 35 | 0 | 2 | 37 | 112 | 170 | 106 | 388 | 0 | 0 | 1 | 11 | 259 | 301 | 700 |
| | മേയ് | 0 | 1 | 2 | 9 | 23 | 35 | 84 | 179 | 287 | 550 | 1 | 107 | 1 | 20 | 72 | 713 | 1390 |
| | ജൂൺ | 1 | 2 | 59 | 4 | 13 | 79 | 407 | 238 | 506 | 1151 | 0 | 0 | 0 | 0 | 293 | 2937 | 4088 |
| | ആകെ | 1 | 3 | 96 | 13 | 38 | 151 | 603 | 587 | 899 | 2089 | 1 | 107 | 2 | 31 | 624 | 3951 | 6178 |
| പച്ചത്തുരുത്ത് | ഏപ്രിൽ | 0 | 0 | 59 | 8 | 16 | 83 | 225 | 452 | 220 | 897 | 1 | 33 | 0 | 0 | 1439 | 617 | 1547 |
| | മേയ് | 3 | 5 | 24 | 0 | 10 | 42 | 236 | 310 | 354 | 900 | 1 | 35 | 5 | 108 | 214 | 900 | 1943 |
| | ജൂൺ | 12 | 27 | 282 | 40 | 155 | 516 | 2256 | 2519 | 6328 | 11103 | 0 | 0 | 2 | 143 | 2017 | 11307 | 22553 |
| | ആകെ | 15 | 32 | 365 | 48 | 181 | 641 | 2717 | 3281 | 6902 | 12900 | 2 | 68 | 7 | 251 | 3670 | 12824 | 26043 |
| ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനങ്ങൾ | ഏപ്രിൽ | 8 | 4 | 48 | 14 | 17 | 91 | 176 | 626 | 833 | 1635 | 0 | 0 | 8 | 4034 | 400 | 2905 | 8574 |
| | മേയ് | 0 | 0 | 23 | 0 | 0 | 23 | 121 | 115 | 33 | 269 | 0 | 0 | 0 | 0 | 50 | 71 | 340 |
| | ജൂൺ | 0 | 1 | 26 | 7 | 17 | 51 | 96 | 113 | 229 | 438 | 2 | 185 | 0 | 0 | 113 | 733 | 1356 |
| | ആകെ | 8 | 5 | 97 | 21 | 34 | 165 | 393 | 854 | 1095 | 2342 | 2 | 185 | 8 | 4034 | 563 | 3709 | 10270 |
| തനതു പ്രവർത്തനം | ഏപ്രിൽ | 8 | 2 | 34 | 20 | 0 | 63 | 160 | 616 | 447 | 1223 | 0 | 0 | 5 | 115 | 178 | 67 | 1405 |
| | മേയ് | 0 | 0 | 1 | 1 | 0 | 2 | 10 | 6 | 5 | 21 | 0 | 0 | 1 | 6 | 41 | 55 | 82 |
| | ജൂൺ | 5 | 17 | 41 | 4 | 54 | 121 | 377 | 529 | 748 | 1654 | 2 | 335 | 0 | 0 | 851 | 1235 | 3224 |
| | ആകെ | 13 | 19 | 76 | 25 | 54 | 186 | 547 | 1151 | 1200 | 2898 | 2 | 335 | 6 | 121 | 1070 | 1357 | 4711 |
| നീലക്കുറിഞ്ഞി | മേയ് | 9 | 36 | 0 | 1 | 0 | 46 | 19 | 286 | 1648 | 1953 | 0 | 0 | 0 | 0 | 756 | 6647 | 8600 |
| | ജൂൺ | 1 | 4 | 3 | 0 | 31 | 39 | 171 | 1032 | 5791 | 6948 | 0 | 0 | 0 | 0 | 99 | 1668 | 8616 |
| | ആകെ | 10 | 40 | 3 | 1 | 31 | 85 | 190 | 1318 | 7439 | 8901 | 0 | 0 | 0 | 0 | 855 | 8315 | 17216 |
| ആകെ | ഏപ്രിൽ | 33 | 56 | 695 | 105 | 234 | 1122 | 2635 | 7322 | 5634 | 15591 | 14 | 1134 | 25 | 4570 | 7092 | 13811 | 35106 |
| | മേയ് | 56 | 163 | 912 | 143 | 552 | 1826 | 6219 | 10456 | 8944 | 25619 | 70 | 3169 | 105 | 2461 | 9380 | 93087 | 124336 |
| | ജൂൺ | 183 | 417 | 2846 | 464 | 1460 | 5367 | 17642 | 31990 | 49542 | 99082 | 98 | 5693 | 175 | 15894 | 29777 | 166909 | 287578 |
| | ആകെ | 272 | 636 | 4453 | 712 | 2246 | 8315 | 26496 | 49768 | 64120 | 140292 | 182 | 9996 | 305 | 22925 | 46249 | 273807 | 447020 |